# ബഥേൽ പത്രിക

ഏപ്രിൽ 2013

വാല്യം – 26 ലക്കം – 04

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം





ജന്മദിന പഞ്ചസപ്തതി ഉദ്ഘാടനം



പുണ്യശ്ലോകനായ
പുത്തൻകാവിൽ കൊച്ചുതിരുമേനിക്ക്
ബഹുമാന നാമപ്രഖ്യാപനം



അഭി. ഗീവർഗീസ് മാർ ഇവാനിയോസ്
തിരുമനസ്സിന് മാതൃ ഭദ്രാസനത്തിന്റെ
യാത്രാമൊഴി



# കർമ്മപഥങ്ങളിൽ പ്രൗഢ തേജസ്സായി

കർമ്മപഥങ്ങളിൽ പ്രൗഢമായ ജീവിതം കാഴ്ചവച്ച് പഞ്ചസപ്തതിയുടെ നിറവിൽ ആയിരിക്കുന്ന അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് ആയുരാരോഗ്യസൗഖ്യം നേരുന്നു. സഭാ ശുശ്രൂഷയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം പ്രവർത്തിച്ച എല്ലാ സഭാ സരണികളിലും ഒരു "അത്താനാസിയോസ് ടച്ച്" നിലനിർത്തുവാനും തുടരുവാനും സാധിക്കുന്നുണ്ട്. സഭയിൽ നൂതന ആശയങ്ങൾ ആവിഷ്ക്കരിക്കുന്നതിനും കർമ്മപഥത്തിൽ കൊണ്ടുവരുന്നതിനും അഭിവന്ദ്യ തിരുമേനിക്കുള്ള അനിതര സാധാരണമായ കഴിവ് ആരെയും ആകർഷിക്കുന്നതാണ്.

സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ ബന്ധുബലം പ്രതിസന്ധി ഘട്ടങ്ങളിൽ സഭയെ കരുത്തോടെ നയിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. സഭയെ പൊതുവായി കാണുവാനും സഭയുടെ പൊതുനന്മ മാത്രം ലക്ഷ്യം വച്ച് പ്രവർത്തിക്കുവാനും അഭിവന്ദ്യ തിരുമേനിയുടെ പ്രവർത്തനങ്ങൾ അടുത്തറിയുമ്പോൾ മനസ്സിലാകും. ഭരണരംഗത്തും വിദ്യാഭ്യാസ രംഗത്തും ആത്മീയരംഗത്തും വ്യത്യസ്തമായ ദർശനത്തിന്റെയും അടുക്കും ചിട്ടയുമുള്ള പ്രവർത്തനശൈലിയുടെയും ഒരു നൈതീകഭാവം എന്നും കാഴ്ചവയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

ചെങ്ങന്നൂർ ഭദ്രാസനത്തിൽ അദ്ദേഹം നടപ്പാക്കിയിട്ടുള്ള പല നൂതന സംരംഭങ്ങളും ആശയങ്ങളും പിന്നീട് സഭ മുഴുവനായും വ്യാപിച്ചു എന്നത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ പ്രതിഫലനമാണ്. ജീവിതത്തിന്റെ യൗവ്വനകാലത്ത് ഫാ. കെ. റ്റി. തോമസ് എന്ന പേരിൽ വൈദികനായിരിക്കുമ്പോൾ അദ്ദേഹം വടക്കേ ഇന്ത്യയിൽ പ്രത്യേകിച്ച് ഗുജറാത്ത്, മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ യാത്ര ചെയ്ത് അവിടെയുള്ള വിശ്വാസികളെ സംഘടിപ്പിച്ച് നിരവധി ദേവാലയങ്ങൾ തന്റെ പരിശ്രമം വഴിയായി രൂപീകരിക്കുകയുണ്ടായി. അവിടെ കടന്നു ചെല്ലുമ്പോൾ ആ ദേശത്തിനും സഭാമക്കൾക്കുമുള്ള ആദരവും സ്നേഹവും കണ്ടറിയേണ്ട ഒരു അനുഭവമാണ്. വിദ്യാവെളിച്ചം പകരുവാനായി അദ്ദേഹം സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആ പ്രദേശങ്ങളിൽ മുൻനിരയിൽ പ്രവർത്തിച്ചു വരുന്നു. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഇന്ന് അഹമ്മദാബാദ് ആസ്ഥാനമായി ഒരു ഭദ്രാസനം രൂപീകരിക്കുവാൻ സാധിച്ചതിൽ അത്താനാസിയോസ് തിരുമേനിക്കുള്ള പങ്ക് ചെറുതല്ല.

പ്രകൃതിയോടും കൃഷിയോടുമുള്ള അദ്ദേഹത്തിന്റെ താൽപ്പര്യം താൻ എവിടെയായിരുന്നാലും ഒരു പച്ചപ്പ് നിറഞ്ഞ സമർദ്ധിയായും നിലനിർത്താൻ സാധിച്ചിട്ടുണ്ട്. വിളവെടുപ്പ് പങ്കുവയ്ക്കലിന്റെ ഒരാഘോഷമാക്കുവാനും അദ്ദേഹം മറക്കാറില്ല.
തന്റെ ജീവിതം സഭയ്ക്കും സമൂഹത്തിനും പ്രയോജനമുള്ളതായിത്തീരണമെന്ന് ആഗ്രഹിക്കുന്ന അദ്ദേഹത്തിന് ദൈവം കൂടുതൽ നന്മകളും അനുഗ്രഹങ്ങളും നൽകട്ടെയെന്ന് ആശംസിക്കുന്നു

**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

വാല്യം – 26 ലക്കം – 4

1987-2013

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

ഏപ്രിൽ 2013



BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org


| വരിസംഖ്യ | |
|---|---|
| 1 വർഷം | ₹ 100 |
| 2 വർഷം | ₹ 200 |
| 5 വർഷം | ₹ 450 |
| 15 വർഷം | ₹ 1500 |
| **പരസ്യനിരക്കുകൾ** | |
| Cover Back Multy | ₹ 5000 |
| Front Inner B/W | ₹ 3000 |
| Back Inner B/W | ₹ 2500 |
| Favours Received | ₹ 500 |
| Matrimonial | ₹ 500 |

## താളുകളിൽ....


**5** ഇടയപത്രിക
**കർത്തൃസേവയിൽ 75 വർഷം**
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

**7** **ചലനാത്മകത അഭിലഷിക്കുന്ന കർമ്മനിരതൻ**
ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ

**9** **നാൾവഴികളിലൂടെ**
ഫാ. തോമസ് അമയിൽ

**11** അനുസ്മരണം
**താപസനായി ഹൃദയശുദ്ധിയോടെ...**

**13** ആരാധനാ വിജ്ഞാനീയം
**ഉണർവ്വുള്ള ആചാര്യത്വം**
ഫാ. സഖറിയ പനയ്ക്കാമറ്റം

**15** വചനപരിച്ഛേദം
**ജൂബിലി–വിമോചനത്തിന്റെ ആഘോഷം**
ഫാ. പി.വി. ജോൺ

**18** **ദിശാബോധം നഷ്ടപ്പെട്ട സമൂഹത്തിന്റെ രോദനം**
ഫാ. ഡോ. തോംസൺ റോബി

**20** **മൾട്ടി മീഡിയയ്ക്ക് സ്കോപ്പ് ?**
സുനിൽ ഡി. കുരുവിള

**21** **പകലോമറ്റത്ത് തമ്പ്രാക്കൾ**
ഡോ. എം കുര്യൻ തോമസ്

**25** ഏവൻഗേല്യോന്യധ്യാനം
**മെൽതോ**
ഫാ. ബിജു റ്റി. മാത്യു

**ബാലപത്രിക** 29
**സണ്ടേസ്കൂൾ വാർത്തകൾ** 30
**ഭദ്രാസന വാർത്തകൾ** 32
**യുവവേദി** 32



**പത്രാധിപസമിതി**

**മാനേജിംഗ് എഡിറ്റർ & പബ്ലിഷർ**
അഭിവന്ദ്യ തോമസ് മാർ
അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 – 2453310, 2451331
E-mail: marathanasios@gmail.com

**ചീഫ് എഡിറ്റർ**
റവ. ഫാദർ ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 – 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാദർ വൈ. തോമസ്
ഫോൺ: 0479 – 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസ്സോസിയേറ്റ് എഡിറ്റർ**
റവ. ഫാദർ സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 – 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാദർ തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479 – 2457586, 9447776146

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479 – 2311692, 9446697328
E-mail: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാദർ തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി

ഇടയപത്രിക

# കർത്തൃസേവയിൽ 75 വർഷം

**അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി പഞ്ചസപ്തതി ആഘോഷവേളയിൽ നടത്തിയ മറുപടി പ്രസംഗം**

സർവ്വശക്തന്റെ കരങ്ങളിൽ ചാഞ്ഞിരുന്ന് അവിടുത്തെ ഭുജബലത്തിന്റെ വീര്യത്താൽ 75 വർഷക്കാലം പിന്നിടുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുകയും, മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ വിളിയും നിയോഗവും തിരിച്ചറിഞ്ഞ് പരിശുദ്ധ സഭയെ മണവാട്ടിയായി സ്വീകരിച്ച് ആത്മീയപ്രയാണം തുടരുമ്പോൾ എന്റെ കാതുകളിൽ അപ്പോസ്തോലനായ പൗലോസ് കൊലോസ്യർക്ക് എഴുതിയ ലേഖനം ഒന്നാം അദ്ധ്യായം 25-ാം വാക്യമാണ് മുഴങ്ങി നിൽക്കുന്നത്. "നിങ്ങൾക്കു വേണ്ടി ദൈവം എനിക്ക് നൽകിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചനഘോഷണം നിവർത്തിക്കേണ്ടതിനു ഞാൻ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു". പരിശുദ്ധ സഭയുടെ മേൽപ്പട്ട ഗണത്തിൽ ബലഹീനനായ എന്നെ ദൈവം വിളിച്ച് വേർതിരിച്ച് അഭിഷേകം ചെയ്ത് ഏൽപ്പിച്ച നിയോഗങ്ങൾ ഏറ്റവും കൃത്യതയോടെ അലസത ലേശം തീണ്ടാതെ നിർവ്വഹിക്കണം എന്ന് ചിന്താഭാരം ഈ 75-ാം വയസ്സിലും എന്റെ മനസ്സിനെ ചടുലവും സദാകർമ്മനിരതനുമാക്കി മാറ്റുന്നു. കാതോലിക്കേറ്റിന്റെ കാവൽഭടൻ പുത്തൻകാവിൽ കൊച്ചുതിരുമേനി അടക്കം നിരവധി പിതാക്കന്മാരെ സംഭാവന നൽകിയ വടക്കേതലയ്ക്കൽ മഹാകുടുംബത്തിൽ നിന്ന് ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് മാത്യൂസ് പ്രഥമന്റെ കാകദൃഷ്ടികൾ എന്നെ കണ്ടുപിടിച്ച് പരിശുദ്ധ സഭയ്ക്ക് സമർപ്പിക്കുമ്പോൾ പൂർവ്വികരുടെ ശോഭ നഷ്ടപ്പെടാതെ കാലത്തിനനുസരിച്ച് സഭയെ നയിക്കുവാൻ കഴിയണമെ എന്ന പ്രാർത്ഥന മാത്രമേ അന്നും ഇന്നും ബലഹീനനായ എന്നിൽ കുടികൊള്ളുന്നുള്ളൂ.

60-ാം ജന്മദിനം ഉൾപ്പെടെ എന്റെ ജന്മദിനങ്ങൾ ആഘോഷങ്ങൾ ഇല്ലാതെയാണ് കടന്നുപോയത്. എന്റെ ഇടവക പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ച് അവസാനിപ്പിക്കുകയാണ് എന്റെ പതിവ്. എന്നാൽ എന്റെ സപ്തതി ആഘോഷവും, പഞ്ചസപ്തതി ആഘോഷവും ചെങ്ങന്നൂർ ഭദ്രാസനത്തിലെ ആത്മീയ മക്കളുടെ സ്നേഹനിർഭരമായ നിർബന്ധത്തിന്റെ പ്രതിഫലനമാണ്.

മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകവും കാതോലിക്കേറ്റും എന്റെ ഹൃദയത്തുടിപ്പുകൾ ആണ്. ഭാരതമാതാവിന്റെ തനത് സംസ്ക്കാരത്തെ ആവോളം ആവാഹിക്കുവാൻ കഴിഞ്ഞ ഒരു സഭയുടെ അംഗവും ഇടയനും ആകുന്നു എന്നതാണ് എന്റെ എക്കാലത്തെയും വലിയ അഭിമാനം. വിശ്വാസം നമുക്ക് നൽകുന്നത് വർത്തമാന കാലത്തിന്റെ പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിന് കരുത്ത് പകരുന്ന അമൃതസ്വപ്നങ്ങളും കാലത്തിന് മുമ്പേ സഞ്ചരിക്കുന്ന ഉൾക്കാഴ്ചകളുമാണ്. മഹാകവി കുമാരനാശാന്റെ കവിത ഓർമ്മിപ്പിക്കുന്നത് ഈ മഹത് സത്യമാണ്.

**"വിശ്വാസമല്ലോ വിളക്ക് മനുഷ്യനു**
**വിശ്വാസം ജീവസർവ്വസ്വമല്ലോ**
**ഒക്കെയും പോമങ്ങു പോയാൽ കെടുമാരും**
**ചുക്കാൻ പോയുള്ളോരു കപ്പൽ പോലെ"**

സെറാമ്പൂർ സർവ്വകലാശാലയിൽ വേദശാസ്ത്രപഠനം നടത്തുന്നതിന് ചെന്നപ്പോഴും ദൈവത്തിന്റെ കരുതൽ ഞാൻ അനുഭവിച്ചറിഞ്ഞിരുന്നു. പരിശുദ്ധ സഭയുടെ വിശ്വാസ പാരമ്പര്യങ്ങളെ പങ്കുവച്ച് തന്നെ വലിയ ഗുരു വന്ദ്യ വി. സി. സാമുവേൽ അച്ചന്റെയും, പരിശുദ്ധ സഭയുടെ മിഷൻ സ്വപ്നങ്ങളുടെ പ്രോദ്ഘാടകൻ എം. വി. ജോർജ്ജ് അച്ചന്റെയും (പുണ്യശ്ലോകനായ ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി), ക്രൈസ്തവ ഇടയശുശ്രൂഷയ്ക്ക് പകരം വയ്ക്കാൻ ഇല്ലാത്ത മാതൃകയായി മാറിയ കെ. കെ. മാത്യൂസ് അച്ചന്റെയും (പുണ്യശ്ലോകനായ മാത്യൂസ് മാർ ബർന്നബാസ് തിരുമേനി), സാന്നിധ്യം എനിക്ക് സെറാമ്പൂരിൽ ലഭ്യമായിരുന്നു. പരിശുദ്ധ സഭയുടെ വിശ്വാസ പാരമ്പര്യങ്ങളിൽ ഉറപ്പോടും എരിവോടും മുന്നേറുവാൻ ഈ മഹത് വ്യക്തിത്വങ്ങളെ ദൈവം എനിക്കായി സെറാമ്പൂരിൽ എത്തിച്ചു തന്നതാണ് എന്നു ഞാൻ വിശ്വസിക്കുന്നു. വിശ്വാസ ദർശനങ്ങളിലും ആരാധനാ നിഷ്ഠകളിലും ഒരു കലർപ്പുമില്ലാതെ കൊണ്ടുനടക്കാൻ ഞാൻ ശ്രമിക്കുന്നതും അതിനുവേണ്ടി മറ്റുള്ളവർക്ക് കാർക്കശ്യമെന്ന് തോന്നുന്ന നിലപാടുകൾ സ്വീകരിക്കുന്നതും ഈ കാര്യത്തിനുള്ള അലസത മരണതുല്യമാണ് എന്ന് ഞാൻ വിശ്വസിക്കുന്നത് കൊണ്ടാണ്.

ഒരു വിദ്യാർത്ഥിയായി ബറോഡയിൽ എത്തിയപ്പോഴും ദൈവം എന്ന വേർതിരിച്ച് മുൻകൂട്ടി ചിലത് കണക്ക് കൂട്ടിയിരുന്നു. പരിശുദ്ധ സഭയുടെ ഉത്തരേന്ത്യൻ ദൗത്യത്തിനായി ജീവിതം സമർപ്പിച്ച പുണ്യ ശ്ലോകനായ സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ പാതകളെ പിൻതുടർന്ന് ഇന്ത്യയുടെ വടക്ക് പടിഞ്ഞാറൻ മേഖലയിൽ 14 ബാഹ്യകേരള ഇടവകകൾക്ക് രൂപം കൊടുക്കുവാൻ ദൈവം എന്നെ എടുത്തുപയോഗിച്ചു. ഗുജറാത്തിലുള്ള വിദ്യാഭ്യാസ പ്രവർത്തനം മൂലം രാഷ്ട്രപിതാവിന്റെ ജന്മഭൂമിയിൽ നാനാമതസ്ഥരായ ആളുകളുടെ ആദരവുകൾ ഏറ്റുവാങ്ങുവാൻ ഇടയായത് പരിശുദ്ധ സഭയ്ക്കുള്ള അംഗീകാരമായിട്ടാണ് ഞാൻ വിലയിരുത്തുന്നത്. ഏത് പ്രവർത്തനങ്ങളെപ്പറ്റി

ആലോചിക്കുമ്പോഴും ഇതുകൊണ്ട് എന്റെ സഭയുടെ യശ്ശസ്സും കൊമ്പും ഉയരുമോ എന്നു മാത്രമാണ് എന്റെ ചിന്ത. ഞാൻ ആയിരിക്കുന്നത് പരിശുദ്ധ സഭ മൂലമാണ്. എനിക്കുള്ളതെല്ലാം പരിശുദ്ധസഭ യുടേതുമാണ്.

രജതജൂബിലിയും കഴിഞ്ഞ് പ്രയാണം ചെയ്യുന്ന ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി നിയോഗിതനായതും ആകസ്മികത മൂലമല്ല അതിനു പിന്നിലും സർവ്വശക്തന്റെ പദ്ധതികൾ ഉണ്ടായിരുന്നു. തിരിഞ്ഞു നോക്കുമ്പോൾ സംതൃപ്തി മാത്രമാണ് മനസ്സിലുള്ളത്. സമർപ്പിതരും ഊർജ്ജസ്വലരുമായ വൈദീകരും, വിളിച്ചാൽ വിളിപ്പുറത്ത് ഓടിയെത്തുന്ന ആത്മീയ മക്കളും ദൈവം എനിക്ക് കനിഞ്ഞ് നൽകിയ വരദാനങ്ങളാണ്. പരിശുദ്ധ സഭയ്ക്ക് അഭിമാനമായി ഈ ഭദ്രാസനത്തെ വളർത്തിയെടുക്കുവാൻ പ്രയത്നിച്ച ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞുപോയവരുമായ എല്ലാവരെയും ഇത്തരുണത്തിൽ പ്രാർത്ഥനാപൂർവ്വം ഓർക്കുന്നു. വാത്സല്യമുള്ള മക്കളെ നിങ്ങളാണ് എന്റെ വാർദ്ധക്യത്തിന്റെ കിരീടവും ആവേശവും. ദൈവം അനുവദിക്കുന്ന ശിഷ്ടകാലം പ്രവർത്തനനിരതനായി നിന്ന് അവസാന ശ്വാസം വരെ പരിശുദ്ധ സഭയ്ക്ക് വേണ്ടി പ്രവർത്തിക്കണം എന്നാണ് എന്റെ ആഗ്രഹം. പരിശുദ്ധ സഭ ഏൽപ്പിച്ചിട്ടുള്ള എല്ലാ ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുവാൻ ഒരിക്കൽ പോലും ഞാൻ ആരുടെയും മുഖം നോക്കിയിട്ടില്ല. പൂർവ്വീകരുടെയും പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ ശരണം പ്രാപിച്ച് ഇടം വലം നോക്കാതെ മുന്നോട്ട് സഞ്ചരിക്കുവാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. അവിടെ ആർക്കെങ്കിലും അതൃപ്തി ഉണ്ടാവുമോ എന്നത് എന്റെ ആശങ്കയല്ല. മറിച്ച് പരിശുദ്ധ സഭ എന്നെ ഏൽപ്പിക്കുന്ന ഉത്തവരാദിത്തങ്ങൾ കൃത്യതയോടെ പൂർത്തീകരിക്കുവാനുള്ള വ്യഗ്രതകൾ ആണ് എന്നെ നയിച്ചത്.

മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി എനിക്ക് സമകാലികനാണ്. ഒരുമിച്ച് മേൽപ്പട്ട ശുശ്രൂഷയ്ക്ക് കടന്നുവന്നവരാണ് ഞങ്ങൾ. പരിശുദ്ധ പിതാവിന്റെ കരങ്ങൾക്ക് ശക്തി പകർന്ന് കാതോലിക്കാ സിംഹാസനത്തോടുള്ള ഭക്തിയും കൂറും പ്രാണവായു പോലെ അവസാന ശ്വാസത്തിലും തുടിച്ചുനിൽക്കണമെന്നാണ് എന്റെ ആഗ്രഹം.

പരിശുദ്ധനായ പരുമല തിരുമേനി എന്റെ ജീവിതത്തിലെ ഉയർച്ച താഴ്ചകളിലെ സ്വാന്തന സാമീപ്യമാണ്. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി, പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ, പരിശുദ്ധ ഔഗേൻ ബാവാ, പുത്തൻകാവിൽ കൊച്ചുതിരുമേനി, മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി, ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി എന്നീ പിതാക്കന്മാർ എന്റെ ആത്മീയ ഹീറോകളാണ്. ആരാധനാപാരമ്പര്യങ്ങളെ ഹൃദയസ്പർശിയായി കൈമാറിയ എന്റെ ഗുരുനാഥൻ യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെയും, മാരേട്ട് തോമസ് റമ്പാച്ചന്റെയും ഓർമ്മകൾക്ക് മുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു. എന്റെ ആത്മീയ വളർച്ചയ്ക്ക് കരുത്തും പ്രോത്സാഹനവും നൽകിയ കിഴക്കേത്തലയ്ക്കൽ തോമ്മാ കത്തനാർ, എന്റെ വല്യമ്മച്ചി, എന്റെ മാതാപിതാക്കൾ എന്നിവരുടെ സജീവ ഓർമ്മകൾക്ക് മുമ്പിൽ പ്രാർത്ഥനാപൂർവ്വം ശിരസ്സുനമിക്കുന്നു. പഞ്ചസപ്തതി ആഘോഷങ്ങൾ മികവുറ്റതാക്കാൻ അക്ഷീണം യത്നിച്ച ഭദ്രാസന സെക്രട്ടറി, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, എന്റെ പ്രിയ വൈദികർ, ആത്മീയ സംഘടനാ പ്രവർത്തകർ, വിശ്വാസികൾ എന്നിവരെ നാം നന്ദിയോടെ സ്മരിക്കുന്നു.

സപ്തതി ആഘോഷവേളയിൽ പ്രഖ്യാപിച്ച വിദ്യാഭ്യാസം ലോൺസ്ക്കോളർഷിപ്പ് പദ്ധതിയിലൂടെ 44 വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസത്തിന് ഇതിനോടകം സഹായിക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്. പഞ്ചസപ്തതി ആഘോഷ വേളയിൽ ദൈവകൃപയിൽ ശരണപ്പെട്ട് വൃദ്ധജനങ്ങളുടെ പുനരധിവാസത്തിനു വേണ്ടി **"സ്നേഹഭവൻ"** കൊഴുവല്ലൂരിൽ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന വിവരവും സന്തോഷപൂർവ്വം നിങ്ങളെ അറിയിക്കുന്നു.

നിയോഗം താൽക്കാലികവും ഉപരിപ്ലവുമല്ല മറിച്ച് അത് ലോകാവസാനം വരെ തുടരേണ്ട ഒന്നാണ് എന്നാണ് എന്റെ വിശ്വാസം. വാർദ്ധക്യത്തിലും ദൈവം നൽകിയ നിയോഗങ്ങളെ ഊർജ്ജസ്വലതയോടെ ഏറ്റുവാങ്ങിയ കാലേബിനേപ്പോലെ പരിശുദ്ധ സഭ ഏൽപ്പിക്കുന്ന എല്ലാ ഉത്തരവാദിത്തങ്ങളും നിറപടിയായി പൂർത്തീകരിക്കുവാനുള്ള ശക്തിയും കൃപയും ആരോഗ്യവും എനിക്ക് ലഭിക്കുവാൻ സദാ എനിക്ക് വേണ്ടി നിങ്ങളേവരും പ്രാർത്ഥിക്കണമെ. നിങ്ങളുടെ പ്രാർത്ഥന എന്റെ ശക്തിയും കോട്ടയുമാണ്. ദൈവത്തിന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരും എന്ന ദൈവവചനത്തെ ഞാൻ മുറുകെ പിടിക്കുന്നു. ദൈവം പരിശുദ്ധ സഭയെയും നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

പൊതുസമ്മേളനത്തിൽ പങ്കെടുത്ത് എന്നെ അനുഗ്രഹിച്ച പരിശുദ്ധ ബാവാ തിരുമേനിയോടും, മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്തായോടും, ബഹു.മന്ത്രിമാരോടും, എന്റെ സഹോദര പിതാക്കന്മാരോടും, ബഹു. വൈദീകരോടും, കന്യാസ്ത്രീകളോടും, വിശ്വാസികളോടും, ഗുജറാത്തിലുള്ള എന്റെ സ്കൂളുകളെ പ്രതിനിധീകരിച്ച് ഇവിടെ വന്നവരോടും, നാനാജാതി മതസ്ഥരായ ഏവരോടും എനിക്കുള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തുന്നു.

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

# ചലനാത്മകത അഭിലഷിക്കുന്ന കർമ്മനിരതൻ

**ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കും ഇതര ക്രൈസ്തവ സഭകൾക്കും മാതൃകാതിലകമായി തീർന്നിരിക്കുന്ന ചെങ്ങന്നൂർ ഭദ്രാസനം 1985 മാർച്ച് മാസം 10-ാം തീയതി നിലവിൽ വന്നുവെങ്കിലും 1985 ജൂലൈ 31 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണമായിരുന്നു. 1985 ആഗസ്റ്റ് 1-ാം തീയതി തോമസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പാ മെത്രാസന ചുമതല ഏറ്റെടുത്തു. പുത്തൻകാവ് സ്വദേശിയായ തിരുമേനി, സ്വന്തം ഭദ്രാസനത്തിൽ സേവനം നടത്തുന്നതിന് ആഗ്രഹിച്ചില്ലായിരുന്നുവെങ്കിലും സഭയുടെ തീരുമാനം ശിരസ്സാ വഹിക്കുകയാണുണ്ടായത്. മെത്രാസന ചുമതല ഏറ്റെടുത്തു കഴിഞ്ഞപ്പോൾ നിർമ്മാണ പ്രവർത്തനത്തെക്കാൾ ആത്മീയാഭിവൃദ്ധിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി പ്രവർത്തനം ആരംഭിച്ചു. മെത്രാപ്പോലീത്താ എന്നു പറയുന്ന വ്യക്തി ഒരു ''ഓവർസീർ'' ആണെന്നും അതിനാൽ അഡ്മിനിസ്ട്രേഷൻ ഭംഗിയായി നടത്തിക്കൊണ്ടുപോകണമെന്നുള്ള അതിയായ ആഗ്രഹവും തിരുമേനിക്കുണ്ടായിരുന്നു.

ക്രമീകൃതമായ ആ സുവിശേഷസംഘം സജ്ജമാക്കുന്നതിനുവേണ്ടി, ഏകദേശം 75 പേരടങ്ങുന്ന ആദ്യത്തെ ഒരു ബാച്ചിന് 6 മാസത്തെ പരിശീലനം നൽകി, സുവിശേഷ വേലയ്ക്കായി ഒരുക്കുകയും ഈ സുവിശേഷകരെയും വിവിധ ആത്മീയ സംഘടനകളുടെ ഭാരവാഹികളെയും ഉൾക്കൊള്ളിച്ച് ആഭ്യന്തര സുവിശേഷസംഘം രൂപീകരിക്കുകയും ചെയ്തു. 28 വർഷം പിന്നിടുമ്പോൾ ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിപുലമായ രീതിയിൽ വളർന്നുവെന്നത് നിസ്സംശയം പറയാം. എല്ലാ മാസവും നാലാം ശനിയാഴ്ച ഭദ്രാസനത്തിലെ ഏതെങ്കിലും ഒരു പള്ളിയിൽ വച്ചുള്ള ധ്യാനയോഗം, രണ്ടു മാസത്തിലൊരിക്കൽ പ്രവർത്തകർക്കായുള്ള നേതൃത്വ പരിശീലന ക്ലാസ്സുകൾ, മാസം തോറും ഏതെങ്കിലും സൗകര്യപ്രദമായ ദിവസം ഭദ്രാസനത്തിലെ ഏതെങ്കിലും ഒരു പള്ളിയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് പ്രാർത്ഥന നടത്തുക എന്നിവ ആദ്യകാലങ്ങളിലുണ്ടായിരുന്നു.

നേതൃത്വ നിരയിലേക്കു കടന്നു വരുന്ന വൈദികർ വിവിധ പ്രവർത്തനമേഖലകളിൽ അനുഭവജ്ഞാനികൾ ആയിരിക്കണമെന്ന് ആഗ്രഹമുള്ള തിരുമേനി, സംഗീതം, ജേർണലിസം, ഹോസ്പിറ്റൽ മിനിസ്ട്രി തുടങ്ങിയ മേഖലകളിലേക്ക് വൈദികരെ അയച്ച് പരിശീലിപ്പിക്കുന്നതിൽ ഉത്സുകനാണ്. അഡ്മിനിസ്ട്രേറ്റീവ് രംഗം ഭംഗിയായി കൈകാര്യം ചെയ്യുന്നതിനു വൈദികർക്കുവേണ്ടി



ഒരു ഹ്രസ്വകാല മാനേജ്മെന്റ് കോഴ്സും ആദ്യകാലത്ത് നടത്തുകയുണ്ടായി. എന്നാൽ പിന്നീട് അങ്ങനെയുള്ള ക്ലാസ് നടന്നിട്ടില്ല. നടന്നു കാണണമെന്ന് ആഗ്രഹിക്കുന്നു. ഇടവകയിലെ ആത്മീയ പ്രവർത്തനങ്ങൾ ഭംഗിയായി ക്രമീകരിച്ച് നടത്തുന്നതിലേക്കായി "ഇടവക കൗൺസിൽ"എന്ന ഒരു പ്രത്യേക വിഭാഗം തന്നെ രൂപീകരിച്ച് മെത്രാസന ഇടവകകളിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തം ഇടവകയിലെ ആത്മീയ പ്രവർത്തനങ്ങളിൽ പ്രവർത്തിച്ചു വരുന്നവരെ ഇടവക വികാരിയുടെ ശുപാർശ കത്തുമായി വരുന്നവരെയായിരുന്നു ആദ്യകാലങ്ങൾ ഭദ്രാസന ആഭ്യന്തര സുവിശേഷ സംഘങ്ങളിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, ഇന്ന് ആ രീതിക്ക് വ്യതിയാനം സംഭവിക്കുകയും,

സ്ഥാന മോഹികൾക്കുള്ള ഒരു ചവിട്ടുപടിയായി മാറിപ്പോയ ഒരു അവസ്ഥ സംജാതമായോ എന്ന് സംശയിക്കുന്നു. മലങ്കര ഓർത്തഡോക്സ് സഭയിൽ ഇന്ന് ഏർപ്പെടുത്തുന്ന പല നൂതനപദ്ധതികളുടെയും മൂശ ചെങ്ങന്നൂർ ഭദ്രാസനം ആണെങ്കിലും സഭ ഒന്നാണെന്നുള്ള വിശാല ചിന്താഗതിക്ക് ഒട്ടും മങ്ങലേൽക്കരുതെന്നും തിരുമേനിമാരും സഭാസ്ഥാപനങ്ങളും അനുബന്ധമായ എല്ലാം കാതോലിക്കേറ്റിനും മാത്രമായിരിക്കണമെന്നുള്ള ചിന്താഗതിയാണ് തിരുമേനിക്കുള്ളത്.

മെത്രാപ്പോലീത്താ സ്ഥാനത്തേക്കു തെരഞ്ഞെടുക്കുന്ന വ്യക്തികൾ സഭയുടേതായ ചില നിയമങ്ങൾക്കും വ്യത്യസ്ഥതകൾക്കും വിധേയമായിരിക്കണമെന്നും, സഭയുടെ ഉന്നത സമിതികളിലേക്ക് സ്ത്രീകളുടെ പ്രാതിനിധ്യം ആലോചിച്ച് ചെയ്യേണ്ടതാണെന്നും തിരുമേനി വിശ്വസിക്കുന്നു. എല്ലാ സഭകൾക്കും അവയുടേതായ മഹിമയുണ്ട്. ലോകത്തിലെ മതങ്ങൾക്കെല്ലാം അവയുടേതായ വൈവിധ്യമുണ്ടുതാനും. എങ്കിലും ക്രിസ്തുമതത്തിന്റെ അനന്യമായ തനിമ നിലനിർത്തുന്നത് ഓർത്തഡോക്സ് സുറിയാനി സഭയാണെന്ന് തിരുമേനി തറപ്പിച്ചു പറയുന്നു. അതേസമയം നാനാ ജാതി മതസ്ഥരുടെ വൈവിദ്ധ്യം മനസ്സിലാക്കുവാനും അവരെ സ്നേഹിക്കുവാനും മാർക്സിസം ഉൾപ്പെടെയുള്ള പ്രത്യയശാസ്ത്രങ്ങളോടു സഹിഷ്ണുത പുലർത്തുവാനും തിരുമേനിക്കു കഴിയുന്നു. എങ്കിലും ഇന്നു കാണുന്ന സഭകളുടെ എക്യുമെനിക്കൽ രീതിയിൽ തിരുമേനി തൃപ്തനല്ല. സ്വന്തം സഭയോടു വിശ്വസ്തത പുലർത്തുകയും മറ്റു സഭകളെ ബഹുമാനിക്കുകയും ചെയ്യുന്ന രീതി എക്യുമെനിക്കൽ ചിന്താഗതിക്ക് ആക്കം കൂട്ടും. ചെങ്ങന്നൂർ യൂണിയൻ ക്രിസ്തുമസ് ആഘോഷം മേൽപ്പറഞ്ഞ രീതിയിൽ അഭിവന്ദ്യ തിരുമേനി വിഭാവനം ചെയ്ത് നടത്തിവന്നതായിരുന്നു. സത്യസന്ധരായ നേതാക്കന്മാർ ഉള്ള ഏതു രാഷ്ട്രീയ പാർട്ടിയോടും തനിക്ക് ബഹുമാനമുണ്ട്. ഭരണകർത്താക്കളിൽ നിന്നും ജനത്തെ ഉദ്ധരിക്കുന്ന സംശുദ്ധമായ പ്രവർത്തനം പ്രതീക്ഷിക്കുന്ന തിരുമേനി, സഭയിലെ എല്ലാ പ്രശ്നങ്ങളും അവസാനിപ്പിച്ച് ഏകവിശ്വാസത്തിൽ സ്ഥായിപൂണ്ട് ദൈവസ്നേഹത്തിൽ പ്രവർത്തിക്കുന്ന ഒരു നല്ല നാളയെ സ്വപ്നം കാണുന്നു.

1960 – 63 കാലയളവിൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ പഠിച്ചാണ് തിരുമേനി ബി.ഡി. കരസ്ഥമാക്കിയത് അക്കാലയളവിൽ റവ. ഡോ. വി. സി. ശമുവേലിന്റെ പ്രത്യേകമേൽനോട്ടം ഉണ്ടായിരുന്നു. 42–ാം തലമുറയിലെ വൈദികനും കുടുംബത്തിലെ 5–ാമത്തെ മെത്രാപ്പോലീത്തായുമായ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിക്ക് 75–ാം ജന്മദിനം ആഘോഷിക്കുന്ന ഈ വേളയിൽ ആയിരം പൂർണ്ണചന്ദ്രന്മാരെ കാണുവാനുള്ള സൗഭാഗ്യത്തിനായി ആയുരാരോഗ്യങ്ങൾ നേർന്നുകൊണ്ട് പ്രാർത്ഥനാപൂർണ്ണമായ ജന്മദിനാശംസകൾ ഭക്തിപൂർവ്വം സമർപ്പിക്കുന്നു.

## ഭദ്രാസന പാരീഷ് മിഷൻ– 2013

ചെങ്ങന്നൂർ ഭദ്രാസന വൈദീക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സെമിനാരി പാരീഷ് മിഷൻ ഏപ്രിൽ 24 മുതൽ 28 വരെ കുടശ്ശനാട് സെ. സ്റ്റീഫൻസ് കത്തീഡ്രലിൽ നടക്കും. യുവജന വിദ്യാർത്ഥിസംഗമം, വനിതാസംഗമം, ഭവനസന്ദർശനം, ശുശ്രൂഷ സംഗമം, കുടുംബസംഗമം, യോഗപരിശീലനം, സുവിശേഷപ്രസംഗം തുടങ്ങിയവ നടക്കും. സെമിനാരി അദ്ധ്യാപകരായ ഫാ. സജി അമയിൽ, ഫാ. നൈനാൻ കെ. ജോർജ്ജ് എന്നിവരുടെ നേതൃത്വത്തിലാണ് പാരീഷ് മിഷൻ സംഘടിക്കുന്നത്. റവ. ജാൾസൺ പി. ജോർജ്ജ്, റവ. ഡീക്കൻ കോശി പി. ജോഷ്വാ, റവ. ഡീക്കൻ ജെസൻ വി. ജോർജ്, ഡീക്കൻ വർഗീസ്, എം. ഐസക്ക്, ഡീക്കൻ. ഗ്രീഗോറി ദാനിയേൽ തുടങ്ങിയവർ വിവിധ പരിപാടികൾക്ക് നേതൃത്വം നല്കും. 28ന് വി. കുർബ്ബാനയോടുകൂടി സമാപിക്കും.

## THE ANGEL WITH ANGEL NUMBER!




With a life's spark,
When bloomed from the dark,
Into the bliss of your sacrificial light,
Caught my feet, in your sight.

With foresightedness and watchfulness on the side,
You lashed the classical creatives,
Your wit, the Chengannur Diocese, you preside,
The Athanatos of Thy natives!

By, appraising all the yesterdays,
And affording all the coming days ,
While standing on the angel number seventy five,
You too celebrate The Faithful Abraham's years of seventy five.

Conquering a life changing cause in phrase,
Residing in the Bethel Church of Love and Praise,
Is the Malankara Sabhas living visionary
Our H.G.Thomas Mar Athanasios, dignitary

**Chinnu Merin Mathew** (G/d. T.M. Varghese)

അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

# നാൾവഴികളിലൂടെ...

ഫാ. തോമസ് വർഗീസ് അമയിൽ

**ജനനം**

നിരവധി മെത്രാപ്പോലീത്താന്മാർക്കും വൈദികർക്കും ജന്മം നൽകിയ പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ കുടുംബത്തിൽ ശ്രീ. കെ. റ്റി. തോമസിന്റെയും, ഏലിയാമ്മ തോമസിന്റെയും സീമന്തപുത്രനായി 1938 ഏപ്രിൽ 3-ാം തീയതി ഭൂജാതനായി.

**ബാല്യം**

മലങ്കര സഭയുടെ ഗാനകോകിലം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെയും, കിഴക്കേത്തലയ്ക്കൽ തോമ്മാ കത്തനാരുടെയും ആത്മീയ ശിക്ഷണത്തിൽ സ്ഫുടം ചെയ്ത ആത്മീയ അടിത്തറ...

**വിദ്യാഭ്യാസം**

പുത്തൻകാവ് ഗവ. എൽ. പി.സ്ക്കൂൾ, ആലപ്പുഴ ലിയോ തേർട്ടീൻത് സ്കൂൾ, പുത്തൻകാവ് യു. പി. സ്കൂൾ, പുത്തൻകാവ് മെട്രോപ്പോലീത്തൻ സ്കൂൾ, കോട്ടയം എം. റ്റി. സെമിനാരി എന്നിവിടങ്ങളിൽ നിർവ്വഹിച്ചു.

**ഉപരിപഠനം**

ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ നിന്ന് ഫിസ്ക്സ് ഐശ്ചരിക വിഷയമായി ബി. എസ്. സി. ബിരുദം, ചങ്ങനാശ്ശേരി എൻ. എസ്. എസ്. കോളേജിൽ നിന്ന് ബി. എഡ്. ബിരുദം, ബറോഡ എം. എസ്. യൂണിവേഴ്സിറ്റിയിൽ നിന്ന് യു. ജി. സി. സ്കോളർഷിപ്പോടുകൂടി എം. എഡ്. ബിരുദം, സെറാമ്പൂർ സർവ്വകലാശാലയിൽ നിന്ന് ബി. ഡി. ബിരുദം എന്നിവ കരസ്ഥമാക്കി.

**വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**



ഗുജറാത്തിലെ ബറോഡ ആസ്ഥാനമായുള്ള The Trust of The Society of the St. Basil ന്റെ സ്ഥാപകൻ, സെന്റ് പോൾസ് സ്കൂൾ അങ്കലേശ്വർ, സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ബറോഡ, സെന്റ് പോൾസ് ഗുജറാത്തി മീഡിയം സ്കൂൾ ബറോഡ, ഗുജറാത്ത് റിഫൈനറി ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ബറോഡ, ഫിലോക്സ് പബ്ലിക് സ്ക്കൂൾ ആനന്ദ്, എം. ജി. എ. സ്കൂൾ ഹലോൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കേരളത്തിൽ അടൂർ കേന്ദ്രമായ തപോവൻ പബ്ലിക്ക് സ്കൂളിന്റെയും പ്രോദ്ഘാടകൻ

**ഉത്തരേന്ത്യൻ മിഷൻ സംഭാവന**

അന്ധേരി, ബാദ്ര, ഉദയ്പൂർ, വാപി, വൽഷാദ്, സൂററ്റ്, ബറൂച്ച്, ആനന്ദ്, ഭാവ്നഗർ, മേസാന, രാജ്കോട്ട്, പോർബന്തർ, വെരാബൽ തുടങ്ങിയ 14 ഉത്തരേന്ത്യൻ ഇടവകകളുടെ പ്രാരംഭ ശിൽപ്പി.

**പൗരോഹിത്യത്തിന്റെ പടവുകളിൽ**

**ശെമ്മാശ്ശൻ** – 1970 മെയ് 7-ാം തീയതി പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമേനി ദേവലോകം അരമനയിൽ വച്ച് ശെമ്മാശ്ശപദവിയിലേക്കുയർത്തി

**പൂർണ്ണ ശെമ്മാശ്ശൻ** – 1970 മെയ് 22-ാം തീയതി അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി, പത്തനംതിട്ട ബേസിൽ ദയറായിൽ വച്ച് പൂർണ്ണശെമ്മാശ്ശ പദവിയിലേക്കുയർത്തി.

**കശ്ശീശ്ശാ** – 1970 മെയ് 26-ാം തീയതി അഭിവന്ദ്യ ദാനിയേൽ മാർ പീലക്സിനോസ് തിരുമേനി പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് കശ്ശീശ്ശാ സ്ഥാനത്തേക്ക് ഉയർത്തി.

**റമ്പാൻ** – 1983 മെയ് 14-ാം തീയതി അന്നത്തെ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി പരുമല സെമിനാരിയിൽ വച്ച് റമ്പാൻ സ്ഥാനം നൽകി.

**മെത്രാപ്പോലീത്താ** – 1985 മെയ് 15-ാം തീയതി പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി പുതിയകാവ് സെന്റ്

മേരീസ് കത്തീഡ്രലിൽ വച്ച് തോമസ് മാർ അത്താനാസിയോസ് എന്ന അഭിനാമത്തിൽ മെത്രാപ്പോലീത്തായായി വാഴിച്ചു.

**സുന്തോണീസോ** – 1985 ആഗസ്റ്റ് 25–ാം തീയതി പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി ചെങ്ങന്നൂരിന്റെ പ്രഥമ ഇടയനായി തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ നിയമിച്ചു.

**സഭാ ശുശ്രൂഷയിൽ**

എം. ഒ. സി. എഡ്യുക്കേഷൻ സോഷ്യൽ & സർവ്വീസ് സൊസൈറ്റി പ്രസിഡന്റ്, ഫിനാൻസ് കമ്മറ്റി പ്രസിഡന്റ്, കോപ്പറേറ്റ് മാനേജർ, അക്കൗണ്ട്സ് കമ്മിറ്റി പ്രസിഡന്റ്, പ. സുന്നഹദോസ് സെക്രട്ടറി, അഖില മലങ്കര ഗായകസംഘം പ്രസിഡന്റ്, അഖില മലങ്കര ബാലസമാജം പ്രസിഡന്റ്, അഖില മലങ്കര പ്രാർത്ഥനാ യോഗം പ്രസിഡന്റ്, മെത്രാപ്പോലീത്തൻ സ്ക്രീനിംഗ് കമ്മറ്റി ചെയർമാൻ എന്ന നിലകളിൽ സ്തുത്യർഹമായി പ്രവർത്തിച്ചു.

**സഭാ ശുശ്രൂഷയിൽ ഇപ്പോൾ**

മലങ്കര സഭയുടെ സീനിയർ മെത്രാപ്പോലീത്താ, സഭാ വർക്കിംഗ് കമ്മറ്റി അംഗം, എം. ഒ. സി. പ്രസിഡന്റ്, ദിവ്യസന്ദേശം പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

**നൂതന കർമ്മ പദ്ധതികൾ**

ദശാംശ പദ്ധതി, ശിലോഹാം മിനിസ്ട്രി, വിദ്യാജ്യോതി, പീലക്സിനോസ് റിസർച്ച് സെന്റർ, സ്കൂൾ–കോളേജ് വിദ്യാർത്ഥികൾക്കായി ധാർമ്മിക ബോധന ക്ലാസ്സുകൾ, വ്യക്തിബന്ധങ്ങളുടെ അനുരഞ്ജനത്തിനായി മീഡിയേഷൻ വിഭാഗം തുടങ്ങി നിരവധി നൂതന കർമ്മപദ്ധതികളുടെ ശിൽപ്പി.

**മാർ അത്താനാസിയോസ് ഒറ്റ നോട്ടത്തിൽ**

നിശ്ചയ ദാർഢ്യത്തിന്റെ ആൾരൂപമായ ആത്മീയാചാര്യൻ.... ദർശനങ്ങളുടെ പൂക്കാലം വിരിയിച്ച മലങ്കരയുടെ ആത്മീയ പിതാവ്.... ആത്മബോധനത്തിന്റെ സഹയാത്രികൻ.... വിദ്യാധനം സർവ്വധനാൽ പ്രധാനമെന്നുള്ള ആർഷഭാരത ചിന്തയുടെ പ്രവാചകനും പ്രചാരകനും.... അറിവിന്റെ ചക്രവാളത്തിലേക്ക് തന്റെ അനന്തര തലമുറ വളരുമ്പോൾ മാത്രമേ കാലത്തിനൊത്ത് സഭയ്ക്ക് മുന്നേറുവാൻ കഴിയൂ എന്ന് ഉറക്കെ പ്രഖ്യാപിച്ച മഹിതാചാര്യൻ.... തെറ്റുകൾ തെറ്റാണെന്ന് വിളിച്ച് പറയുവാനും, നടക്കാത്ത കാര്യങ്ങൾ നടക്കില്ലെന്ന് മുഖം നോക്കാതെ പറയുവാനും ധൈര്യം കാണിച്ച മലങ്കരയുടെ കരുത്തുറ്റ മേൽപ്പട്ടക്കാരൻ.... സ്തുതി പാടകന്മാരുടെ സ്തുതി വചനങ്ങളെ പടിപ്പുറത്താക്കിയ കർമ്മയോഗി.... പ്രവത്തിയിലും ആരാധനയിലും വാക്കിലും നിറഞ്ഞുതുളുമ്പുന്ന പൗരുഷം.... സഭയുടെ ബാഹ്യകേരള വളർച്ചയ്ക്ക് നിർണ്ണായക സംഭാവന നൽകിയ ആത്മീയ സഞ്ചാരി.... മലങ്കര സഭയെപ്പറ്റി ഒരായിരം സ്വപ്നങ്ങൾ മനസ്സിൽ സൂക്ഷിക്കുന്ന ഉത്തമസഭാ സ്നേഹി....

## മാർ പീലക്സിനോസ് തിരുമനസ്സിലെ ചരമ വിലാപം *(വഞ്ചിപ്പാട്ടു രീതി)*

രചയിതാവ്:- **പി.എസ്. പീലിപ്പോസ്** പനയ്ക്കാമറ്റം, നിരണം

തുമ്പമൺ ഭദ്രാസനത്തിൽ കാൽശതാബ്ദം വാണരുളി-
തുമ്പമേശാതിടവക ഭരിച്ച താതൻ
പുണ്യവാൻ, മാർ പീലക്സിനോസ് വയ്യ വയ്യേ! പറഞ്ഞീടാൻ
കണ്ണുനീരൊഴുക്കയല്ലാതെന്തു ചെയ്യേണ്ടൂ!
നമ്മെവിട്ടു മരണമാം മണിത്തേരിലേറിയേറി-
ഷ്ടിന്മയന്റെ പുരിയിലേക്കുയർന്നുപോയി!
ഇടവക്കാഥയായ്, സുറിയാനിസഭ തന്റെ-
ഈടെഴുന്ന ഭാഗ്യദീപം പൊലിഞ്ഞുപോയി!
കേരളീയ ക്രൈസ്തവർതൻ യശഃസ്തംഭം തകർന്നുപോയ്!
നരർക്കൊരു സൂരിവര്യൻ നഷ്ടമായ്പ്പോയി.
പുത്തൻകാവിൽ സുകൃതകൂമ്പയ്യോവാടിക്കരിഞ്ഞുപോയ്!
മൃത്യുവാകും പാവകന്റെ കൊടുംജ്വാലയിൽ!
സത്തുക്കൾക്കൊരുറ്റമിത്രം നഷ്ടമായി വൈദീകർക്കൊ-
രുത്തമമാതൃക കഷ്ടം! മാഞ്ഞുനിത്യമായ്.
സഭാസമുദ്രസാഗരത്തിൻ ധർമ്മഭടൻ പട്ടുപോയി!
സൽഗുണങ്ങൾക്കിരിപ്പിടം മൺമറഞ്ഞു ഹാ!
ശേഷിയും ശേമുഷിയുമിത്തരത്തിലൊത്തിണങ്ങിയ
ശിഷ്ടനായോരിടയനെക്കിട്ടുമോ മേലിൽ!
സമുദായം പ്രലപിക്കുന്നിടവക കണ്ണുനീർവാ-
ർത്താമയംപൂണ്ടവശയായ് കിടപ്പുകഷ്ടം!
വിദ്യാഭ്യാസ പുരോഗതിക്കവിശ്രമം പ്രവർത്തിച്ച
വിദ്യാഭ്യാസധുരന്ധരൻ വേർപിരിഞ്ഞുപോയ്.
ഒട്ടനേകം സ്കൂളുകൾക്ക് ജീവനാഡിയായവയ്ക്കു-
പുഷ്ടിയേകി സൽഭരണം ചെയ്തുപോന്ന ഹോ!
ഉന്നതമാം അരമനഹൈസ്കൂളിവമൂലം മാക്കാം-
കുന്നിനെ വൈകുണ്ഠമാക്കിമാറ്റിയ താതൻ,
ചെങ്ങന്നൂരിൽ ഖ്യാതിപൊറ്റൊരരമനപണിയിച്ചു
മങ്ങിടാതെ ബഥേലെന്നു സംജ്ഞയും നൽകി.
ആയിരത്തിത്തൊള്ളായിരത്തൻപത്തിഒന്നായ ആണ്ടിൽ
അയ്യോ! ഏപ്രിൽ പതിനേഴാം തീയതി നാളിൽ.
തിരുമേനിക്കുദിച്ചോരാഹൃദയസ്തംഭനം വേഗം
നൂറുനൂറുഹൃദയത്തെ സ്തബ്ധമാക്കി പോൽ.

**(1952–ൽ പുത്തൻകാവിൽ കൊച്ചു തിരുമേനിയുടെ ഒന്നാം ചരമവാർഷികത്തിൽ പ്രസിദ്ധീകരിച്ച ചരമ വിലാപ ഗ്രന്ഥത്തിലെ ആദ്യ ഗാനത്തിൽ നിന്നും)**

## അഭി. ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

# താപസനായി ഹൃദയശുദ്ധിയോടെ...

ഒരു പൂവ് വിരിയുംപോലുള്ള ജീവിതമാണ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടേത് പൂവ് വിടരുന്നത് ശരിക്കും സാധാരണ കണ്ണുകൾകൊണ്ട് കാണാനാവില്ല. എന്നാൽ അതിന്റെ പരിമളം എത്രയധികമാണ് നമ്മുടെ ഉള്ളം നിറയ്ക്കുക. ദൈവകരുണയുടെ ആ ജീവിതം നമ്മുടെ ഹൃദയങ്ങൾക്ക് സമ്മാനിക്കുക ശാന്തിയും ദൈവസ്നേഹവുമാണ്.

ഓതറ കീയത്ത് കെ.ഐ. ജോർജ്ജിന്റെയും നിരണം മാണിപ്പറമ്പിൽ അന്നമ്മയുടെയും മൂന്നാമത്തെ പുത്രനായി 1940 നവംബർ 14 ന് ഗീവർഗീസ് മാർ ഈവാനിയോസ് മധുരയിൽ ജനിച്ചു. പിതാവ് റെയിൽവേ ഉദ്യോഗസ്ഥനായിരുന്നു. നാലു വയസ്സുവരെ തമിഴ്നാട്ടിലെ മധുരയിൽ താമസിച്ചു. പിതാവിന്റെ സ്ഥലംമാറ്റത്തെ തുടർന്ന് കൊല്ലത്തെത്തി. 21 വയസ്സുവരെ കൊല്ലത്ത് വളർന്നു. മാതാപിതാക്കൾ മാർത്തോമ്മാ സഭാംഗങ്ങളായിരുന്നു. കൊല്ലത്തെ മാർത്തോമ്മാ പള്ളി വീട്ടിൽ നിന്നും വളരെ ദൂരത്തായിരുന്നതിനാൽ ചെറുപ്പത്തിൽ സമീപത്തുള്ള ഒരു സി.എസ്.ഐ. പള്ളിയിൽ വി. കുർബ്ബാനയിൽ പങ്കെടുക്കുകയും സണ്ടേസ്കൂളിൽ പഠിക്കുകയും ചെയ്തു.

മെത്രാപ്പോലീത്തായുടെ പിതാവിന്റെ സഹോദരിമാരെ ഓർത്തഡോക്സ് സഭയിലേക്കാണ് വിവാഹം കഴിപ്പിച്ച് അയച്ചിരുന്നത്. അവര് സഹോദര ഭവനത്തിൽ വരുമ്പോൾ നമസ്കാരക്രമം കൊണ്ടുവരുമായിരുന്നു. ജോർജ്ജിനെയും സഹോദരങ്ങളെയും അവർ പിടിച്ചിരുത്തി പ്രാർത്ഥിപ്പിക്കും. നിലവിളക്കിന്റെ വെളിച്ചത്തിൽ അന്ന് ചൊല്ലിയ പ്രാർത്ഥനകളാണ് ജോർജ്ജിനെ ഓർത്തഡോക്സ് സഭയിലേക്ക് പിന്നീട് ആകർഷിച്ചത്. ജോർജ്ജ് ഓർത്തഡോക്സ് സഭയുടെ പ്രാർത്ഥനകൾ എല്ലാം പഠിച്ചു. വീട്ടിലെ മേശക്കുള്ളിൽ ഓർത്തഡോക്സ് സഭയുടെ ഒരു വിശുദ്ധ കുർബ്ബാനക്രമം ഉണ്ടായിരുന്നു. ജോർജ്ജ് അത് മറിച്ചു നോക്കുമായിരുന്നു. പിതൃസഹോദരിമാരാണ് നോമ്പ് നോൽക്കുവാനും ഉപവസിക്കുവാനും പ്രേരിപ്പിച്ചതും പഠിപ്പിച്ചതും.

പ്രീഡിഗ്രിക്കു ശേഷം എഞ്ചിനീയറിംഗിന് ചേർക്കണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. പക്ഷേ, ജോർജ്ജിന് അതിൽ താല്പര്യമുണ്ടായില്ല. അതുകൊണ്ട് ഡിഗ്രിക്ക് കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളേജിൽ ചേർന്നു. ഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുടെ അരമനയിൽ താമസിച്ചിരുന്ന ചിലർ സുഹൃത്തുക്കളായി ആ സുഹൃദ്ബന്ധം മൂലം അരമന ചാപ്പലിൽ സന്ധ്യാപ്രാർത്ഥനയ്ക്ക് പോകുവാൻ തുടങ്ങി. അങ്ങനെയാണ് കൂറിലോസ് തിരുമേനിയെ പരിചയപ്പെടുന്നത്. ആ ബന്ധം ഓർത്തഡോക്സ് സഭയോട് അടുക്കുവാൻ ഇടയാക്കി. പിന്നീട് വി. കുർബ്ബാന അനുഭവിക്കുവാൻ വേണ്ടി ഓർത്തഡോക്സ് സഭാംഗമായി. അതിനുശേഷം വി. മദ്ബഹാ ശുശ്രൂഷകനും സണ്ടേസ്കൂൾ അദ്ധ്യാപകനുമായി. ബി.എസ്.സി. കഴിഞ്ഞ് എഞ്ചിനീയറിംഗിന് പോകണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം; സെമിനാരിയിൽ ചേരണമെന്ന് ജോർജ്ജും ആഗ്രഹിച്ചു.

1963 മാർച്ചിൽ മാത്യൂസ് മാർ കൂറിലോസ്



മെത്രാപ്പോലീത്താ ജോർജ്ജിന് ശെമ്മാശപട്ടം നൽകി തുടർന്ന് ലണ്ടനിലേക്ക് പോയി. ഓക്സ്ഫഡിൽ ആംഗ്ലിക്കൻ സഭയുടെ ആശ്രമമായ കൌളി ഫാദേഴ്സിൽ രണ്ടുവർഷം താമസിച്ച് സന്യാസപരിശീലനം നേടി. അതിനുശേഷം മാസ് ഫീൽഡ് കോളജിൽ നിന്നും ഹീബ്രുവിലും സുറിയാനിയിലും എം.എ. ബിരുദം നേടി. ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിൽ നിന്നും ക്രിസ്തീയ വേദശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം കരസ്ഥമാക്കി.

ഓക്സ്ഫഡിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെയുള്ള ഓർത്തഡോക്സ് വർഷിപ്പ് സെന്ററിൽ സ്ഥിരമായി സംബന്ധിച്ചിരുന്നു. അത് ബൈസൻ റയിൻ വിഭാഗത്തിന്റേതായിരുന്നു. ആരാധനയുടെ മഹത്വവും ഓർത്തഡോക്സ് വിശ്വാസത്തിന്റെ ശ്രേഷ്ഠതയും ഏറെ മനസ്സിലാക്കുവാൻ തന്മൂലം സാധിച്ചു. എട്ടുവർഷം ഡീക്കൻ ജോർജ്ജ് ഓക്സ്ഫഡിൽ ആശ്രമ അന്തേവാസിയായി കഴിഞ്ഞു. 1971-ൽ ലണ്ടനിലെത്തിയ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ക്ഷണമനുസരിച്ച് ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകനായി ഡീക്കൻ ജോർജ്ജ് തിരികെ നാട്ടിലെത്തി. 1972 ൽ പൂർണ്ണ ശെമ്മാശപട്ടവും 1973 ഡിസംബറിൽ കശ്ശീശാപട്ടവും പഴയ സെമിനാരിയിൽ വച്ച് മാത്യൂസ് മാർ കൂറിലോസ് തിരുമേനി നൽകി. ഹീബ്രു, ഗ്രീക്ക്, സുറിയാനി അദ്ധ്യാപകനായും വാർഡനായും ഏഴ് വർഷത്തോളം സെമിനാരിയിൽ സേവനമനുഷ്ഠിച്ചു.

1978 ൽ 38-ാം വയസ്സിൽ ഫാ. ജോർജ്ജ് ക്യാൻസർ രോഗബാധിതനായി. രോഗവിവരം അറിഞ്ഞതോടെ ജോർജ്ജ് അച്ചന്റെ ഹൃദയത്തിനും മനസ്സിനും ഒരു പുതിയ ഉണർവ്വ് ലഭിച്ചു. ഫാ. ജോർജ്ജിന്റെ മനസ്സിൽ പെട്ടെന്ന് ഉണ്ടായ ആശയം, രോഗത്തെ അംഗീകരിക്കുക, ദൈവത്തിന്റെ ഊഴമാണിത് എന്നതായിരുന്നു. ദൈവകരങ്ങളിലേക്ക് സമർപ്പിച്ചപ്പോൾ ലഭ്യമായത് പൂർണ്ണ ആശ്വാസമായിരുന്നു. തമിഴ്നാട്ടിൽ ബ്രഹ്മസമാജക്കാർ നടത്തുന്ന അഡയാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ചികിത്സയ്ക്കായി ഫാ. ജോർജ്ജ് അവിടെയെത്തി.

ക്യാൻസർ ചികിത്സയ്ക്കിടയിൽ അഡയാറിൽ വച്ച് ഫാ. ജോർജ്ജിന് ഒരു ദിവ്യാനുഭവം ഉണ്ടായി. തന്റെ കിടക്കയ്ക്കരുകിൽ വിശുദ്ധന്മാരുടെ സാന്നിധ്യവും ശബ്ദവും അദ്ദേഹത്തിന് അനുഭവവേദ്യമായി. ഈ ദിവ്യാനുഭവം ഫാ. ജോർജ്ജിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ശാരീരിക ക്ഷീണമുണ്ടെങ്കിലും പ്രാർത്ഥനയ്ക്കായി കൂടുതൽ സമയം അദ്ദേഹം വിനിയോഗിച്ചു. ശരീരത്തിന്റെ ക്ഷീണവും വേദനകളും ക്രമേണ ഭേദമായി. ആശുപത്രിയിലെ ദീർഘനാളത്തെ താമസവും രോഗവും ജീവിതത്തെക്കുറിച്ചുള്ള പുതിയ അർത്ഥങ്ങൾ കണ്ടെത്തുന്നതിന് സഹായിച്ചു. ആശുപത്രി വാസത്തിനിടയിൽ ചികിത്സാ ചെലവുകൾക്കായി പലരും പണം നൽകി. അതെല്ലാം നിർദ്ധനരായ രോഗികൾക്ക് നൽകി. ചികിത്സാ ചെലവ് ആശുപത്രി അധികൃതർ ഫാ. ജോർജ്ജിൽ നിന്നും വാങ്ങിയില്ല. 18 വയസ്സു മുതൽ 38 വയസ്സുവരെ കൃത്യമായി കുമ്പിട്ട് ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമാണ് രോഗസൗഖ്യമെന്ന് മെത്രാപ്പോലീത്താ വിശ്വസിക്കുന്നു.

രോഗം ഭേദമായി സെമിനാരിയിലെത്തി അദ്ധ്യാപനം തുടർന്ന ഫാ. ജോർജ്ജിനെ പ. മാത്യൂസ് പ്രഥമൻ ബാവാ 1979 മാർച്ചിൽ റമ്പാനാക്കി പരുമലയിൽ നിയോഗിച്ചു. ഏഴു വർഷം പരുമലയിൽ കഴിഞ്ഞതും എല്ലാ ദിവസവും വി. കുർബ്ബാന അണയ്ക്കുവാൻ ഇടയായതും വലിയ അനുഗ്രഹവും ഭാഗ്യവുമായി മെത്രാപ്പോലീത്താ കരുതുന്നു. വൈദികനായിരുന്നപ്പോഴും റമ്പാനായിരുന്നപ്പോഴും ഫാ. ജോർജ്ജ് ശുശ്രൂഷിച്ചത് കാരാപ്പുഴ മാർ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ചാപ്പലിലായിരുന്നു. പ. പാമ്പാടി തിരുമേനി പണിയിച്ച ഈ ചാപ്പൽ വികാരിയായി ഫാ. ജോർജ്ജ് 1973-ൽ നിയമിതനായി. ചാപ്പൽ പുതുക്കി പണിയുന്നതിനും അദ്ദേഹത്തിന്റെ ശുശ്രൂഷാകാലത്ത് ദൈവം ഇടയാക്കി.

1982 ഡിസംബർ 28 ന് ഫാ. ജോർജ്ജിനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ. മാത്യൂസ് പ്രഥമൻ ബാവായുടെ ആഗ്രഹപ്രകാരം തിരുവല്ലായിൽ ചേർന്ന മലങ്കര അസോസിയേഷൻ യോഗം തെരഞ്ഞെടുത്തു. 1985 മെയ് 15 ന് മാവേലിക്കര പുതിയകാവ് പള്ളിയിൽ വെച്ച് ഗീവർഗീസ് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. പിന്നീട് 1985 ഓഗസ്റ്റ് ഒന്നിന് കോട്ടയം ഭദ്രാസനത്തിന്റെ ഇടയനായി നിയമിക്കപ്പെട്ടു.

പാമ്പാടി തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പാമ്പാടി ദയറായിൽ ചാപ്പലും അരമനയും പണിതതുൾപ്പെടെ ഭദ്രാസനത്തിലെ ഭൂരിഭാഗം പള്ളികളും പുതുക്കിപ്പണിയുവാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞത് ദൈവികമായ യാദൃശ്ചികതയാണെന്ന് 25 വർഷത്തിലധികമായി കോട്ടയം ഭദ്രാസനത്തെ നയിക്കുന്ന മെത്രാപ്പോലീത്താ വിശ്വസിക്കുന്നു.

ഹൃദയ ശുദ്ധീകരണം, നിർലേപം എന്നീ ഗ്രന്ഥങ്ങൾ രചിച്ച മെത്രാപ്പോലീത്താ ധ്യാനഗുരു, എഴുത്തുകാരൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.




"നൈർമ്മല്യം താഴ്മ ശുചിത്വം - മികവേറിടും
പരിശീലനവും പൌരോഹിത്യത്തി - ന്നതിയോഗ്യം
ഏവം മാർ പൌലോസു ശ്ലീഹാ - ലേഖനമെഴുതി
പ്രിയരാം തീമോത്തിയോസിന്നും - തിത്തോസിന്നും
ദൈവത്തിന്നാചാര്യന്നുണർവ്വും
നടപടിയിൽ - പൂർണ്ണതയും വേണം
ഭവനം - സഭയിവ ഭരണം ചെയ്തി - ടുവാൻ - വൈഭവവും"

# ഉണർവ്വുള്ള ആചാര്യത്വം

**ഫാ. സഖറിയ പനയ്ക്കാമറ്റം**

ആചാരാനുഷ്ഠാനങ്ങളോടു ചേർന്ന് ഒരു സന്ദേശം എപ്പോഴും ഉണ്ടായിരിക്കും. ചരിയ്ക്കുക എന്ന പദം സാധാരണ മുമ്പോട്ടുള്ള പ്രയാണത്തെ സൂചിപ്പിക്കുകയാണ്. ആത്മീയ പ്രയാണത്തിന്റെ അടിസ്ഥാനമത്രെ ആചാരം. ആചാരം അനുഷ്ഠിക്കുന്നതോടൊപ്പം അതിന്റെ അർത്ഥവും ലക്ഷ്യവും അറിയിക്കുന്നത് 'ആചാര്യന്റെ' പ്രത്യേകതയാണ്. അതിനായി പ്രത്യേകം അധികാരം നൽകി പട്ടം കെട്ടപ്പെട്ടവരെയാണ് 'പട്ടക്കാരൻ' എന്ന നാമത്തിൽ അറിയപ്പെടുന്നത്. ലൗകീക കാര്യങ്ങളെക്കാൾ ഉപരി ഉത്തമ ആചാര്യന്മാർക്ക് ഉണ്ടായിരിക്കേണ്ടതായ സൽഗുണങ്ങളെ പ്രസ്തുത ആരാധനാഗാനം ഉൽഘോഷിക്കുകയാണ്. പരിശുദ്ധനായ പൗലോസ് ശ്ലീഹാ പ്രിയരായ തീമോത്തിയോസിനും, തീത്തോസിനും ലേഖനം എഴുതുമ്പോൾ ഒരു ഉത്തമ ഇടയൻ അതായത് സഭയുടെ അദ്ധ്യക്ഷന്റെ സൽഗുണങ്ങളെ പരാമർശിക്കുന്നുണ്ട് (1 തിമോത്തി. 3:1–10, തീത്തോസ് 1:6–7) "സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനായിരിക്കേണം. നല്ല ആതിഥേയനും, സൽഗുണപ്രിയനും, സമചിത്തതയുള്ളവനും, നീതിമാനും, നിർമ്മലനും, ആത്മനിയന്ത്രണമുള്ളവനും, സത്യോപദേശത്തിൽ പ്രബോധിപ്പിക്കുന്നവനും, എതിരാളികൾക്കോ ബോധം വരുത്തുവാൻ ശക്തനാകേണ്ടതിന് ഉപദേശ പ്രകാരമുള്ള വിശ്വാസവചനം മുറുകെപ്പിടിക്കുന്നവനും ആയിരിക്കേണം" എന്ന് ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നുണ്ട്.

**ദൈവത്താലുള്ള തെരഞ്ഞെടുപ്പ് വലിയ രഹസ്യം**

ശൗലിനെ സംബന്ധിച്ച് "ക്രിസ്തു സഭയെ ദ്രോഹിച്ചവൻ എന്ന് അനേകരിൽ നിന്നു ഞാൻ കേട്ടിട്ടുണ്ട് എന്ന് അനന്യാസ് സാക്ഷിക്കുമ്പോൾ" അവൻ എന്റെ നാമം സകലജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിക്കുവാൻ ഞാൻ തെരഞ്ഞടുത്തിരിക്കുന്നോരു പാത്രം ആകുന്നു" എന്നുള്ള മറുപടിയാണ് ദർശനത്തിൽ അനന്യാസം കേൾക്കുന്നത്. "ദൈവം തെരഞ്ഞെടുത്തവരെ ആര് കുറ്റം ചുമത്തും" എന്ന് റോമാ ലേഖനത്തിലും (റോമർ 8:33) പ്രതിപാദിക്കുന്നു.

അപരനെക്കുറിച്ച് വിധി എഴുതുവാൻ അവകാശം ആർക്കും നൽകപ്പെട്ടിട്ടില്ല. ജീവിതം എഴുതിത്തള്ളുവാനുള്ളതല്ല, ദൈവനിയോഗം അനുസരിച്ച് നിറവേറ്റപ്പെടുവാനുള്ളതാണ് (റോമർ 12,13). "നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നും തെരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു" (യോഹ. 15:19).

**യഥാർത്ഥ സ്നേഹിതൻ – ഹൃദയരഹസ്യങ്ങൾ പങ്കുവെയ്ക്കുന്നവൻ**

ഞാൻ നിങ്ങളെ ദാസന്മാർ എന്ന് ഇനിയും പറയുന്നില്ല. ഞാൻ എന്റെ പിതാവിൽ നിന്ന് കേട്ടതെല്ലാം നിങ്ങളോട് അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്ന് പറഞ്ഞിരിക്കുന്നു (യോഹ. 15:15). രഹസ്യാത്മകത വെളിപ്പെടുത്തിയാണ് ക്രിസ്തു-ശിഷ്യന്മാരെ സ്നേഹിതന്മാരെന്ന് വിളിക്കുന്നത്. നിഗൂഢം ആയി ഒന്നും ഇല്ലാതെ ക്രിസ്താനുകരണത്തിന്റെ അനുഭവം എങ്ങനെ ആയിരിക്കണമെന്ന് അവരുടെ കാലുകൾ കഴുകിയപ്പോഴും, അപ്പം വാഴ്ത്തി അതിന്റെ പങ്കാളികൾ ആക്കിയപ്പോഴും പ്രായോഗിക പരിശീലനം നൽകുകയായിരുന്നു.

ജീവിതം പ്രകാശപൂരിതമായിത്തീരുന്നത്, ഉള്ളത് ഉള്ളതുപോലെ പരസ്പരം അറിയുകയും പ്രവർത്തനശൈലിയായി രൂപാന്തരപ്പെടുമ്പോഴുമാണ്. ഒരു ഭദ്രദീപം കത്തിച്ച് മൂടിവെയ്ക്കുവാനുള്ളതല്ല. അതിന്റെ ചുറ്റുപാടുകളുമായി ബന്ധപ്പെട്ട് അവയെ പ്രകാശിതം ആക്കുവാനുള്ളതാണ്. ലഭ്യമായിരിക്കുന്ന സാഹചര്യങ്ങളെ മറ്റുള്ളവർക്ക് പ്രയോജനപ്രദമാക്കിത്തീർക്കുമ്പോൾ എണ്ണയിലെ എണ്ണത്തിരിപോലെ അടിസ്ഥാനങ്ങൾ അർത്ഥവത്താകുന്നു. ഹൃദയത്തിന്റെ നൈർമ്മല്യം പങ്കാളിത്തത്തിലേക്ക് നയിക്കുന്നു. പങ്കാളിത്തം വിജയപ്ര

ദമായിത്തീരുന്നത് വിശ്വസ്തതയിലേക്കാണ്. വിശ്വസ്തത എന്നത് ദിവ്യസ്നേഹത്തിന്റെ അനുഗ്രഹിക്കപ്പെട്ട ഒരു ഫലവും ആണ്.

**നന്നായി ഗൃഹഭരണം ചെയ്യുന്നതിന്റെ അടിസ്ഥാനം സ്നേഹം**

കുടുംബതലത്തിലും, വ്യവസായ തലത്തിലും പങ്കാളിത്തം (Partnership) സഹായകരമാക്കുന്നതും അർത്ഥവത്താക്കുന്നതും സ്നേഹം കൊണ്ട് നിറയുമ്പോഴാണ്. ഇടവക തലത്തിൽ ഒരു ഇടവകയുടെ പ്രവർത്തനം ധന്യമായിത്തീരുന്നത് അതിനെ നയിക്കുന്ന ഭരണകർത്താക്കൾ പരസ്പരം പൊരുത്തം ഉള്ളവരായി ഇടവകയുടെ ആത്മീയ ആരോഗ്യം സംരക്ഷിച്ച് തീരുമാനമെടുത്ത് പ്രവർത്തിക്കുമ്പോഴാണ്. "കൈകാട്ടി പറയരുതെന്ന്" രണ്ടു കൈയ്യും കാട്ടി പറയുമ്പോൾ തെറ്റുന്നത് സമനിലയിലാണ്. കാലത്തിനുള്ളിലും കാലത്തിന് അതീതവുമായ പ്രതിഭാസമാണ് ശരീരവും മനസ്സും "Body is within the time and mind is beyond the time" പരസ്പര ധാരണയും യോജിപ്പും ഒന്നുകൊണ്ട് മാത്രമെ ബന്ധങ്ങൾ സ്ഥായിയായി നിലകൊള്ളുകയുള്ളു.

രണ്ടാമത്തെ വരവുവരെ ജീവിക്കുന്നവർ

ശ്രേഷ്ഠമായ ജീവിതം നയിച്ചു കടന്നുപോയിട്ടുള്ള സഭാപിതാക്കന്മാരും നിർമ്മലതയോടെ ജീവിതം സംരക്ഷിച്ച് യാത്രചോദിച്ച് പോയവരും തിരശ്ശീലക്ക് അപ്പുറമെങ്കിലും രണ്ടാമത്തെ വരവു വരെ ഈ ലോകത്തിൽ തന്നെ ജീവിക്കുന്നവരാണ് അവരുടെ ജീവിതത്തിന്റെ മഹത്വം തൂലികയ്ക്കപ്പുറം നിൽക്കുന്നതാകയാൽ വാക്കുകളാൽ പരിമിതപ്പെടുത്തുവാൻ സാദ്ധ്യമല്ല.

കണ്ടും കേട്ടും അറിഞ്ഞിട്ടുള്ളവർ "പുത്തൻകാവിൽ കൊച്ചുതിരുമേനിയെക്കുറിച്ച്' സാക്ഷിക്കുന്നു. പകൽവെട്ടത്തെ വെല്ലുന്ന മുഖതേജസ്സ്, മാനസ്സിക വ്യഥയെ അകറ്റുന്ന സാന്നിദ്ധ്യം, ശത്രുക്കളെപ്പോലും ചിരിപ്പിക്കുന്ന നർമ്മ ഫലിതങ്ങൾ, അവസരങ്ങൾക്കനുയോജ്യമായ തേനൊലിഭാഷണം, കേൾവിക്കാരുടെ കാതുകൾക്ക് ഇമ്പം പകരും മാധുര്യമേറിയ ഗീതം, ദൈവദൂതരിലൊരാൾ പള്ളിയിൽ നിന്ന് പാടുന്ന പ്രതീകം, ശത്രുക്കൾ മുന്നിലെത്തിയാൽ മിത്രങ്ങളായി മാറുന്ന ചരിത്ര മുഹൂർത്തങ്ങൾ, അടുത്തുനില്ക്കുന്നവർക്ക് രോമാഞ്ചം ഉണ്ടാക്കുന്ന സൗമ്യപെരുമാറ്റം, യേശുവിനെ സാക്ഷിക്കുമ്പോൾ പ്രാസം ചേർന്ന നൂറു നൂറു വാക്കുകൾ നാവിലെത്തുന്ന യോഗീശ്വരൻ, ഭക്തിപ്പുഴയിൽ മുങ്ങിക്കുളിക്കുവാൻ സഹായിക്കുന്ന ധ്യാന പ്രസംഗങ്ങൾ, ജീവിതം തന്നെ സുന്ദരകാവ്യമായി രൂപപ്പെടുത്തിയ ശ്രേഷ്ഠാചാര്യൻ രണ്ടാമത്തെ വരവു വരെയും മലങ്കരസഭയുട അരുമ സന്താനങ്ങൾക്കൊപ്പം സജീവമായി നിലകൊള്ളും!

## കോട്ടയം ബാലഗ്രാമിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നു

കോട്ടയത്ത് തിരുവാതിക്കലുള്ള സെന്റ് പോൾസ് ബാലഗ്രാമിൽ എസ്.എസ്.എൽ.സി. പാസ്സായ നിർദ്ധനരും സമർത്ഥരുമായ ആൺകുട്ടികൾക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. സാമ്പത്തികഭാരം കാരണം പഠിത്തം നിർത്തേണ്ടിവരുന്ന അനേകം കുട്ടികൾ സഭയിലുണ്ട്.അങ്ങനെയുള്ളവരുടെ തുടർവിദ്യാഭ്യാസം ലക്ഷ്യംവച്ചുകൊണ്ടാണ് ബാലഗ്രാം പ്രവർത്തിക്കുന്നത്. പഠിക്കാൻ സമർത്ഥരായവരെ സഭയ്ക്കും സമൂഹത്തിനും രാഷ്ട്രത്തിനും പ്രയോജനപ്പെടുന്നവരാക്കാൻ വേണ്ടിയുള്ള പരിശീലനമാണ് ഇവിടെ നൽകുന്നത്. അപ്രകാരം നിർദ്ധനരും സമർത്ഥരുമായ ആൺകുട്ടികൾ അടുത്ത അദ്ധ്യയന വർഷം ബാലഗ്രാമിൽ ചേർന്ന് പഠിക്കുവാൻ താല്പര്യപ്പെടുന്നവർ എത്രയുംവേഗം അപേക്ഷകൾ അയച്ചുതരേണ്ടതാണ്. അപേക്ഷാ ഫാറത്തിന് റവ. ഫാ. റ്റി.ജെ. ജോഷ്വാ, മാനേജർ, സെന്റ് പോൾസ് ബാലഗ്രാം, കോട്ടയം വെസ്റ്റ് പി.ഒ, കോട്ടയം 686003 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## സമ്മർ വെക്കേഷൻ ബൈബിൾ ക്ലാസ്

മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിൽ ആണ്ടുതോറും നടത്തിവരുന്ന സമ്മർ വെക്കേഷൻ ബൈബിൾക്ലാസ് ഈ വർഷം മെയ് 6–ാം തീയതി തിങ്കളാഴ്ച വൈകിട്ട് 4.00 മണി മുതൽ 18–ാം തീയതി ശനിയാഴ്ച വരെ നടത്തപ്പെടുന്നതാണ്. എസ്.എസ്.എൽ.സി. മുതൽ മുകളിലേക്ക് വിദ്യാഭ്യാസമുള്ള ഓർത്തഡോക്സ് യുവതി–യുവാക്കൾക്ക് ഇതിൽ ചേർന്ന് പഠിക്കാവുന്നതാണ്. വി. വേദപുസ്തകം, സഭാവിശ്വാസ ആചാരങ്ങൾ, കൗൺസലിംഗ്, സഭാചരിത്രം, മിഷൻ തുടങ്ങി ആനുകാലിക വിഷയങ്ങൾ ഉൾപ്പടെ പ്രഗൽഭരായ അദ്ധ്യാപകർ ക്ലാസ്സുകൾ എടുക്കുന്നതാണ്. സഭാപിതാക്കന്മാരും ഇതിന് നേതൃത്വം നൽകുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 75 പേർക്ക് മാത്രമേ പ്രവേശനം ഉണ്ടായിരിക്കുകയുള്ളു. രജിസ്ട്രേഷൻ ഫീസ് 600 രൂപ ആയിരിക്കും. വിശദവിവരങ്ങൾക്ക് മാനേജർ, സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, മാവേലിക്കര–3 എന്ന വിലാസത്തിലോ 0479– 2302473 എന്ന നമ്പറിലോ ബന്ധപ്പെടുക.

ശേഷം 28–ാം പേജിൽ

# ജൂബിലി – വിമോചനത്തിന്റെ ആഘോഷം

ഫാ. പി.വി. ജോൺ

"അത് നിങ്ങൾക്ക് യോബേൽ സംവത്സരമായിരിക്കേണം''(ലേവ്യാ. 25:10). യഹോവയായ ദൈവം യിസ്രായേലിനു നൽകിയ ന്യായപ്രമാണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ്. ഉത്സവങ്ങളും ജൂബിലി ആഘോഷങ്ങളും അതിനെക്കുറിച്ച് ചിന്തിക്കുന്നതിന് മുൻപ് ന്യായപ്രമാണത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവ് ആവശ്യമായിരിക്കുന്നു. ന്യായപ്രമാണങ്ങൾ എന്തെല്ലാമെന്ന് പുറപ്പാട്, ലേവ്യാ, സംഖ്യാ, ആവർത്തനം എന്നീ പുസ്തകങ്ങളിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ഈ കല്പനകളും ന്യായപ്രമാണങ്ങളും നൽകിയ സന്ദർഭവും രീതിയും പുറപ്പാടു പുസ്തകം 20–ാം അദ്ധ്യായത്തിലും ആവർത്തന പുസ്തകം 5–ാമദ്ധ്യായത്തിലും രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധാപൂർവ്വം പഠിക്കുമ്പോൾ മാത്രമേ അതിന്റെ പ്രമാണികതയും ആധികാരികതയും അനുപേക്ഷണീയതയും ഗ്രഹിക്കാൻ കഴിയുകയുള്ളു. യഹോവയായ ദൈവം നേരിട്ടു നൽകിയവയാണ് അവ. ഇതിന്റെ ആധികാരികതയും മഹത്വവുമാണ് അത് വെളിവാക്കുന്നത്. ആവ. 5:22 'ഈ വചനങ്ങൾ യഹോവ പർവ്വതത്തിൽ തീ, മേഘം, അന്ധകാരം എന്നിവയുടെ നടുവിൽ നിന്ന് നിങ്ങളുടെ സർവ്വ സഭയോടും അത്യുച്ചത്തിൽ അരുളിച്ചെയ്തു." ഈ വചനങ്ങൾ എന്നു പറഞ്ഞിരിക്കുന്നത് പത്തു കല്പനകളെക്കുറിച്ചാണ്, യഹോവയുടെ തേജസ്സും മഹത്വവും കാണുകയും അവന്റെ ശബ്ദം കേൾക്കുകയും ചെയ്ത ജനം ഭയപ്പെടുന്നു. അവർ ഏക ശബ്ദത്തിൽ മോശയോടു വിളിച്ചുപറഞ്ഞു. ആവ. 5:25–27 'ഈ മഹത്തായ തീയ്ക്ക് ഞങ്ങൾ ഇരയായിതീരും; ഞങ്ങളുടെ ദൈവമായ യഹോവയുടെ ശബ്ദം ഇനിയും കേട്ടാൽ ഞങ്ങൾ മരിച്ചുപോകും. ഞങ്ങളെപ്പോലെ യാതൊരു ജഡമെങ്കിലും തീയുടെ നടുവിൽനിന്ന് സംസാരിക്കുന്ന ജീവനുള്ള ദൈവത്തിന്റെ ശബ്ദം കേട്ടിട്ട് ജീവനോടെ ഇരുന്നിട്ടുണ്ടോ? നീ അടുത്തുചെന്ന് നമ്മുടെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നത് ഒക്കെയും ഞങ്ങളോടു പറക; ഞങ്ങൾ കേട്ട് അനുസരിച്ചുകൊള്ളാം' അങ്ങനെ പത്തു കല്പനകൾ യഹോവയുടെ വായിൽ നിന്ന് നേരിട്ടു കേൾക്കുകയും, ന്യായപ്രമാണങ്ങൾ യഹോവ മോശയോട് മാത്രം അരുളിച്ചെയ്യുകയും ചെയ്തു. മോശെ അത് ജനത്തെ അറിയിച്ചു. ഈ ന്യായപ്രമാണത്തിന്റെ ആവശ്യകതയും അനുപേക്ഷണീയതയും യഹോവ തന്നെ മോശയോട് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ആവ. 5:31–33 "ഞാൻ അവർക്ക് അവകാശമായി കൊടുക്കുന്ന ദേശത്ത് അവർ അനുസരിച്ചു നടപ്പാൻ നീ അവരെ ഉപദേശിക്കേണ്ടുന്ന സകല കല്പനകളും ചട്ടങ്ങളും ഞാൻ നിന്നോട് കല്പിക്കും. ആകയാൽ നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു കല്പിച്ചതുപോലെ ചെയ്യാൻ ജാഗ്രതയോടെ ഇരിപ്പീൻ, ഇടത്തോട്ടെങ്കിലും വലത്തോട്ടെങ്കിലും മാറരുത്. നിങ്ങൾ ജീവിച്ചിരിക്കേണ്ടതിനും നിങ്ങൾക്ക് നന്നായിരിക്കേണ്ടതിനും നിങ്ങൾ കൈവശമാക്കുന്ന ദേശത്ത് ദീർഘായുസ്സോടെ ഇരിക്കേണ്ടതിനും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു കല്പിച്ചിട്ടുള്ള എല്ലാ വഴികളിലും നടന്നുകൊൾവീൻ.

പാപം ചെയ്ത് മരണത്തിലേക്കു നിപതിച്ച മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി യഹോവയായ ദൈവം തയ്യാറാക്കിയ രക്ഷാ പദ്ധതിയുടെ പൂർത്തീകരണത്തിനായി തെരഞ്ഞെടുത്ത് വേർതിരിക്കപ്പെട്ട ജനമാണ് യിസ്രായേൽ. ഈ രക്ഷാപദ്ധതിയുടെ കാര്യക്ഷമമായ പുരോഗതിക്ക് യിസ്രായേൽ ജനം ദൈവത്തെ അനുസരിക്കുന്ന കെട്ടുറപ്പുള്ള ഒരു സമൂഹമായി പരിണമിച്ചേ മതിയാകൂ. അതിനായിട്ടാണ് ഈ കല്പനകളും ചട്ടങ്ങളും വിധികളും നൽകിയിരിക്കുന്നത്. എന്നാൽ അത് സാർവ്വലൗകികവും സാർവ്വകാലികവും സാർവ്വജനീനവുമാണ് എന്നതത്രെ അതിന്റെ മഹത്വവും പ്രത്യേകതയും. സമാധാനവും സ്വസ്ഥതയും ശാന്തിയും ഐശ്വര്യവുമുള്ള ജനസമൂഹമായി മാറുവാൻ ഈ നിയമങ്ങൾ എന്നാളും അനുപേക്ഷണീയങ്ങളാണ്. പത്തു കല്പനകൾ ഈ സത്യം വെളിവാക്കുന്നു. അവ സാമൂഹ്യ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളാണ്. അതിനെ ദൈവികം, മാനുഷികം എന്നോ ആദ്ധ്യാത്മീകം ലൗകികമെന്നോ നമുക്ക് തരംതിരിക്കാം. എന്നാൽ ഈ വേർതിരിവ് പൂർണ്ണമല്ല. കാരണം അവ പരസ്പര പൂരകങ്ങളാണ്.

മറ്റൊരു വിധത്തിലും ഇതിനെ വേണമെങ്കിൽ തരം തിരിക്കാം. ചെയ്യരുത് എന്ന് പറഞ്ഞിരിക്കുന്നതും ചെയ്യണമെന്ന് ആവശ്യപ്പെടുന്നതും പത്തു കല്പനകളിൽ രണ്ടെണ്ണം മാത്രം ചെയ്യണമെന്ന് ആവശ്യപ്പെടുമ്പോൾ എട്ടെണ്ണം അരുത് എന്ന് വിലക്കുന്നവയാണ്. എൺപതു ശതമാനം വിലക്കുകളാണെന്നു സാരം. എന്തുകൊണ്ട് വിലക്കുകളുടെ എണ്ണം കൂടിയിരിക്കുന്നു. വിലക്കുകളാണല്ലോ ലംഘനത്തിന് വഴി തെളിക്കുന്നത്. അതിനാൽ വില

ക്കുകൾ കുറച്ചാൽ ലംഘനം കുറയുകയില്ലേ എന്ന സംശയം സ്വാഭാവികമാണ്. വിലക്കുകൾ മനുഷ്യന് അരോചകമാണ് എന്നതത്രെ ഈ ചിന്തകൾക്ക് പ്രേരകം. യഹോവയായ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദൻ പറുദീസയിൽ പാർപ്പിച്ചപ്പോൾ 'തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മ തിന്മക ളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം മാത്രം തിന്നരുത്' എന്ന് ഒരു വിലക്കു മാത്രമേ കല്പിച്ചി രുന്നുള്ളു. എന്നാൽ മനുഷ്യൻ സാത്താന്റെ പ്രലോ ഭനത്തിൽപ്പെട്ട് ആ ഏക കല്പന ലംഘിച്ചു. ഈ കല്പന ലംഘനം ദൈവത്തോടുള്ള അനുസരണ ക്കേടാണെങ്കിലും അതു കാലാന്തരത്തിൽ മനുഷ്യ ജീവിതത്തിന്റെ സമാധാനവും സ്വസ്ഥതയും നഷ്ട പ്പെടുത്തുന്നതായി വളർന്നു. അടുത്ത തലമുറയിൽ അസൂയയായും കോപമായും കൊലപാതകമായും വളർന്നു. നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ അനേകം വഷളത്വത്തിലേക്ക് മനുഷ്യകുലം എത്തിച്ചേർന്ന തായി ഉല്പത്തി ആറാം അദ്ധ്യായം വ്യക്തമാക്കു ന്നു. 'മനുഷ്യനിൽ ദൈവത്തിന്റെ ആത്മാവ് സദാ വാദിച്ചുകൊണ്ടിരിക്കുകയില്ലായെന്നു (ഉല്പ. 6:3) 'ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയ വിചാരങ്ങളുടെ നിരൂപണമൊ ക്കെയും എല്ലായ്പ്പോഴും ദോഷമുള്ളത്" എന്ന് യഹോവ കണ്ടു (ഉല്പ. 6:5) എന്നും നാം വായി ക്കുന്നു. രണ്ടു കാര്യങ്ങൾ ഇവിടെ സൂചിതമാകു ന്നു. ദൈവത്തിൽ നിന്ന് അകലുന്ന മനുഷ്യനിൽ ദുഷ്ടതയും വഷളത്വവും വർദ്ധിക്കും. ദുഷ്ടതയിൽ നിന്നും വഷളത്വത്തിൽ നിന്നും മാറി സമാധാന മുള്ള ഒരു ജീവിതം സ്വായത്തമാക്കാൻ നിയമങ്ങൾ അനുപേക്ഷണീയമായി ഭവിച്ചു. ഇവിടെ വിലക്കു കൾ വർദ്ധിക്കുവാൻ കാരണം സ്നേഹരാഹിത്യ മാണ്. അതുകൊണ്ടാണ് കർത്താവ് കല്പനക ളുടെ സാരാംശമായി ദൈവത്തെ സ്നേഹിക്കണ മെന്നും മനുഷ്യനെ സ്നേഹിക്കണമെന്നും പറഞ്ഞ ത്. ഇതു രണ്ടും ഒരു നാണയത്തിന്റെ രണ്ടു പുറ ങ്ങളാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 'സ്നേഹിക്കുക' എന്ന ഒറ്റ കല്പനയിൽ ഇതെല്ലാം ഉൾക്കൊള്ളും. വിലക്കുകൾ വർദ്ധിക്കുവാൻ കാരണം സ്നേഹരാഹിത്യമാണെന്നു സാരം.

ന്യായപ്രമാണങ്ങളെ ആദ്ധ്യാത്മികം, ലൗകികം എന്നിങ്ങനെ വിഭജിച്ചതിൽ ആദ്ധ്യാത്മിക കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്ന പുസ്തകമാണ് ലേവ്യപുസ്തകം. പുറപ്പാട്, സംഖ്യാ, ആവർത്തനം എന്നീ പുസ്തകങ്ങളിൽ ഇവ പരാമർശിക്കപ്പെട്ടി ട്ടുണ്ടെങ്കിലും അവ ക്രോഡീകരിച്ച് ഒറ്റ പുസ്തക മാക്കിയതാണ് ലേവ്യപുസ്തകം. അതുതന്നെ അതിന്റെ പ്രാധാന്യത്തെ വെളിവാക്കുന്നു. ദൈവ ത്തിനും മനുഷ്യനും മദ്ധ്യസ്ഥനായ പുരോഹിത നെക്കുറിച്ചും പുരോഹിതകർമ്മങ്ങളെക്കുറിച്ചുമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അതിനാൽ എബ്രായ പണ്ഡിതന്മാർ ഇതിന് 'പുരോഹിത ഗ്രന്ഥം' എന്നു പേരു നൽകിയിരിക്കുന്നു.പൗരോഹിത്യ ശുശ്രൂഷ യ്ക്കായി ലേവ്യരെ തെരഞ്ഞെടുത്തിരിക്കു ന്നതിനാൽ ആ സ്ഥാനത്തിന്റെ മഹിമയും മഹ ത്വവും വലിമയും എത്രയെന്ന് ഊഹിക്കാവുന്നതാ ണ്. അതോടൊപ്പം ആരാധന, ബലി, ശുദ്ധീകരണം, ഉത്സവം എന്നിവയെക്കുറിച്ചുള്ള നിയമങ്ങൾ എന്തെ ല്ലാമെന്നും ഇവിടെ വിവരിച്ചിരിക്കുന്നു.

യിസ്രായേൽ ജനം നിർബന്ധമായും ആച രിക്കേണ്ട ഉത്സവങ്ങളെക്കുറിച്ച് ലേവ്യാ പുസ്തകം 23 മുതൽ 26 വരെയുള്ള അദ്ധ്യായങ്ങളിൽ പ്രതി പാദിച്ചിട്ടുണ്ട്. 23-ാം അദ്ധ്യായം ആരംഭിക്കുന്നത്: 'നീ ഇസ്രായേൽ മക്കളോട് പറയേണ്ടത്; എന്റെ ഉത്സവങ്ങൾ, വിശുദ്ധ സഭായോഗം വിളിച്ചു കൂട്ടേണ്ട യഹോവയുടെ ഉത്സവങ്ങൾ .......' എന്നു പറഞ്ഞുകൊണ്ടാണ് ശബത്തു കൂടാതെ ആണ്ടു തോറും വേർതിരിക്കപ്പെട്ട വിശുദ്ധദിനങ്ങളായി ആചരിക്കേണ്ട നാലു പെരുന്നാളുകൾ ഉണ്ട്. ഏഴാം ദിവസം ശബത്തായിരിക്കണം. അതാകട്ടെ പത്തു കല്പനകളിൽ പ്രധാനപ്പെട്ടതുമാണ്. കൂടാതെ പെസഹാ പെരുന്നാൾ (ലേവ്യാ. 23:5-8) വിളവെ ടുപ്പു പെരുന്നാൾ (ലേവ്യ. 23:9-32) കൂടാരപ്പെരു ന്നാൾ (ലേവ്യ. 23:33-44) യോബേൽ സംവത്സരം (ലേവ്യാ. 25) മറ്റു വിശേഷ ദിവസങ്ങൾ പുറപ്പാട് പുസ്തകം 23:1-17 ഭാഗങ്ങളിൽ സംവത്സരത്തിൽ മൂന്നു പ്രാവശ്യം എനിക്ക് പെരുന്നാൾ ആചരിക്ക ണമെന്നു പറഞ്ഞിട്ട്; പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ, കൊയ്ത്തു പെരുന്നാൾ, കായ്കനി പെരുന്നാൾ എന്നിങ്ങനെ പെരുന്നാളുകളെക്കുറിച്ചു പറഞ്ഞിരിക്കുന്നു. പെസഹാ പെരുന്നാൾ അടിമത്വ ത്തിൽ നിന്നുള്ള വിടുതൽ അനുസ്മരിക്കുന്നു. വിള വെടുപ്പു പെരുന്നാൾ ആദ്യഫലം യഹോവയ്ക്കു നൽകുന്ന പ്രത്യേക ദിവസങ്ങളായി വേർതിരിച്ചി രിക്കുന്നു. കൂടാരപ്പെരുന്നാൾ മരുഭൂപ്രയാണത്തിന്റെ സ്മരണ പുതുക്കുന്നു.

ഈ ഉത്സവങ്ങൾക്കെല്ലാം ചില പ്രത്യേകത കൾ ഉണ്ട്. അവയെല്ലാം വിശുദ്ധ ദിവസങ്ങളായി ആചരിക്കേണ്ടുന്നവയാണ്. അതുകൊണ്ടു തന്നെയാണ് ആ ഉത്സവങ്ങളെ 'യഹോവയുടെ ഉത്സവങ്ങൾ' എന്ന പേരു നൽകിയിരിക്കുന്നത്. ആ ദിവസങ്ങളെല്ലാം ശബത്തുപോലെ യഹോവ യ്ക്കായി പ്രത്യേകം വേർതിരിക്കപ്പെട്ട ദിവസങ്ങ ളായതിനാലാണ് അവയെ വിശുദ്ധ ദിവസങ്ങൾ എന്നു വിളിക്കുന്നത്. അന്നു സാമാന്യ വേലകൾ ചെയ്യരുത്, വിശുദ്ധ സഭായോഗം വിളിച്ചു കൂട്ടേണം. വിവിധ യാഗങ്ങൾ അർപ്പിക്കേണം, നേർച്ച നൽകു കയും ആത്മതപനം ചെയ്യുകയും ചെയ്യണം. എന്നി ങ്ങനെ ഓരോ ദിവസത്തിന്റെയും പ്രത്യേകതയനു സരിച്ച് വിവിധ ആദ്ധ്യാത്മിക കർമ്മങ്ങൾ അനു ഷ്ഠിക്കേണം. മാത്രമല്ല, ഇവ ആചരിക്കേണ്ട മാസവും തീയതിയും നിശ്ചയിച്ചിരിക്കുന്നു.

മേല്പറഞ്ഞ ദിവസങ്ങളിൽ നിന്നും വ്യത്യ

സ്ഥമായ ഒരു ഉത്സവത്തെക്കുറിച്ചാണ് 25-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. അതാണ് യോബേൽ സംവത്സരം മറ്റു ഉത്സവങ്ങൾ എല്ലാം ആണ്ടുതോറും നിശ്ചയിക്കപ്പെട്ടിട്ടുള്ള ചില ദിവസങ്ങളിൽ മാത്രം ആചരിക്കേണ്ടവയാണെങ്കിൽ യോബേൽ സംവത്സരം അമ്പതാം സംവത്സരം ഒരു വർഷം നീണ്ടു നിൽക്കുന്ന ഉത്സവമാണ് ഇന്നത്തെ ഭാഷയിൽ ഇതിനെ ജൂബിലി എന്നു വിളിക്കാം. മറ്റൊരു ഉത്സവത്തിന്റെ പൂർത്തീകരണമാണ് യോബേൽ സംവത്സരം എന്നു വേണമെങ്കിൽ പറയാം. 25-ാം അദ്ധ്യായം ആദ്യഭാഗത്ത് അതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഏഴാം ദിവസം ശബത്ത് ആചരിക്കുന്നതുപോലെ ഏഴാം സംവത്സരവും ശബത്തായി ആചരിക്കണം. ആ വർഷം സ്വസ്ഥമായിരിക്കണം. കൃഷി ചെയ്യുവാൻ പാടില്ല. അങ്ങനെ ഏഴു ശബത്താണ്ടുകൾ ആചരിച്ചു കഴിഞ്ഞു വരുന്ന വർഷമാണ് യോബേൽ സംവത്സരം. അതായത് അമ്പതാം വർഷമാണ് യോബേൽ സംവത്സരമായി ആചരിക്കുന്നത്. രണ്ടുവർഷത്തെ ആഘോഷമാണ് ഇതെന്ന് പറയാം. 49-ാം വർഷവും 50-ാം വർഷവും ശബത്തായി ആചരിക്കണം. മറ്റു പെരുന്നാളുക്കളപ്പോലെ ഈ ഉത്സവ ദിവസങ്ങളും വിശുദ്ധ ദിവസങ്ങളായി വേർതിരിക്കപ്പെട്ടിരിക്കുന്നു.

യോബേൽ സംവത്സര ഉത്സവം ശബത്ത് സംവത്സരത്തിൽ നിന്നും മറ്റു പെരുന്നാളുകളിൽ നിന്നും ചില കാര്യങ്ങൾ വേറിട്ടു നിൽക്കുന്നു. അതിന്റെ ഏറ്റവും വലിയ പ്രത്യേകത അത് സ്വാതന്ത്ര്യത്തിന്റെ സംവത്സരമാണെന്നതാണ്, അത് വിമോചനത്തിന്റെ വർഷമാണ്. അത് അടിമകൾക്ക് സ്വാതന്ത്ര്യം നൽകുന്നു. കടക്കാരുടെ കടം ഇളച്ചു കൊടുക്കുന്നു. ദരിദ്രനായി തീർന്ന സഹോദരൻ വിറ്റ പൂർവ്വീകാവകാശത്തിലേക്ക് തിരിച്ചുവരുന്ന വർഷമാണ് യോബേൽ സംവത്സരം. അവകാശത്തിലേക്ക് തിരിച്ചുവരുന്ന വർഷമായതിനാൽ അത് വീണ്ടെടുപ്പിന്റെ വർഷവുമാണ്. വീണ്ടെടുപ്പു വില നൽകി സഹോദരനെ യോബേൽ സംവത്സരത്തിൽ വീണ്ടെടുക്കേണം. വീണ്ടെടുപ്പു വില നിശ്ചയിക്കേണ്ടത് എങ്ങനെയാണെന്ന് 25-ാം അദ്ധ്യായം അമ്പതു മുതലുള്ള വാക്യങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കർത്താവ് തന്റെ മനുഷ്യാവതാരത്തിലൂടെ മനുഷ്യവർഗ്ഗത്തിനു നൽകിയ വീണ്ടെടുപ്പിന്റെയും വിമോചനത്തിന്റെയും പ്രതീകമായി യോബേൽ സംവത്സരത്തെ വേദശാസ്ത്രജ്ഞന്മാർ വ്യാഖ്യാനിക്കുന്നു.

യോബേൽ സംവത്സരത്തിന്റെ മറ്റൊരു പ്രത്യേകത, കാർഷിക മേഖലയുടെ നിലനിൽപ്പിനും അഭിവൃദ്ധിക്കും ഭൂമിയുടെ സന്തുലിതാവസ്ഥയ്ക്കും ആവശ്യമായ ഒരു വലിയ നിയമമാണ് യഹോവ ഇവിടെ നൽകിയിരിക്കുന്നത്. ഏഴാം വർഷങ്ങളിലും അമ്പതാം വർഷത്തിലും കൃഷി ചെയ്യാൻ പാടില്ലായെന്നു നിഷ്കർഷിച്ചിരുന്നു. ഇടയ്ക്കിടെ നിലം തരിശ്ശിട്ടാൽ മാത്രമേ ഭൂമിയുടെ ഫലഭൂയിഷ്ടത നഷ്ടപ്പെടാതെ നിലനിൽക്കുകയുള്ളൂ എന്ന കാർഷിക തത്വം ഇവിടെ വ്യക്തമാക്കുന്നു. ഈ സത്യം അംഗീകരിക്കാതെ ഭൂമിയെ ചൂഷണം ചെയ്ത് ആദായം വർദ്ധിപ്പിക്കുവാനുള്ള മനുഷ്യന്റെ സ്വാർത്ഥ താല്പര്യങ്ങൾ, കാർഷിക മേഖല ഇന്നു നേരിടുന്ന ഒരു വലിയ പ്രതിസന്ധിയാണ്. യിസ്രായേൽ ജനം ന്യായപ്രമാണങ്ങൾക്ക് വലിയ പ്രാധാന്യം സ്വജീവിതത്തിൽ നൽകിയെങ്കിലും യോബേൽ സംവത്സരത്തെക്കുറിച്ചുള്ള നിയമങ്ങൾക്ക് അത്രയധികം പ്രാധാന്യം നൽകിയിരുന്നില്ലായെന്ന് പിൽക്കാല ചരിത്രം വ്യക്തമാക്കുന്നുണ്ട്. എബ്രായർ യോബേൽ സംവത്സരത്തെ ശ്രദ്ധിക്കാത്തതുകൊണ്ടാണ് അവരുടെ പ്രവാസകാലമായ എഴുപതു സംവത്സരം കൃഷി ചെയ്യാതെ നിലം വെറുതെ ഇടുന്നതിന് ഇടയായത് എന്നാണ് യഹൂദറബിമാരുടെ അഭിപ്രായം 2 ദിന. 36:21. ഈ സത്യം വെളിവാക്കുന്നു. പ്രവാചകന്മാരും ഭക്തന്മാരും യഹോവ തന്റെ രാജ്യം സ്ഥാപിക്കുന്ന കാലത്തേയും അതിലെ ശുഭസ്ഥിതിയെയും കുറിക്കുന്നതിനായി യോബേൽ സംവത്സരത്തെ പറഞ്ഞു വന്നു യെശ. 61. ലൂക്കോ. 4:18.19.

ആധുനിക കാലഘട്ടം ജൂബിലി ആഘോഷങ്ങളുടെ കാലമായി മാറിയിരിക്കുന്നു. പത്തു വർഷങ്ങളായി 25 വർഷ ജൂബിലി, 50 വർഷജൂബിലി, ശതാബ്ദി, തൃതീയ സുവർണ്ണജൂബിലി, ഷഷ്ഠബ്ധപൂർത്തി, സപ്തതി, നവതി, സെന്റിനറി എന്നിങ്ങനെ അവ നീണ്ടുപോകുന്നു. ഇതിനോടു ചേർന്ന ഒത്തിരി നല്ല കാര്യങ്ങൾ ചെയ്യുണമെന്നത് ശ്രദ്ധാർഹമായ ഒന്നു തന്നെയാണ്. പക്ഷെ അവയെല്ലാം പേരിനും പ്രശസ്തിക്കും വേണ്ടി മാത്രമായി പോകുന്നില്ലേ എന്നു സംശയിക്കണം. വാർത്താമാധ്യമങ്ങളിലെ കവറേജാണ് പ്രധാനം. ജൂബിലി വർഷത്തെ വിശുദ്ധദിനങ്ങളായി കാണാനോ, സ്വാതന്ത്ര്യത്തിന്റെ ദിനങ്ങളായി വേർതിരിക്കാനോ, സഹോദരങ്ങളോട് നിരപ്പാകാനുള്ള ദിനങ്ങളാക്കി മാറ്റാനോ, ആത്മതപനത്തിനുള്ള ദിനങ്ങളായി രൂപപ്പെടുത്തുവാനോ കഴിയുന്നുണ്ടോ. പൊതു സമ്മേളനം സംഘടിപ്പിച്ച് സാമൂഹിക സാംസ്ക്കാരിക സാമുദായിക രാഷ്ട്രീയ മേഖലകളിലെ പ്രമുഖരെ വിളിച്ചുവരുത്തി, അവരുടെ ഭംഗിവാക്കുകളിൽ മതിമയങ്ങി ആഹ്ലാദിക്കുവാനല്ലാതെ, സഭായോഗം കൂടുവാനും ആത്മതപനം ചെയ്യുവാനും യാഗം അർപ്പിക്കുവാനും ദൈവോചിതമായി രൂപാന്തരം പ്രാപിക്കുവാനുള്ള ദിനങ്ങളായി അതിനെ വേർതിരിക്കുവാൻ കഴിയുന്നില്ലായെന്നതല്ലേ സത്യം. യഹോവയുടെ വിശുദ്ധദിനങ്ങളായി വേർതിരിക്കുന്ന യോബേൽ സംവത്സരത്തെ കുറിച്ചുള്ള ഗൗരവമായ പഠനവും ആചരണവും ആധുനിക കാലത്ത് അനുപേക്ഷണീയമായിരിക്കുന്നു.

# ദിശാബോധം നഷ്ടപ്പെട്ട സമൂഹത്തിന്റെ രോദനം

ഫാ. ഡോ. തോംസൺ റോബി

ശിലായുഗത്തിൽ നിന്ന് മനുഷ്യൻ ആധുനീകതയിലേക്കുള്ള ചുവടുവയ്പ്പ് നൂറ്റാണ്ടുകളിലൂടെയുള്ള പരിണിതഫലമായി സംഭവിച്ചതാണ്. മൃഗങ്ങളെ വേട്ടയാടിപ്പിടിച്ച് ഭക്ഷണം മാത്രം ലക്ഷ്യം വച്ചുള്ള മനുഷ്യജീവിതത്തിൽ ഉണ്ടായ പല മാറ്റങ്ങളും കാലഗതിയിൽ പുറന്തള്ളപ്പെടുകയും പുതിയ പുതിയ ആശയങ്ങളും ചിന്താധാരകളും രൂപം കൊള്ളുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ഭക്ഷണത്തിന് മാത്രമല്ല ജീവിക്കുന്നത് മറിച്ച് അവന് സാമൂഹ്യ ചിട്ടകളും, ജീവിത വീക്ഷണങ്ങളും ഉണ്ടെന്നവർ ക്രമേണ പഠിച്ചത് ആധുനികതയുടെ വരവോടെ കൂടുതൽ ഗ്രഹിക്കുവാൻ ഇടയായി. വ്യവസായവത്ക്കരണവും, നഗരവത്ക്കരണവും, പാശ്ചാത്യ ചിന്തകളുടെ അതിപ്രസരവും അവനെ നൂതന ആശയങ്ങളുടെ ആവിഷ്കാരത്തിന് പ്രാപ്തനാക്കി. മനുഷ്യന്റെ സംഘടിത ശക്തിക്കു പലതും നേടുവാൻ കഴിഞ്ഞു എങ്കിലും അവൻ കെട്ടിപ്പെടുത്തിയ പല നല്ല മൂല്യങ്ങളും ഇന്നിന്റെ ചിന്തകളിൽ വ്യതിചലിച്ചു പോകുന്നത് വേദനയോടെ നോക്കിനിൽക്കുവാനേ അവനു കഴിയുന്നുള്ളു.

മതചിന്തകളും രാഷ്ട്രീയാവബോധവും, സാമൂഹിക സദാചാര ചിന്തകളും അവനെ സ്വതാധിഷ്ഠിതമായ ജീവിതമൂല്യങ്ങളിലേക്ക് നയിക്കുവാൻ ഇടയാക്കി എങ്കിലും മനുഷ്യനെ വേദനിപ്പിക്കുന്ന പല മൂല്യങ്ങളും ഇന്ന് നാം കണ്ടുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ഭൗതിക, ബൗദ്ധിക നിലവാരം ഉന്നതി പ്രാപിച്ചെങ്കിലും അവന് നഷ്ടമായ ചില വസ്തുതകൾ അവനെ അലട്ടുകയാണ്. കുടുംബ ബന്ധങ്ങളിലും പരസ്പരമുള്ള ആശ്രയങ്ങളിലും മനുഷ്യനും മനുഷ്യനും തമ്മിലുള്ള സ്നേഹബന്ധങ്ങളിലും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സംവേദനത്തിലും നഷ്ടമായ ഊഷ്മളത എങ്ങനെ തിരികെ നേടിയെടുക്കാം എന്ന് മനുഷ്യൻ വേദനയോടെ പുനർവിചിന്തനം ചെയ്യുവാൻ ശ്രമിക്കുകയാണ്. പഴയകാലത്ത് അവനെ നയിച്ചിരുന്ന മതാധിഷ്ഠിത ജീവിതവും സാമൂഹ്യ ബോധങ്ങൾ നൽകിയിരുന്ന സദാചാര ചിന്തകളും അവനു നഷ്ടമായിരിക്കുന്നു. മനുഷ്യന്റെ ജീവിതയാത്രയിൽ ഉണ്ടാവുന്ന വീഴ്ചകളിലും പരാജയങ്ങളിലും ദിശാബോധം നൽകി നയിച്ചിരുന്ന മതവും സംസ്കാരവും അതിന്റെ ആശയങ്ങളിൽ നിന്ന് വ്യതിചലിച്ചു എന്നത് വേദനയോടെ ഇന്നലെകളിലേക്കു നോക്കി അവൻ നെടുവീർപ്പിടുകയാണ്. "എവിടെയാണ് സാന്ത്വനത്തിന്റെ തലോടൽ" എന്നറിയുവാൻ മാനവജാതി സത്യാന്വേഷണത്തിന്റെ പാതയിലാണ്. എന്താണ് സംഭവിച്ചത്?

ആർഷഭാരത സംസ്കൃതിയിൽ മതങ്ങളുടെ സ്ഥാനം പ്രഥമമാണ്. "ഇന്ത്യ മതങ്ങളുടെ സംഗഭൂമിയാണ്" എന്ന് പറയാറുണ്ടല്ലോ! എല്ലാ മതങ്ങളും ദൈവത്തിങ്കലേക്കുള്ള വഴികളാണ്. മനുഷ്യരാശിയുടെ ജീവിത യാത്രയിൽ അവന് ചിന്താധാരകളായി ബഹിർഗമിച്ച ബുദ്ധ-ജൈന മതവും, ക്രിസ്തുമതവും, ഇസ്ലാമതവും, ഹിന്ദുമതവും അവന് വഴികാട്ടികളായിരുന്നു. മതചിന്തകൾ അവനെ മനുഷ്യനാക്കി തീർത്തു. ഒരു മതവും തീവ്രവാദത്തെയും, നശീകരണത്തെയും, യുദ്ധചിന്തകളെയും, അധാർമ്മികതയേയും പ്രോത്സാഹിപ്പിക്കുന്നില്ല. "എല്ലാവരും ഒരുപോലെ" എന്നും (എല്ലാ സൃഷ്ടിയും ഈശ്വരന്റെ മുമ്പിൽ ഒരുപോലെ) എല്ലാവരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവസാദൃശ്യത്തിലാണെന്നും മാത്രമേ മതങ്ങൾ പഠിപ്പിക്കുന്നുള്ളു. ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹ ബന്ധത്തെ മുതലെടുത്ത് മതങ്ങൾ തമ്മിൽ സ്പർദ്ദ വർദ്ധിപ്പിക്കുന്നതും, പരസ്പരം പോരടിക്കുന്നതും വേദനാജനകമാണ്. സമാധാനത്തിനും സ്നേഹത്തിനും വഴികാട്ടിയാകേണ്ട മതനേതാക്കന്മാർ തങ്ങളെ വിശ്വസിക്കുന്ന അനുയായികളെ നേരായ വഴിയിലേക്ക് നയിക്കേണ്ടതിന് പകരം തെറ്റായ വഴിയിലേക്ക് നയിക്കുമ്പോൾ ലോകത്തിന്റെ ദിശാബോധ വാഹികളായ മതചിന്തകൾ ബലഹീനമാവുകയാണ്. ഇന്ന് സംഭവിക്കുന്നത് അതാണ്. അങ്ങനെയുള്ള മത ചിന്തകൾ "മനുഷ്യനെ മയക്കുന്ന കറുപ്പാണ്" എന്ന് കാൾ മാർക്സ് പറഞ്ഞതിൽ തെറ്റുണ്ടോ? സമൂഹനന്മയിലേക്ക് മനുഷ്യനെ നയിക്കേണ്ട മതങ്ങൾ വഴിതെറ്റിയാൽ എവിടെയാണ് മനുഷ്യന് ആശ്രയിക്കുവാൻ കഴിയുക? ഇതാണ് ഇന്നിന്റെ മാറ്റത്തിൽ സംഭവിച്ചത്. ക്രിസ്തു പറഞ്ഞത് "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാർ" എന്നു വിളിക്കപ്പെടും. ഇന്ന് മതങ്ങൾ തങ്ങളുടെ ആഗ്രഹത്തിന് വേണ്ടിയും അതിന്റെ പൂർത്തീകരണത്തിനുവേണ്ടിയും ആശ്രയിക്കുന്ന ഒന്നായി മാറിയിരിക്കുന്നു.

മനുഷ്യന്റെ മതാധിഷ്ഠിത ജീവിതത്തിലു

ണ്ടായ അപചയം പോലെ തന്നെ സമൂഹിക രാഷ്ട്രീയ രംഗത്തുണ്ടായ അപചയവും എത്രയോ വേദനയുളവാക്കുന്നതാണ്. "സ്വാതന്ത്ര്യം എന്റെ ജന്മാവകാശം ആണ്" എന്ന് ഇംഗ്ലീഷ് നേതൃത്വത്തോട് സധൈര്യം പറയുകയും അത് നേടുയെടുക്കാൻ ജീവൻ പോലും നൽകാൻ തയ്യാറായ ബാലഗംഗാധര തിലകന്റെ പിൻഗാമികളായ രാഷ്ട്രീയ നേതാക്കന്മാർ തങ്ങൾക്ക് കിട്ടിയ സ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്യുന്നത് കാണുമ്പോൾ മനുഷ്യൻ വേദനപ്പെടുകയാണ്. "രാജ്യത്തെ ജനങ്ങളുടെ വേദന തങ്ങളുടെ വേദനായി കണ്ട്" മഹാത്മജിയുടെ അനുചരന്മാരിലും മറ്റും വന്നുചേർന്ന രാഷ്ട്രീയ അപചയം തെല്ലൊന്നുമല്ല മനുഷ്യനെ വേദനിപ്പിക്കുന്നത്. "സാമൂഹ്യമായ പുനർചിന്തനം" എന്ന ആശയം കാലഹരണപ്പെട്ടിരിക്കുന്നു. വർഗ്ഗീയതയുടെയും ബഹുജനപക്ഷവാദത്തിന്റെയും ഗ്രൂപ്പിസത്തിന്റെയും ചിന്തയിൽ നിന്ന് വിമുക്തമാകാത്ത രാഷ്ട്രീയ ചിന്തകർ പാവം ജനങ്ങൾക്ക് എന്തു നന്മയാണ് പകർന്നു നൽകുന്നത്? രാഷ്ട്രനന്മ ലാക്കാക്കി ജയിപ്പിച്ച് സഭകളിലേക്ക് വിടുന്ന പ്രതിനിധികൾ കീശ വീർപ്പിക്കുകയും ബാങ്ക് ബാലൻസ് കൂട്ടുകയും വൻകിട കോർപ്പറേഷനുകൾക്ക ഓശാന പാടുകയും ചെയ്യുമ്പോൾ സാധാരണ ജനങ്ങൾ ചിന്തിച്ചുപോകും – "മനുഷ്യൻ ആരിൽ ആശ്രയിക്കേണ്ടത്"?

ചരിത്ര ഏടുകളിൽ സമൂഹവും, നേതൃത്വവും തെറ്റായ ദിശയിലേക്ക് പോകുമ്പോൾ അതിന്റെ നേർവഴിയിൽ സഞ്ചരിക്കുവാൻ സഹായിച്ചിരുന്നത് ബൗദ്ധിക മേഖലയാണ്. ഫ്രാൻസിൽ സമൂഹനന്മയെ രാഷ്ട്രീയ നേതൃത്വം ജനനന്മയ്ക്കായി ഉപയോഗിക്കാതെ വന്നപ്പോൾ വോൾട്ടയർ, റൂസ്സോ പോലെയുള്ള ചിന്തകർ പ്രതികരിച്ചത് ഫ്രഞ്ചു വിപ്ലവത്തിന് വഴിയൊരുക്കി. 1917 ൽ റഷ്യൻ വിപ്ലവത്തിന് വഴിയൊരുക്കിയത് ടോൾസ്റ്റോയി ട്രോട്സ്കി തുടങ്ങിയ ചിന്തകരാണ്. അതുപോലെ ലോകത്തിൽ എല്ലാ വിപ്ലവങ്ങളുടെയും ആശയ സമരങ്ങളുടെയും മുന്നിൽ നിന്നിരുന്നത് ബൗദ്ധിക നേതൃത്വമാണ്. എന്നാൽ ഇന്ന് സമൂഹത്തിൽ ഫ്രഞ്ച് സമൂഹവും റഷ്യൻ സമൂഹവും ഗ്രഹിച്ചതുപോലെയുള്ള വിപത്തുകൾ നിലനിൽക്കുമ്പോൾ ബൗദ്ധിക മേഖലയിലെ നേതൃത്വം ഉറക്കമാണ്. 'ബുദ്ധി രാക്ഷസന്മാർ' എന്നു വിശേഷിപ്പിക്കുന്നവർപോലും മതരാഷ്ട്രീയ മേലാളന്മാരുടെ പിണിയാളുകളായി മാറിയിരിക്കുന്നത് അപചയത്തിന്റെ ലക്ഷണമാണ്. തൂലിക പടവാളാക്കുവാൻ കഴിയുന്നവരുടെ നിസംഗത സമൂഹത്തെ നിർജ്ജീവമാക്കും. ഇന്നിന്റെ പ്രതിസന്ധികളെ മറച്ചുവച്ചുകൊണ്ട് പ്രതികരണശേഷിയില്ലാത്ത സാംസ്കാരിക നായകന്മാർ "പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം" എന്ന കവി വാക്യം ഓർക്കുന്നത് നല്ലതാണ്.

ഇത്തരത്തിൽ മതവും രാഷ്ട്രീയവും സാംസ്കാരികവുമായ മേഖലകൾ പരാജയപ്പെടുമ്പോൾ ഉണ്ടാകുന്ന മൂല്യച്യുതി ഇന്ന് സമൂഹത്തെ ഗ്രസിച്ചിരിക്കുകയാണ്. സ്ത്രീ പീഡനങ്ങളും, ബലാത്സംഗവും, കൊലയും കൊള്ളിവയ്പും നിത്യ സംഭവമായി മാറുന്നത് ഈ അപചയത്തിന്റെ ബാക്കി പത്രമാണ്. പ്രായപൂർത്തിയായവരുടെ അക്രമണവാസനയും സാമൂഹ്യതിന്മകളിലുള്ള ഇടപെടലുകളും ഇതിന് ഉദാഹരണമാണ്. വിദ്യയുടെ പാഠങ്ങളിലൂടെ സമൂഹത്തെ വാർത്ത് മുന്നേറുവാൻ നിയോഗിതരായ കൗമാരക്കാർ കാട്ടുന്ന വൈകൃതങ്ങൾ നാളെയുടെ നാശത്തിന്റെ രേഖാചിത്രം നമുക്കു നൽകുന്നു. യുവതലമുറകളിലെ മൂല്യച്യുതികളും അസന്മാർഗ്ഗീക രീതികളും നമ്മുടെ സമൂഹത്തെ എവിടേക്ക് നയിക്കും എന്നത് വലിയ ചോദ്യമായി അവശേഷിക്കുന്നു. ഭാവിയെപ്പറ്റിയുള്ള സ്വപ്നങ്ങൾ തകരുകയാണ്. പാശ്ചാത്യ സംസ്ക്കാരത്തെ പുൽകി കുടുംബ ബന്ധങ്ങളും, മാതാപിതാ ബന്ധങ്ങളും, മാതാപിതാവും കുട്ടികളും തമ്മിലുള്ള ബന്ധങ്ങളും തകരുന്നു എന്നത് വേദനയോടെ നാം ഇന്ന് തിരിച്ചറിയേണ്ടതാണ്. 'അമ്മ തൊട്ടിൽ' എന്ന ആശയത്തിന് പ്രസക്തി ഏറുകയാണ്. മദ്യപാനവും, വാണിഭശാലകളും വർദ്ധിക്കുന്നു. ഇത്തരത്തിലുള്ള സാമൂഹ്യ അപചയത്തിന് സാക്ഷിയാകുന്ന സമൂഹം ഉയർത്തുന്ന ചോദ്യമാണ് 'മനുഷ്യൻ ആരിൽ ആശ്രയിക്കേണ്ടു...'!

സമൂഹത്തിന് വഴികാട്ടിയാകേണ്ടതാര്? സ്വാർത്ഥതയ്ക്കുവേണ്ടി മനുഷ്യൻ ചെയ്യുന്ന അധാർമ്മികതയുടെ ഫലം സമൂഹം മുഴുവൻ പേറുകയാണ്. വനനശീകരണം മൂലം മഴകുറയുന്നു; രാഷ്ട്രീയ ഉയർച്ചയ്ക്കു വേണ്ടി സഹോദരനെ നശിപ്പിക്കു രീതിമൂലം സമൂഹത്തിൽ ഭീതി പടർന്നുപിടിച്ചിരിക്കുന്നു. രാഷ്ട്രീയ മത സാംസ്ക്കാരിക മേഖലകളിലുള്ള അപചയം സമൂഹത്തിന്റെ വളർച്ചയെ തന്നെ തടയുന്നു. ഇങ്ങനെ എത്ര ഭയാനകമായ പ്രശ്നങ്ങളാണ് ജനങ്ങൾ അഭിമുഖീകരിക്കുന്നത്! കാടുകൾ മൊട്ടക്കുന്നുകളായി മാറുമ്പോൾ മഴയില്ല, വിളവില്ല, കുടിവെള്ളം ഇല്ല ഇങ്ങനെയുള്ള പ്രകൃതിയുടെ രോദനം കേൾക്കുമ്പോൾ നാം ചിന്തിച്ചു പോകും "നാം ആരിൽ ആശ്രയിക്കേണ്ടു" ഈ രോദനം ഇവിടുത്തെ മത രാഷ്ട്രീയ സാംസ്കാരിക മേഖലകളിലെ നേതാക്കന്മാർ കേട്ടിരുന്നെങ്കിൽ എന്ന് പ്രത്യാശിച്ചുപോകുന്നു. നല്ല നാളയെ സ്വപ്നം കാണാൻ മാത്രം വിധിക്കപ്പെട്ട പ്രിയ വോട്ടർമാരെ, വിശ്വാസികളെ, ''ആരൊക്കെ വന്നാലും കോരന് കുമ്പിളിൽ തന്നെ കഞ്ഞി" എന്നത് മറക്കണ്ട നല്ല നാളയെ സ്വപ്നം കാണാൻ മാത്രം വിധിക്കപ്പെട്ടർ ചിന്തിയ്ക്കുക "ആരിൽ ആശ്രയിക്കേണ്ടു....."




# മൾട്ടി മീഡിയയ്ക്ക് സ്കോപ്പ്?

**സുനിൽ ഡി. കുരുവിള**

ഒരു കുട്ടി എന്ത് പഠിക്കണം ആരാവണം എന്നീ കാര്യങ്ങളിൽ ഇന്നും പക്വമായി ചിന്തിക്കാൻ പ്രാപ്തമാകാത്ത ഒരു സമൂഹമാണ് മലയാളിയുടേത്. പലപ്പോഴും പണം ഉണ്ടാക്കുവാനുള്ള സാധ്യതയും പെരുമ നേടാനുള്ള ആഗ്രഹവും കരിയർ ചിന്തകളെ അമിതമായി സ്വാധീനിക്കുമ്പോൾ നഷ്ടപ്പെടുന്നത് ജീവിതം ആസ്വദിക്കുവാനും വലിയ സംഭാവകൾ സമൂഹത്തിന് നൽകാനുമുള്ള സാധ്യതകളാണ്.

സ്കോപ്പ് ഒരു രംഗത്തും സ്ഥിരമായി നിൽക്കുന്നില്ല. എന്നാൽ സ്കോപ്പുള്ളവരായി നമ്മൾ മാറിയാൽ എല്ലാ കാലവും നമ്മൾ നിലനിൽക്കും. “For the wrong man there is no job but for the right man there is no retirement.” നമ്മൾ സ്കോപ്പുള്ളവരായി മാറുന്നത് ഏതെങ്കിലും രംഗത്ത് സ്ഥിരമായ പ്രവർത്തനം കൊണ്ടും പഠനം കൊണ്ടും, വൈദഗ്ദ്ധ്യം നേടുകയും സമൂഹത്തിന് അതിലൂടെ സംഭാവനകൾ നൽകുകയും ചെയ്യുമ്പോഴാണ്. സ്കോപ്പിന്റെ പുറകെ നടന്ന് സ്കോപ്പില്ലാതാക്കുന്ന അനേകം ചെറുപ്പക്കാരെ നമ്മൾക്ക് ഇന്ന് കാണാൻ കഴിയും. ഡോക്ടറാകാൻ പഠിച്ച് രോഗിയാകുന്നവരുടെ എണ്ണംപോലും ഇന്ന് വർദ്ധിച്ചുവരുന്നു. ആയിരക്കണക്കിന് എഞ്ചിനീയർമാർ ജോലിയില്ലാതെ നിൽക്കുന്ന നാട്ടിൽ താലന്തും കഴിവുമുള്ള ഉദ്യോഗാർത്ഥികളെ കിട്ടാതെ അനേക സ്ഥാപനങ്ങൾ പ്രയാസപ്പെടുന്നു.

എന്റെ വ്യക്തിത്വത്തിനും താലന്തുകൾക്കും അഭിരുചിക്കും ചേരുന്ന രംഗം ഏതാണ് എന്ന് കണ്ടുപിടിക്കാനുള്ള അന്വേഷണമാണ് ആദ്യം വേണ്ടത്. അന്വേഷണം സത്യസന്ധവും യാതൊരു സമ്മർദ്ദനങ്ങൾക്ക് അടിപ്പെടാത്തതും ആകണം. ഏതെങ്കിലും മേഖലയോട് ആഗ്രഹം തോന്നിയാൽ ആ രംഗത്ത് വിജയിക്കാൻ വേണ്ട ഘടകങ്ങൾ എന്താണ് എന്ന് അന്വേഷിക്കുകയും അത് എന്നിൽ എത്രമാത്രം ഉണ്ട് എന്ന് പരിശോധിക്കുകയും വേണം അവനവന്റെ കുറവുകളെക്കുറിച്ചും സത്യസന്ധമായി ചിന്തിക്കുന്നത് നല്ലതായിരിക്കും. ഒരു മണ്ടനായ എഞ്ചിനീയർ ആകുന്നതിനേക്കാൾ നല്ലത് ഒരു മിടുക്കനായ തയ്യൽക്കാരനാകുന്നതാണ് എന്ന സത്യം ഓർക്കുക.

ഉദാഹരണത്തിന് മൾട്ടി മീഡിയ രംഗത്ത് ഒരു കരിയർ വേണമെന്ന് ആഗ്രഹിക്കുന്ന വ്യക്തി ആ രംഗത്ത് വേണ്ട കഴിവുകളെയും നൈപുണ്യങ്ങളെയും കുറിച്ച് പഠിക്കണം. കംപ്യൂട്ടർ ഗെയിം കളിക്കുന്നതുകൊണ്ടോ, ഫേസ് ബുക്ക് അക്കൗണ്ട് ഉള്ളത് കൊണ്ടോ ആരും മൾട്ടി മീഡിയ രംഗത്ത് വിജയിക്കണമെന്നില്ല. കംപ്യൂട്ടറിന്റെ മുൻപിൽ ധാരാളം സമയം ചെലവഴിക്കാനുള്ള കഴിവാണ് ഈ രംഗത്ത് വേണ്ട ഒരു ഗുണം. കലാപരമായും ക്രിയാത്മകമായും പ്രവർത്തിക്കുവാനുള്ള കഴിവും പുതുമ കണ്ടെത്തുവാനും, ആശയങ്ങളെ രൂപപ്പെടുത്തുവാനുമുള്ള നൈപുണ്യം വേണം. മികച്ച ജോലി ഈ രംഗത്ത് ലഭിക്കണമെങ്കിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുവാനുള്ള കഴിവും ആകർഷകമായ വ്യക്തിത്വവും അനിവാര്യമാണ്. മികച്ച കോഴ്സ് കണ്ടെത്തുകയും നിലവാരമുള്ള സ്ഥാപനങ്ങളിൽ പഠിക്കുകയും, തൊഴിൽ പരിചയ സമ്പത്ത് വർദ്ധിപ്പിക്കുകയും, ഏതെങ്കിലും ഒരു രംഗത്ത് സ്പെഷ്യലൈസ് ചെയ്യുകയും ചെയ്യുന്നവർക്ക് ഈ രംഗത്ത് വിജയിക്കുവാനുള്ള സാധ്യത കൂടുതലായിരിക്കും. ഈ രംഗത്ത് പ്രവർത്തിക്കുന്നവരുമായി പരിചയപ്പെടുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്നതും, വിജയിച്ച വ്യക്തികളുടെ മാതൃകകൾ മനസ്സിലാക്കാൻ ശ്രമിക്കുന്നതും ഏറെ ഗുണം ചെയ്യും.

ധാരാളം തട്ടിപ്പ് കോഴ്സുകളും സ്ഥാപനങ്ങളും അനുദിനം കൂടിവരുന്ന കാലത്ത് യുക്തിയോടെ തെരഞ്ഞെടുക്കുവാനും തീരുമാനങ്ങളിൽ ഉറച്ച് നിൽക്കുവാനും ഉള്ള കഴിവ് ഏറ്റവും പ്രധാനമാണ്. ആകർഷകമായ പരസ്യങ്ങളിലും ഏജന്റുമാരുടെ വാഗ്ദാനങ്ങളിലും വീണുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

അവനവൻ പഠിക്കുന്ന രംഗത്ത് ആഴത്തിൽ പഠിക്കുവാൻ ശ്രദ്ധിക്കണം. പഠിക്കുന്ന വിഷയങ്ങളിൽ ഇഷ്ടവും അഭിമാനവും കണ്ടെത്തുവാൻ ശ്രമിക്കണം. കൂടെക്കൂടെ പഠനമേഖല മാറുന്നതും ജോലി മാറുന്നതും വിപരീത ഫലങ്ങളെ സൃഷ്ടിക്കുകയുള്ളു. ലോകത്ത് വിജയിച്ച മനുഷ്യർ എല്ലാം അവരുടെ സേവനം കൊണ്ട് ലോകത്തെ അത്ഭുതപ്പെടുത്തിയവർ ആണ്.

കരിയർ കൗൺസലിംഗും ഗൈഡൻസും ഈ ദിശയിൽ കുട്ടികളെയും മാതാപിതാക്കളെയും പ്രാപ്തമാക്കുവാനും പക്വമാക്കുവാനും സഹായിക്കുന്ന പ്രവർത്തനങ്ങളാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് സമൂഹത്തിൽ മുൻഗണന കൊടുക്കേണ്ടത് സമയത്തിന്റെ അനിവാര്യതയാണ്. ❍




# പകലോമറ്റത്തു തമ്പ്രാക്കൾ

**ഡോ. എം കുര്യൻ തോമസ്**

ഇന്ത്യൻ മണ്ണിൽ പാശ്ചാത്യ ശക്തികൾക്കെതിരെ നടന്ന ആദ്യ അധിനിവേശ വിരുദ്ധ പോരാട്ടമായിരുന്നു 1653–ലെ ഐതിഹാസികമായ കൂനൻകുരിശു സത്യം. അന്നുവരെ മലങ്കര നസ്രാണികളുടെ യഥാർത്ഥ ഭരണാധികാരി *അർക്കദ്യക്കോൻ* എന്ന സ്ഥാനിയായിരുന്നു. കൂനൻകുരിശിൽ പ്രഖ്യാപിച്ച സ്വാതന്ത്ര്യം നിലനിർത്താൻ അനിവാര്യമായതിനാൽ 1653 ജൂൺ 1–നു ആലങ്ങാട്ടുവെച്ച് അന്നു ഭരിച്ചിരുന്ന തോമ്മാ അർക്കദ്യക്കോനെ മാർത്തോമ്മാ മെത്രാനായി വാഴിച്ചു. അതോടെ അർക്കദ്യക്കോൻ സ്ഥാനത്തിന്റെ അധികാരവും ഉത്തരവാദിത്വവും മാർത്തോമ്മാ മെത്രാനിൽ ലയിക്കുകയും, *അർക്കദ്യക്കോൻ* എന്ന സ്ഥാനി മലങ്കരയിൽ ഇല്ലാതാവുകയും ചെയ്തു.

ലോകത്തിലെ എല്ലാ പുരാതനസഭകളിലും *അർക്കദ്യക്കോൻ* എന്ന വൈദീക സ്ഥാനി ഉണ്ടായിരുന്നു. കൂദാശാനുഷ്ടാനങ്ങളിലും ഭരണകാര്യങ്ങളിലും ഇവരുടെ സാന്നിദ്ധ്യം മെത്രാന് അനുപേഷണീയവുമായിരുന്നു. എന്നാൽ പാശ്ചാത്യ – പൗരസ്ത്യ സുറിയാനി പാരമ്പര്യങ്ങളിൽ അർക്കദ്യക്കോന്റെ വൈദീക സ്ഥാനത്തിൽ പ്രകടമായ വൈജാത്യമുണ്ട്. പാശ്ചാത്യ – അന്ത്യോഖ്യൻ – പാരമ്പര്യത്തിൽ പൂർണ്ണ ശെമ്മശനെ – *മ്ശംശെനോ* – ആണ് അർക്കദ്യക്കോൻ ആയി നിയമിക്കുന്നത്. (ഹൂദായ കാനോൻ 7–6). *റീശ് ശെമ്മാശ്* എന്നാണ് അർക്കദ്യക്കോൻ എന്ന ഗ്രീക്ക് പദത്തിനു തുല്യമായ സുറിയാനി പദം. പ്രധാനമായും കൂദാശാനുഷ്ടാനങ്ങളിൽ മെത്രാനെ സഹായിക്കുക എന്നതായിരുന്നു പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ അർക്കദ്യക്കോന്റെ ധർമ്മം.

പൗരസ്ത്യ – പേർഷ്യൻ – സഭയിൽ ഇതിനു വിത്യാസമുണ്ട്. അവിടെ കശ്ശീശ്ശാ സ്ഥാനത്തിന്റെ ഏറ്റവും ഉയർന്ന പദവിയാണ് അർക്കദ്യക്കോൻ. *കശ്ശീശ്ശാ – കോർ എപ്പിസ്ക്കോപ്പാ – അർക്കദ്യക്കോൻ* എന്നതാണ് വൈദീകരിലെ പദവിക്രമം. ഇതൊരു പട്ടം അല്ലെങ്കിലും സ്ഥാനാരോഹണത്തിന് പ്രത്യേകം ഒരു ക്രമം നിലവിലുണ്ട്. പോർട്ടുഗീസ് പൂർവകാലത്തെ മലങ്കര നസ്രാണികളുടെ പേർഷ്യൻ ബന്ധംമൂലം കശ്ശീശ്ശാ അർക്കദ്യക്കോൻ ആണ് ഇവിടെ നിലവിലുണ്ടായിരുന്നത്. പൗരസ്ത്യ സഭയിൽ വൈദീക സ്ഥാനങ്ങളെ സ്വർഗ്ഗത്തിലെ മാലാഖമാർക്കൊത്തവണ്ണം ഒൻപതു ഗണങ്ങളായി തിരിച്ച്, *ഹൈലാവോസോ* എന്ന മാലാഖഗണത്തിനോടാണ് *അർക്കദ്യക്കോൻ*മാരെ താരതമ്യപ്പെടുത്തിയിരിക്കുന്നത്.

പേർഷ്യൻ പാരമ്പര്യത്തിൽ *അർക്കദ്യക്കോൻ* എപ്പിസ്ക്കോപ്പയുടെ ശുശ്രൂഷാധികാരിയാണ്. (Master of Cerimonies) എപ്പിസ്കോപ്പയുടെ ഭദ്രാസന പള്ളിയും, എപ്പിസ്കോപ്പ നടത്തുന്ന വൈദീക ശുശ്രൂഷകളും ക്രമപ്പെടുത്തുകയെന്നത് *അർക്കദ്യക്കോന്റെ* ചുമതലയാണ്. ശുശ്രൂഷാ വേളകളിൽ അദ്ദേഹത്തിന്റെ അധികാര ചിഹ്നമായ അംശവടി പിടിക്കുന്നത് *അർക്കദ്യക്കോനാണ്*. പട്ടംകൊട ശുശ്രൂഷകളിൽ പട്ടാഭിഷേക പ്രഖ്യാപനങ്ങളും ആഹ്വാനങ്ങളും നടത്തുന്നതും പട്ടം സ്വീകരിക്കുന്നവരുടെ പേരുകൾ വിളിച്ചു പറയുന്നതും *അർക്കദ്യക്കോൻ*മാരാണ്.

സഭയുടെ ലൗകീക ഭരണരംഗത്ത് എപ്പിസ്കോപ്പയുടെ അഡ്മിനിസ്ട്രേറ്റർ ആയിട്ടാണ് *അർക്കദ്യക്കോനെ* പേർഷ്യൻസഭ കണക്കാക്കിയിരിക്കുന്നത്. എപ്പിസ്കോപ്പയ്ക്ക് വേണ്ടി ഭരണകാര്യങ്ങൾ ക്രമപ്പെടുത്തുക, എപ്പിസ്കോപ്പയുടെ മുമ്പാകെ വരുന്ന പരാതികളെ ശോധന ചെയ്യുക തുടങ്ങിയവ *അർക്കദ്യക്കോന്റെ* ജോലികളാണ്. എപ്പിസ്കോപ്പാ എല്ലാ ഭരണകാര്യങ്ങളും നടപ്പാക്കേണ്ടത് *അർക്കദ്യക്കോൻ* വഴിയാണ്. അതുപോലെതന്നെ ഇടവകാംഗങ്ങളും പട്ടക്കാരും എപ്പിസ്കോപ്പയുമായി ബന്ധപ്പെടേണ്ടത് *അർക്കദ്യക്കോൻ* വഴി മാത്രമാണ്. മെത്രപ്പോലീത്താ, കാതോലിക്കാ എന്നിവരുടെ *അർക്കദ്യക്കോൻ*മാരുടെ ചുമതലകളും വിഭിന്നമല്ല. അവരുടെ അധികാരപരിധി കൂടുതൽ വിസ്തൃതമാണെന്നു മാത്രം.

പട്ടത്വ സ്ഥാനാർത്ഥികളെ പരിശോധിച്ച് അവർക്ക് പട്ടത്വത്തിനുള്ള യോഗ്യത നിർണ്ണയിക്കാനുള്ള അധികാരം *അർക്കദ്യക്കോനാണ്.*

*അർക്കദ്യക്കോന്റെ* അറിവും സമ്മതവും കൂടാതെ ഒരാളെപ്പോലും വൈദീകസ്ഥാനത്തുയർത്തുവാൻ എപ്പിസ്കോപ്പയ്ക്ക് അവകാശമില്ല. പേർഷ്യൻ സഭയുടെ കാനോൻ പ്രകാരം പുതുതായി പട്ടമേറ്റ ഒരു എപ്പിസ്കോപ്പായുടെ ജ്ഞാനത്തെയും പഠിപ്പിനെയും ശോധനചെയ്യുവാൻപോലും മെത്രാപ്പോലീത്തായുടെ *അർക്കദ്യക്കോന്* അധികാരമുണ്ട്.

എപ്പിസ്കോപ്പയുടെ അഭാവത്തിൽ പ്രത്യേകം അധികാരപ്പെടുത്താതെതന്നെ *അർക്കദ്യക്കോൻ* തന്റെ സ്ഥാനം കൊണ്ട് ഇടവകയുടെ ഭരണകർത്താവായി തീരുന്നു എന്നതാണ് പേർഷ്യൻ സഭയുടെ പാരമ്പര്യം. മലങ്കരയുടെ കാര്യത്തിൽ ഈ പാരമ്പര്യത്തിനു സവിശേഷ പ്രാധാന്യമുണ്ട്. കാരണം, നസ്രാണികൾക്ക് അവിച്ഛിന്നമായ ഒരു എപ്പിസ്ക്കോപ്പൽ സാന്നിദ്ധ്യം ഇല്ലായിരുന്നു. ഒരു പരിധിവരെ അതിന്റെ ആവശ്യവും ഇല്ലായിരുന്നു എന്നതാണ് വാസ്തവം. *പട്ടം* എന്ന ഏക നൽവരം മാത്രമാണ് മേല്പട്ടക്കാരനിൽനിന്ന് നസ്രാണിക്ക് ആവശ്യമുണ്ടായിരുന്നത്. വല്ലപ്പോഴും വരുന്ന പേർഷ്യൻ മെത്രാന്മാരേക്കൊണ്ട് പ്രായം പരിഗണിക്കാതെ പട്ടംകൊടുപ്പിച്ച് ഈ പ്രതിസന്ധി നസ്രാണി തരണം ചെയ്തിരുന്നു എന്നു സൂചനകളുണ്ട്. മുൻകാലത്ത് മലങ്കരയിൽ ശെമ്മാശ് - കത്തനാർ പട്ടമേൽക്കുന്നവരുടെ വളരെ കുറഞ്ഞ പ്രായം ഈ പ്രതിസന്ധി നിവാരണ പ്രക്രിയയിൽ നിന്നുണ്ടായതാണന്നു ചില ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

കാലാകാലങ്ങളിൽ കേരളത്തിലെത്തുന്ന പേർഷ്യൻ മെത്രാന്മാർക്ക് നസ്രാണികളുമായി സംവേദിക്കുന്നതിന് ഭാഷയടക്കം പല തടസ്സങ്ങളുമുണ്ടായിരുന്നു. ഇത്തരുണത്തിൽ സ്വദേശിയായ ഒരു സ്ഥാനിയെ പ്രതിപുരുഷനോ മുഖ്യ സചിവനോ ആയി പരിഗണിച്ച് അദ്ദേഹം വഴി ആശയവിനിമയവും മറ്റുകാര്യങ്ങളും നടത്തുക എന്ന മാർഗ്ഗമായിരുന്നു അവരുടെ മുമ്പിലുണ്ടായിരുന്നത്. *അർക്കദ്യക്കോൻ* എന്ന സ്ഥാനിയെ ഇത്തരത്തിൽ ഉപയോഗിക്കുക എന്നത് പേർഷ്യൻ സഭയുടെ കാനോൻ നിയമപ്രകാരം അനുവദനീയവുമായിരുന്നു. മെത്രാനില്ലാത്ത നീണ്ട ഇടവേളകളിൽ ഇതേ കാനോൻ പ്രകാരം *അർക്കദ്യക്കോൻ* നസ്രാണികളുടെ യഥാർത്ഥ ഭരണാധികാരിയായി. മെത്രാന്മാരുടെ നീണ്ടകാലത്തെ അഭാവം അവരെ കൂടുതൽ ശക്തരാക്കി. അവരുടെ സ്ഥാന നാമംതന്നെ പേർഷ്യൻ പാരമ്പര്യത്തിലെ *(ഇന്ന) മെത്രാന്റെ അർക്കദ്യക്കോൻ* എന്നതിനു പകരം *അർക്കദ്യക്കോൻ കോൽ ഹിന്ദു* (ഇന്ത്യയൊക്കയുടെയും അർക്കദ്യക്കോൻ) എന്നായി മാറി. ഫലത്തിൽ, കാലാകാലങ്ങളിൽ പേർഷ്യയിൽനിന്നും വരുന്ന മേല്പട്ടക്കാർ ഇവരുടെ നിർദ്ദേശപ്രകാരം മാത്രം പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരായി മാറി. 1599-ൽ ഉദയംപേരൂർ സുന്നഹദോസ് കൂടുമ്പോളുള്ള സ്ഥിതി ഇതായിരുന്നു.

കോപ്ടിക് സഭ പട്ടംകെട്ടി അയക്കുന്ന കോപ്ടിക് വംശജനായ *ആബൂനാ* എത്യോപ്യൻ സഭയെ ഭരിക്കുവാൻ എത്യോപ്യൻ സന്യാസി വൈദീകനായ *എശ്ചീഗോ* എന്ന സ്ഥാനിയെ ആശ്രയിച്ചതുപോലെ മലങ്കരയിലെ പേർഷ്യൻ മെത്രാന്മാർ തദ്ദേശീയനായ *അർക്കദ്യക്കോൻ* എന്ന സ്ഥാനിയെ ആശ്രയിച്ചു എന്നത് നിസംശയമാണ്. പക്ഷേ ഇതിന് എത്ര കാലത്തെ പഴക്കമുണ്ടന്നത് ഇന്നും ചോദ്യചിഹ്നമാണ്. ചിലർ 1504-ൽ വന്ന പേർഷ്യൻ മെത്രാന്മാരാണ് നസ്രാണികളുടെ ഇടയിൽ ആദ്യമായി *അർക്കദ്യക്കോൻ* സ്ഥാനം നൽകിയത് എന്നു വാദിക്കുന്നു. ചിലരകട്ടെ മാർത്തോമ്മാ ശ്ലീഹായുടെ കാലംമുതലേ ഈ സ്ഥാനം ഇവിടെ ഉണ്ടായിരുന്നതായി പ്രസ്ഥാവിക്കുന്നു. മറ്റു ചിലരാകട്ടെ ക്നായി തൊമ്മന്റെ കാലമായ എ.ഡി. 340 മുതൽ അർക്കദ്യക്കോൻമാർ ഇവിടെ ഉണ്ടായതായി രേഖപ്പെടുത്തുന്നു. *നിരണം ഗ്രന്ഥവരി* അവസാനം പറഞ്ഞ വാദമാണ് അംഗീകരിക്കുന്നത്. അതിലെ വിവരണം ... *എന്നാൽ പാലമറ്റത്തു തറവാട്ടിലുള്ള അർക്കദുയാക്കോന്മാരുടെയും മെത്രാൻമാരുടെയും വിവരം എഴുതിയിരുന്ന കടുദാസുകളും ഗ്രന്ഥവരിയും നിരണത്തു പള്ളിയിൽ വച്ച പൂട്ടിയിരുന്ന പെട്ടകം ചിതലെടുത്തു കേടുകാർയ്യം വന്നുപോയാറെ, അതിൽ ഒരെടത്തു കണ്ടത കൊല്ലം 745-ാ മാണ്ട മിഥുന മാസം 6 -നു മാലാനാര അർക്കദുയാക്കോൻ കഴിഞ്ഞു. 768-ാ മാണ്ട മീന മാസം 30-നു യോഹന്നാൻ അർക്കദുയാക്കോൻ കാലം ചെയ്തു. 779-ാ മാണ്ടു കർക്കടമാസം 15-നു ഗീവറുഗീസ് അർക്കദയാക്കോൻ കാലം ചെയ്തു. 815 -ാമാണ്ട മീന മാസം 5-നു ഇട്ടിക്കുരിയത അർക്കദുയാക്കോൻ കാലം ചെയ്തു.*

*ഇതിൽവണ്ണം മിശിഹാ കാലം 345-ാ മാണ്ട അർക്കദുയാക്കോന്റെ സ്ഥാനം കെട്ടിയാറെ, 1653 -ാം കാലത്തിന്നോളവും 1308 സംവത്സരം അർക്കദുയാക്കോന്മാര മുടക്കം വരാതെ വേദസ്ഥലവരായിട്ട നടത്തി വരുമ്പോൾ തോമ്മാ അർക്കദുയാക്കോന്റെ കാലത്തിൽ മാർഗിനാത്യോസ മൈലാപ്പുവന്നു. അവിടനിന്നും കൊടുത്തയച്ച കടുദാസും പിടിച്ച, ലോകരു കൂടി അർക്കദുയാക്കോനെ 1653 -ാം കാലം മാർത്തോമാൻ മെത്രാനായിട്ടു വാഴിക്കയും ചെയ്തു* ... എന്നാണ് അർക്കദ്യക്കോൻ ചരിതം വർണ്ണിക്കുന്നത്.

ഈ വിവരണപ്രകാരം ക്രിസതു വർഷം 1570 -ൽ കാലം ചെയ്യുന്ന *മാലാനാര* അർക്കദ്യക്കോനാണ് ആദ്യം കാണുന്നത്. റവ. ജോർജ് കുര്യൻ പാദ്രി ഇതിനു മുമ്പുള്ള എതാനും അർക്കദ്യക്കന്മാരുടെ വിരവരം ലഭ്യമാക്കുന്നണ്ട്.

അദ്ദേഹത്തിന്റെ പട്ടികപ്രകാരം മാർ യോഹന്നാൻ എന്ന കൽദായ മെത്രാൻ 1542-ൽ ഗീവർഗീസ് അർക്കദ്യക്കോനെ നിയമിച്ചു. അദ്ദേഹത്തിനു യഥാക്രമം അർക്കദ്യക്കോന്മാരായ യാക്കോബ്, അലക്സാണ്ടർ, ഗീവർഗീസ് എന്നിവർ പിന്തുടർച്ച ക്കാരായി. ഈ രണ്ടു പട്ടികയിലും 1509-ൽ കോത മംഗലം വലിയ-ചെറിയ പള്ളികൾ തമ്മിൽ വീതം വയ്ക്കുന്ന പോത്താനിക്കാട്ട് പടിയോലയിലെ ഇട്ടി ക്കുര്യത് അർക്കദ്യക്കോൻ ഉൾപ്പെടുന്നില്ല.

ഈ പട്ടികകൾ ഒന്നും 1504 എന്ന വർഷ ത്തിൽനിന്നും പിന്നോട്ടു പോകുന്നില്ല എന്ന വസ്തുത അംഗീകരിക്കുമ്പോൾ തന്നെ അതിനു മുമ്പ് നസ്രാണികൾക്ക് അർക്കദ്യക്കോൻ ഇല്ലായി രുന്നു എന്നു നിശ്ചയിക്കാനാവില്ല. ക്രിസ്തുവർഷം 800-ന് അടുത്ത് നെസ്തോറിയൻ കാതോലിക്കാ യായ മഹാനായ തീമോത്തി *ഇന്ത്യയിലെ വിശ്വാ സികളുടെ തലവനായ അർക്കന്* എഴുതിയ കത്ത് അന്ന് നസ്രാണികൾക്ക് ഈ സ്ഥാനി ഉണ്ടായി രുന്നു എന്നതിന്റെ തെളിവായി ചിലർ ചൂണ്ടിക്കാ ട്ടുന്നുണ്ട്. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ നിലവിലിരുന്ന പാരമ്പര്യമനുസരിച്ച് *നിരണം ഗ്രന്ഥ വരി*യിൽ അർക്കദ്യക്കോൻ സ്ഥാനത്തിന്റെ ഉൽഭ വത്തപ്പറ്റി താഴെ പറയുന്ന വിവരണമാണ് നൽകു ന്നത്.

*... മാർത്തോമാ ശ്ലീഹാ മലയാളത്തിൽ വന്ന മാർഗ്ഗം അറുവിച്ചപ്പോൾ പട്ടമനപറവുരെന്ന കോട്ട ക്കായൽ ഗ്രാമത്തിൽ മുഖ്യപ്പെട്ട ഇല്ലക്കാർ ചങ്കര പുരിയെന്നും പകലോൻമറ്റം എന്നും പള്ളിയെന്നും കാളിയാകുംകരെയെന്നും. ഇവര നാലു തറവാട്ടു കാര ഈ വേദം അനുസരിച്ചു. മാർത്തോമ്മാ ശ്ലീഹാ ചങ്കരപുരിയിലും പകലോൻമറ്റത്തിലും പട്ടവും കൊടുത്ത. അന്നുമുതൽ 293 കാലം കർത്താവിന്റെ ആണ്ട 345-ൽ ക്നായിത്തൊമ്മനും യൗസെപ്പ മെത്രാനും വന്നാറെയും പക ലോൻമറ്റത്ത തറവാട്ടിൽ വെന്ധുതയുണ്ടായി. അത്തറവാട്ടിൽനിന്നുംതന്നെ ഇപ്പരുഷക്ക കർത്തെ വ്യമായിട്ട നടത്തണമെന്നും അല്ലാഞ്ഞാൽ വഴക്കു ണ്ടാകുമെന്നും നിശ്ചയിച്ച യൗസെപ്പു മെത്രാൻ പാലമറ്റത്തു തറവാട്ടിൽ അർക്കദുയാക്കോന്റെ സ്ഥാനം കൊടുത്ത ഇപ്പരുഷക്കാരെ ഒക്കെയും വിചാരിച്ച ...*

ഇതേ വസ്തുത തന്നെ *നിരണം ഗ്രന്ഥവരി*യിൽ മറ്റൊരിടത്ത് ... *അക്കാലം മാർത്തോമാ ശ്ലീഹാ യുടെ വാഴുവ എടുത്തു കൂടായെന്നും നിശ്ചയിച്ച പാലമറ്റത്തു തറവാട്ടിൽ നിന്നും ഒരാളിന്നു അർക്ക ദുയാക്കോന്റെ സ്താനം കൊടുത്ത മലയാളത്തി ലുള്ള മാർഗവാസികളെ ശിക്ഷിപ്പാനും രക്ഷിപ്പാനും അവർക്കു മുഷ്കരത്തവും കൊടുത്തു.* ... എന്നും വിവരിക്കുന്നുണ്ട്.

മാർത്തോമ്മാ ശ്ലീഹായുടെ കാലത്തോ ക്നായി ത്തൊമ്മന്റെ കാലത്തോ നസ്രാണികൾക്ക് അർക്കദ്യക്കോൻ എന്നൊരു സ്ഥാനി ഉണ്ടാവുക അസംഭാവ്യമാണ്. കാരണം പേർഷ്യൻ സഭയിൽ മാത്രമല്ല, ലോകത്ത് ഒരു സഭയിലും അർക്കദ്യക്കോന്റെ സ്ഥാനം അക്കാലത്തൊന്നും നിർവചിക്കപ്പെടുകയോ പ്രാബല്യത്തിൽ എത്തുക യോ ചെയ്തിട്ടില്ല. അതുകൊണ്ട് മാർത്തോമ്മാ ശ്ലീഹാ പട്ടംകൊടുത്ത കുടുംബങ്ങൾ വൈദീകവൃത്തിയിൽനിന്നും മാറ്റി നിർത്തപ്പെട്ടു എന്നും അർത്ഥമില്ല. പക്ഷേ അർക്കദ്യക്കോൻ സ്ഥാനം എന്നു നസ്രാണികൾക്കിടയിൽ നില വിൽവന്നു എന്നു നിർണ്ണയിക്കുവാൻ ഇവയൊന്നും പര്യാപ്തമല്ല.

നസ്രാണി അർക്കദ്യക്കോന്റെ പുരാതനത്വം ചർച്ചചെയ്ത ചരിത്രകാരന്മാരെല്ലാം വിട്ടുപോയ സുപ്രധാനമായ ഒരു വസ്തുതയുണ്ട്. അത് കേര ളത്തിലെ നമ്പൂതിരി-കേന്ദ്രീകൃത ജാതി വ്യവ സ്ഥയും അതിൽ നസ്രാണിയുടെ സ്ഥാനവുമാണ്. ഓരോ ജാതിക്കും ഓരോ *കുലധർമ്മം* എന്ന അടി സ്ഥാനത്തിൽ രൂപംകൊടുത്ത കേരളത്തിലെ നമ്പൂ തിരി-കേന്ദ്രീകൃത ജാതി വ്യവസ്ഥയിൽ എല്ലാ ജാതിക്കും അവരുടേതായ *ജാതിക്കു തലവന്റെ* സാന്നിദ്ധ്യം അത്യന്താപേഷിതമായിരുന്നു. *ജാതിമര്യാദ ഇടപെട്ട* കാര്യങ്ങളിൽ നിയമത്തിന്റെ വ്യാഖ്യാനം, തർക്കങ്ങളുടെ തീർപ്പാക്കൽ, ശിക്ഷാ നടപടികൾ ഇവയൊക്കെ ജാതിക്കു തലവന്റെ അധികാരസീമയിൽപ്പെട്ട കാര്യങ്ങളായിരുന്നു. ചുരു ക്കത്തിൽ ഒരു ജാതിക്കുള്ളിലെ നിയമവാഴ്ച ഏതാണ്ട് പൂർണ്ണമായും ആ ജാതിയുടെ *ജാതിക്കു തലവനു* വിധേയമായിരുന്നു. ഇത്തരം *ജാതിക്കു തലവ*ന്റെ ഭരണസീമ ഭൂമിശാസ്ത്രപരമായോ മറ്റേ തെങ്കിലും വിധത്തിലോ പരിമിതപ്പടുത്തിയിരുന്നു.

അവർണ്ണ ജാതികൾക്ക് ആലുംമൂട്ടിൽ ചാന്നാർ, ചെമ്പിൽ വലിയ അരയൻ മുതലായ ജാതിക്കു തല വന്മാർ അത്ത് ജാതികളിൽ ഉണ്ടായപ്പോൾ സവർണ്ണ ജാതികളുടെ മുഴുവൻ *ജാതിക്കു തല വൻ* സ്ഥാനം നമ്പൂതിരിമാർ കൈയ്യടക്കി. ജാതി വ്യവസ്ഥയിൽ തങ്ങളുടെ മേൽക്കോയ്മ നില നിർത്തുവാൻ ഇത് അനിവാര്യമായിരുന്നു. അതി നാൽ ക്ഷത്രിയർക്കോ ശൂദ്രർക്കോ സ്വന്തം *ജാതിക്കു തലവന്മാർ* ഉണ്ടായില്ല. സവർണ്ണ ജാതി യുടെ ജാതിക്കു തലവൻ ഓരോ നമ്പൂതിരി ഗ്രാമ ത്തിനായാണ് പരിമിതപ്പെടുത്തിയിരുന്നത്. പൊതുവേ ഈ സ്ഥാനി *തമ്പ്രാക്കൾ* എന്നാണ് അറിയപ്പെട്ടിരുന്നതെങ്കിലും ചില ഗ്രാമങ്ങളിൽ *നായ്ക്കൻ, തങ്ങൾ* എന്നിങ്ങനെയായിരുന്നു നമ്പൂ തിരിയായ ജാതിക്കു തലവന്റെ സ്ഥാന നാമം. സ്ഥാനാമത്തിൽ വിത്യാസമുണ്ടങ്കിലും ഇവരുടെ കർത്തവ്യവും അധികാരവും തുല്യമായിരുന്നു.

തുടരും...

## ത്രിവത്സര ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിൽ നടത്തപ്പെടുന്ന ത്രിവത്സര ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. +2 പാസ്സായവരും ദൈവീക ശുശ്രൂഷയിൽ തൽപരരുമായ യുവാക്കൾക്ക് അപേക്ഷിക്കാവുന്നതാണ്. സന്യാസ ആശ്രമങ്ങൾ, മഠങ്ങൾ എന്നിവയിൽ നിന്നുള്ളവർക്ക് അഡ്മിഷന് മുൻഗണന നൽകുന്നതാണ്. 2013 ഫെബ്രുവരിയിൽ കൂടിയ പരിശുദ്ധ സുന്നഹദോസ് പ്രേക്ഷിത ദൗത്യശാസ്ത്രത്തിൽ ഡിഗ്രി കോഴ്സ് നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. സറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് അനുവാദം ലഭിക്കുന്ന മുറയ്ക്ക് ഡിപ്ലോമ കോഴ്സിൽ പഠിക്കുന്നവർക്ക് ഡിഗ്രികോഴ്സിൽ പഠനം തുടരാവുന്നതാണ്. മിഷൻ സെന്ററിൽ പ്രവേശനം ലഭിക്കുന്നവർക്ക് താമസ ചെലവുകളും, ഫീസും സൗജന്യമായിരിക്കും. പഠനം കഴിഞ്ഞശേഷം അവരെ മിഷൻ പ്രവർത്തനരംഗങ്ങളിൽ നിയോഗിക്കുന്നതാണ്. അപേക്ഷകൾക്ക് മാനേജർ, സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, മാവേലിക്കര 3 എന്ന വിലാസത്തിലോ, 0479– 2302473 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

## ദിവ്യബോധനം

ചെങ്ങന്നൂർ ഭദ്രാസനത്തിലെ 17 ഇടവകകളിൽ നിന്നായി ആകെ 177 വിദ്യാർത്ഥികൾ ദിവ്യബോധന പഠന പദ്ധതിയുടെ വിവിധ കോഴ്സുകളിൽ പഠിച്ച് 2010–2012 ലെ ബാച്ചിൽ സർട്ടിഫിക്കേറ്റുകൾ കരസ്ഥമാക്കുകയുണ്ടായി. മാർച്ച് 9–ാം തീയതി പഴയ സെമിനാരിയിൽ വെച്ചു നടന്ന ബിരുദ ദാനചടങ്ങിൽ പരിശുദ്ധ ബാവാ തിരുമേനിയിൽ നിന്നും അവാർഡുകളും സർട്ടിഫിക്കേറ്റുകളും ലഭ്യമായ എല്ലാ പഠിതാക്കളേയും അനുമോദിക്കുന്നു. പഠിക്കുവാൻ സാഹചര്യം ഒരുക്കിയ ഇടവകകളും വേണ്ട നേതൃത്വം നൽകിയ വന്ദ്യരായ വൈദികരും അഭിനന്ദനത്തിന് അർഹരാണ്. ചെങ്ങന്നൂർ ഭദ്രാസനത്തിൽ പേരിശ്ശേരി സെന്റ് മേരീസ് ഇടവകയിൽ നിന്നും മാത്രമായി 30 വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട വിൽസൺ ശങ്കരത്തിൽ അച്ചന്റെ നേതൃത്വത്തിൽ പഠിച്ചു എന്നത് പ്രത്യേകം പ്രസ്താവയോഗ്യമത്രെ. 2013 ജൂൺ മാസം മുതൽ പുതിയ ബാച്ചിലേക്ക് സർട്ടിഫിക്കേറ്റ്, ഡിപ്ലോമ, ഡിഗ്രി കോഴ്സുകൾ ആരംഭിക്കുന്നു. ഏപ്രിൽ 15 ന് ആരംഭിച്ച് ജൂൺ 15 ന് അവസാനിക്കുന്ന രജിസ്ട്രേഷൻ കാലയളവിൽതന്നെ പേരുകൾ രജിസ്റ്റർ ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ദിവ്യബോധന പഠനപദ്ധതി ഇതുവരെയും ആരംഭിച്ചിട്ടില്ലാത്ത ഇടവകകളിൽ ഒരു യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുവാൻ ബന്ധപ്പെട്ടവർ സ്നേഹപൂർവ്വം ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. സെമിനാരി ഫോൺ : 0484 – 2566526, 2568083 ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. സഖറിയാ പനയ്ക്കാമറ്റം – 9447595593

## ദൈവത്തെ കാണിച്ചു കൊടുക്കുക മാർ അത്താനാസിയോസ്



പ്രവർത്തനങ്ങളിലൂടെ ദൈവത്തെ സമൂഹത്തിന് കാട്ടിക്കൊടുക്കുവാൻ വിശ്വാസികൾക്ക് കഴിയണമെന്ന് അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് പ്രസ്താവിച്ചു. പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ വെച്ചു നടന്ന സുവിശേഷ സംഘം പ്രവർത്തനങ്ങൾ, ധ്യാനയോഗം എന്നിവ ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സുവിശേഷസംഘം വൈസ് പ്രസിഡന്റ് റവ. ഫാ. ബിജു റ്റി. മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഭദ്രാസന സെക്രട്ടറി റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ, ഇടവക വികാരി റവ. ഫാ. മത്തായി കുന്നിൽ, മുൻ ജനറൽ സെക്രട്ടറി ശ്രീ. സി.കെ. റെജി, ജോയിന്റ് സെക്രട്ടറി ശ്രീ. എബി അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു. റവ. ഫാ. ഫിലിപ്പ് തരകൻ തേവലക്കര ധ്യാനത്തിനും റവ. ഫാ. വിൽസൺ ശങ്കരത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കും നേതൃത്വം നൽകി. കാലം ചെയ്ത അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ വേർപാടിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ജനറൽ സെക്രട്ടറി സജി പട്ടരുമഠം അനുശോചന പ്രമേയം അവതരിപ്പിച്ചു. ജന്മദിന പഞ്ചസപ്തതി ആഘോഷിക്കുന്ന അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനി, മുൻ സുവിശേഷസംഘം ഭാരവാഹികൾ എന്നിവരെ യോഗം അനുമോദിച്ചു.

**BETHEL PATRIKA MATRIMONIAL**

**വരനെ ആവശ്യമുണ്ട്**

ഓർത്തഡോക്സ് യുവതി **25 yrs (172 cm) B.E (Electronics & Communication Engineering)** വിദ്യാഭ്യാസയോഗ്യതയും വിദേശത്ത് ജോലിയുമുള്ള ഓർത്തഡോക്സ് യുവാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Mob: 9447981606

ഓർത്തഡോക്സ് യുവതി 4 വർഷം experience ഉള്ള B.Sc Nurse 27 yrs, 157 cm നല്ല വിദ്യാഭ്യാസവും ജോലിയുമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 0479 – 2469087, 9961222804





# മെൽത്തോ

ഫാ. ബിജു റ്റി. മാത്യു

**പുതു ഞായറാഴ്ചയ്ക്കു ശേഷം ഒന്നാം ഞായറാഴ്ച : വി. യോഹന്നാൻ 21:1–14**

പുനരുത്ഥാനശേഷം സ്വർഗ്ഗാരോഹണം വരെയുള്ള കാലഘട്ടത്തിൽ കർത്താവിന്റെ പുനരുത്ഥാന പ്രത്യക്ഷതകളാണ് ഏവൻഗേലിയോൻ ഭാഗത്ത് ചേർത്തിട്ടുള്ളത്. ഉത്ഥിതനായ ക്രിസ്തു 3–ാമത് പ്രത്യക്ഷപ്പെടുന്ന സംഭവമാണ് ഇവിടെ വിവരിക്കുന്നത്.

**a) വിഫലമായിപ്പോകുന്ന ശിഷ്യന്മാരുടെ അദ്ധ്വാനവും ഉത്ഥിതന്റെ ദൈവീക ഇടപെടലുകളും.**

പരിചിത മേഖലകളിൽ പരാജയം അനുഭവിക്കേണ്ടിവരുന്ന ശിഷ്യന്മാർക്ക് കർത്താവ് തുണയും ആശ്രയവുമാകുന്നു. ജീവിതത്തിന്റെ നിസ്സഹായാവസ്ഥയിൽ ആയിരിക്കാം ഒരു പക്ഷേ പത്രോസും കൂട്ടരും പഴയ തൊഴിലിലേക്ക് പോയത്. യേശു തമ്പുരാൻ ഈ മത്സ്യം പിടിക്കുന്നവരെ മനുഷ്യരെ നേടുന്നവരാക്കിത്തീർത്തതിന്റെ പിന്നിലും അസാധാരണത്വം നിറഞ്ഞു നിൽക്കുന്നുണ്ട്.

(1) Fishermen are courageous: മുക്കുവർ ധൈര്യശാലികളായതിനാൽ യേശു തമ്പുരാൻ ശിഷ്യഗണത്തിൽ ഉൾപ്പെടുത്തി.

(2) They are dedicated to one thing and cannot be easily distracted: ലക്ഷ്യനിർവ്വഹണത്തിനുവേണ്ടി സമർപ്പിക്കപ്പെട്ടവരായതിനാൽ എളുപ്പത്തിൽ ഇവരെ വ്യതിചലിപ്പിക്കുവാൻ കഴിയില്ല.

(3) Fishermen donot quit on the way: നേരായ വഴിവിട്ട് സഞ്ചരിക്കാറില്ല.

(4) They know how to take the orders.

(5) They know how to work together/ ഇത്രയും ഗുണങ്ങളും സവിശേഷതകളും ഉള്ള മുക്കുവരായ ശിഷ്യഗണങ്ങൾക്ക് അദ്ധ്വാനത്തിന്റെ ഫലം ലഭിക്കുന്നില്ല. വി. യോഹ. 21:3 ആ രാത്രിയിൽ ഒന്നും പിടിച്ചില്ല. യേശു കൂടെയില്ലാത്ത അദ്ധ്വാനത്തിന്റെ ശൂന്യതകളും നിരർത്ഥകതയും വെളിപ്പെടുത്തുകയാണീ സംഭവം തന്നെ. വി. യോഹ. 15:5 എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല.

മാനുഷിക പ്രവർത്തനങ്ങൾക്കും മനുഷ്യന്റെ അദ്ധ്വാനങ്ങൾക്കും വിലയും നിലയും അർത്ഥവും ഫലവും ലഭിക്കുന്നത് ഉത്ഥിതനായ ക്രിസ്തുവിന്റെ ദൈവിക ഇടപെടലുകളോടു കൂടിയാണ്.

**b) സഭ: ഉത്ഥിതനെ കണ്ടെത്താനുള്ള വഴി**

യോഹ. 21:11 ശീമോൻ പത്രോസ് കയറി 153 വലിയ മീൻ നിറഞ്ഞ വല കരയ്ക്കു വലിച്ചു കയറ്റി. അത്ര വളരെ ഉണ്ടായിരുന്നിട്ടും വല കീറിയില്ല.

153 മത്സ്യങ്ങൾ നിറഞ്ഞ വല സഭയുടെ പ്രതീകമാണ്. കടലിൽ 153 തരം മത്സ്യങ്ങളുണ്ടെന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നു. എല്ലാതരം മത്സ്യങ്ങളും ഒരു പക്ഷേ സാർവ്വത്രിക രക്ഷയെയാണ് കാണിക്കുന്നത്. സഭയുടെ ദൗത്യത്തിന്റെ വിശാലതകളെ എടുത്തു കാണിക്കുകയാണിവിടെ. കീറാത്ത വല കോളിളക്കങ്ങളിലും പിരിമുറുക്കങ്ങളിലും പ്രതിസന്ധികളിലും സഭ തളരാതെയും പതറാതെയും വിശുദ്ധിയിൽ നിലനിൽക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു. സഹനത്തിന്റെയും ത്യാഗത്തിന്റെയും പാതയിൽ ഉത്ഥിതനായ ക്രിസ്തുവിനെ ലോകത്തിന് പ്രകാശമായി നൽകുകയാണ് സഭയിൽ നമ്മുടെ ദൗത്യം

**c) അന്ത്യ അത്താഴ മേശയും ആദ്യ പ്രാതൽ മേശയും**

Hospitality is the Sign of Spirituality സഹനത്തിന്റെ

നിമിഷങ്ങളിൽ തള്ളിപ്പറഞ്ഞതിലോ ഒറ്റപ്പെടുത്തിയതിലോ ഉള്ള പരിഭവമോ പരാതിയോ ക്രിസ്തുവിനില്ല. കുഞ്ഞുങ്ങളെ എന്നു വിളിച്ച് പ്രാതൽ കഴിക്കാൻ കല്പിക്കുന്നു "പുതിയ ദിവസത്തിന്റെ പുലരിയിൽ പുതു ജീവന്റെ അനുഭവമായിത്തീരുവാൻ വന്ന് പ്രാതൽ കഴിച്ചു കൊൾവിൻ എന്ന്." പ്രാതൽ പ്രഭാതത്തിന്റെ ആഹാരമാണ്. അന്ത്യ അത്താഴത്തിനുശേഷം യേശുവും ശിഷ്യന്മാരും സംഗമിച്ച് കഴിക്കുന്ന ആദ്യ ഭക്ഷണമാണിത്. ഒരു പുതിയ ആരംഭം. രാത്രിയാണെങ്കിലും പകലാണെങ്കിലും ഉണർന്നിരുന്ന് എനിക്കു വേണ്ടി ആതിഥ്യമരുളുന്ന കർത്താവ് ജീവിക്കുന്നു എന്നും നമ്മുടെ അദ്ധ്വാനവും വീശപ്പും വിഹ്വലതകളുമൊക്കെ തിരിച്ചറിയുന്ന ഒരു ദൈവം നമുക്കുണ്ട് എന്ന ഓർമ്മയും അനുഭവങ്ങളും മനുഷ്യജീവിതത്തെ കൂടുതൽ പ്രദീപ്തമാക്കും.

**പുതു ഞായറാഴ്ചയ്ക്കു ശേഷം രണ്ടാം ഞായറാഴ്ച : വി. യോഹന്നാൻ 21:15–19**

ഔപചാരികമായ അഭിവാദനങ്ങൾക്കപ്പുറത്തേക്ക് ശിഷ്യന്മാർക്കും പ്രത്യേകിച്ച് പത്രോസിന് 'ദൗത്യം' എന്നതിന് പുതിയ വ്യാഖ്യാനങ്ങൾ കർത്താവു നൽകുന്ന വേദഭാഗമാണിത്.

1) ദൈവവിളിയിൽ കൂടി ലഭിച്ച ദൗത്യത്തിന്റെ വിശാലമായ വ്യാഖ്യാനങ്ങൾ:-

a) വി. യോഹന്നാൻ 21:15 എന്റെ കുഞ്ഞാടുകളെ മേയ്ക്ക.
b) വി. യോഹന്നാൻ 21:16 എന്റെ ആടുകളെ മേയ്ക്ക.
c) വി. യോഹന്നാൻ 21:18 എന്റെ പെണ്ണാടുകളെ മേയ്ക്ക.

**ക്രിസ്ത്യാനികളെ നാലു വിധത്തിൽ തരംതിരിക്കാം.**

(1) ദൈവവിളി ഉണ്ടായിട്ടും അതിനെ ഗ്രഹിക്കാതിരിക്കുന്നവർ
(2) ദൈവവിളി ഗ്രഹിച്ചിട്ടും അതിനനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നവർ
(3) ദൈവവിളി ഗ്രഹിച്ചിട്ട് പ്രവർത്തനത്തിന് ആരംഭിക്കുകയും എന്നാൽ പ്രയാസങ്ങൾ വരുമ്പോൾ പിൻതിരിയുകയും ചെയ്യുന്നവർ
(4) ദൈവവിളി അനുസരിച്ച് പ്രവർത്തിക്കുന്നതിനായി തങ്ങളുടെ ആയുസ്സിനെ പ്രതിഷ്ഠിക്കുന്നവർ

പത്രോസ് ഇതിൽ നാലാമത്തെ കൂട്ടത്തിൽപ്പെട്ടവനായിരുന്നു. ക്രിസ്തുവിന്റെ ശിഷ്യഗണത്തിൽ ചേർക്കപ്പെട്ട പത്രോസ് നിലനിൽപ്പിനുവേണ്ടി വിശപ്പു മൂലമായിരിക്കാം പഴയ ജോലിയിലേക്ക് പ്രവേശിക്കുന്നു. നിലനിൽപ്പിനുവേണ്ടി പ്രധാനാചാര്യന്റെ നടുമുറ്റത്ത് വച്ച് ഗുരുവിനെ നിഷേധിക്കുന്നു. നിലനിൽപ്പിനുവേണ്ടി നടുമുറ്റത്തെ തീക്കനൽ കൂട്ടിയ നെരിപ്പോടിനെ സാക്ഷിനിർത്തി 3 പ്രാവശ്യം തള്ളിപ്പറയുന്നു. 3 തവണ പരസ്യമായി യേശുവിനെ തള്ളിപ്പറഞ്ഞ പത്രോസ് പശ്ചാത്താപത്തോടെ 3 പ്രാവശ്യം പ്രത്യക്ഷത്തിൽ പറയുന്നു. യേശു ചോദിക്കുന്നു "നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? വി. യോഹ. 13:37, വി. മത്തായി 26:33 വായിക്കുമ്പോൾ ശിഷ്യന്മാരെക്കാൾ കൂടുതലായി എന്നെ സ്നേഹിക്കുന്നുണ്ടോ എന്നല്ല എന്നു വ്യക്തമാവും. പിന്നെയോ ഉപേക്ഷിച്ച വല, വള്ളം എന്നിവയേക്കാൾ നീ എന്നെ സ്നേഹിക്കുന്നുവോ? എന്നതാണ് ഇവിടെ കരണീയമായിട്ടുള്ളത്. ദൈവം തന്റെ ദൗത്യനിർവ്വഹണത്തിനായി തന്നെ വിളിക്കുന്നു എന്ന് ബോദ്ധ്യമായി കഴിഞ്ഞപ്പോൾ അതുവരെ എല്ലാമായിട്ടും സ്വീകരിക്കുകയും ആസ്വദിക്കുകയും ചെയ്തതിനെ ഉപേക്ഷിക്കുവാൻ പത്രോസ് മടി കാണിച്ചില്ല.

**യഥാസ്ഥാനപ്പെടുത്തുന്ന ക്രിസ്തു.**

"നീ എന്നെ സ്നേഹിക്കുന്നുവോ?" യോഹ. 21:16. അധികാരിയുടെയും ശുശ്രൂഷകന്റെയും അടിസ്ഥാന ഗുണം സ്നേഹമായിരിക്കണമെന്നും ദൈവസ്നേഹത്തിൽ നിന്നുകൊണ്ട് മനുഷ്യനെ കാണാനും കരുതുവാനുമുള്ള ആഹ്വാനവും സൂചനയുമാണ് യേശുവിന്റെ ഈ ചോദ്യത്തിൽ അന്തർലീനമായിട്ടുള്ളത്. പ്രശാന്തമായ ഒരു സാഹചര്യത്തിൽ പ്രേഷിത വൃത്തിയെപ്പറ്റിയുള്ള സൂചനകളും പുതുക്കപ്പെട്ടതും അനിതരസാധാരണവുമായ ഒരു ആത്മീയ അനുഭവം കർത്താവ് പത്രോസിന് നൽകി, ആത്മാഭിമാനത്തിന് ക്ഷതം ഏൽപ്പിക്കാതെയും കുറ്റപ്പെടുത്താതെയും യഥാസ്ഥാനപ്പെടുത്തുവാൻ പുതിയ മാർഗ്ഗങ്ങൾ ഇവിടെ തുറന്നു കൊടുക്കുന്നു. കർത്താവ് "നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് പത്രോസിനോട് ചോദിക്കുമ്പോൾ, സ്നേഹത്തിന്റെ പൂർണതയിൽ മുറിപ്പാടുകളുടെ ആഴത്തിലൂടെയും സൗന്ദര്യത്തിലൂടെയും പത്രോസിനെ നേടിയെടുത്ത് നിയോഗ ശുശ്രൂഷ ഭരമേല്പിക്കുന്നുവെന്നും, ആടുകളെ നശിപ്പിക്കുന്ന ദുഷ്ടന്മാരുടെ ലോകം ആയതിനാൽ, വ്രണിതഹൃദയരാകേണ്ടി വരുന്ന ആടുകളുടെ സാന്ത്വനവും സ്പർശവുമായിരിക്കണം നമ്മുടെ ദൗത്യം എന്നും വ്യക്തമാക്കുന്നു.

**പുതു ഞായറാഴ്ചയ്ക്കു ശേഷം മൂന്നാം ഞായറാഴ്ച : വി. ലൂക്കോസ് 24:13–35**

വിശ്വാസത്തിൽ തളർന്നുപോയ 2 പേരുടെ എമ്മവൂസ് യാത്രാവിവരണവും ഉത്ഥിതന്റെ ഇടപെടലുകളുമാണ് ചിന്താവിഷയം : മുറിക്കപ്പെട്ട അപ്പവും പങ്കുവയ്ക്കപ്പെട്ട വചനവും.

ഉത്ഥിതനായ ക്രിസ്തുവിനെ കാണുവാൻ സഭ ഒരുക്കിത്തരുന്ന 2 സാദ്ധ്യതകളാണ്.

(1) വചനാധിഷ്ഠിത ജീവിതം
(2) കൗദാശിക ജീവിതം

1) വി. ലൂക്കോസ് 24:32 അവൻ വഴിയിൽ തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ? കല്ലറ ശൂന്യവും യേശു ഉത്ഥാനം ചെയ്തു എന്ന സ്ത്രീകളുടെ സാക്ഷ്യത്തിനും പ്രാധാന്യം കൊടുക്കാതെ ഈ രണ്ട് ശിഷ്യന്മാർ എമ്മവൂസിലേക്ക് യാത്ര ചെയ്യുവാനുള്ള കാരണങ്ങൾ

(1) മശിഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ എല്ലാം അവർ വിശ്വസിച്ചില്ല.

(2) കഷ്ടതകളുടെ ദാസൻ എന്ന രീതിയിലല്ല സകലവും കീഴടക്കി ഭരിക്കുന്ന വിമോചകനായി യേശുവിനെ/മശിഹായെ അവർ കാത്തിരുന്നു.

എന്നാൽ വഴിയിൽ യേശുതമ്പുരാൻ വിശുദ്ധ വചനങ്ങളുടെ വ്യാഖ്യാന വഴി കണ്ണുതുറന്നു ഹൃദയം ജ്വലിപ്പിച്ചതിനാൽ, നിരാശയിൽ നിന്നും ഉത്കണ്ഠയിൽ നിന്നും പ്രത്യാശയിലേക്കും വിശ്വാസത്തിലേക്കും ശിഷ്യന്മാർ നയിക്കപ്പെടുന്നതിന് ഇടയായിത്തീർന്നു. 2nd century യിലെ സഭാപിതാവ് തെർത്തുല്യൻ വിശുദ്ധ വചനങ്ങളെക്കുറിച്ച് എഴുതിയത് ഇവിടെ ശ്രദ്ധേയമാണ്. "ഭാവിയിലേക്ക് നോക്കുവാൻ നമ്മെ മാടിവിളിക്കുന്നതും യാഥാർത്ഥ്യങ്ങളിലേക്ക് നമ്മുടെ കണ്ണുകളെ തുറക്കുന്നതും ദൈവത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുവാൻ നാം ഒരുമിച്ച് കൂടുമ്പോഴാണ്. എന്തായാലും ഈ വിശുദ്ധ വചനങ്ങൾ വഴി നാം നമ്മുടെ വിശ്വാസത്തെ പരിപോഷിപ്പിക്കുകയും പ്രതീക്ഷകളെ ഉയർത്തുകയും പ്രത്യാശയെ ദൃഢമാക്കുകയും ചെയ്യുന്നു."

2) കൗദാശിക ജീവിതം

വി. ലൂക്കോസ് 24: 30,31 അവരുമായി ഭക്ഷണത്തിന് ഇരിക്കുമ്പോൾ അവൻ അപ്പം എടുത്ത് അനുഗ്രഹിച്ച് നുറുക്കി അവർക്ക് കൊടുത്ത ഉടനെ അവരുടെ കണ്ണു തുറന്നു അവർ അവനെ അറിഞ്ഞു. യേശുവിനെക്കുറിച്ച് വചനത്തിലൂടെ ലഭിക്കുന്ന അറിവ് പൂർണ്ണമാകുന്നതും അവനെ തിരിച്ചറിയാൻ കഴിയുന്നതും വി. കുർബ്ബാനയിലൂടെ ജീവന്റെ അപ്പത്തെ സ്വീകരിക്കുമ്പോഴാണ്.

**പുതു ഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായറാഴ്ച : വി. ലൂക്കോസ് 9:51–62**

ശത്രുതയോടുള്ള ശിഷ്യന്മാരുടെ പ്രതികരണവും യേശുവിന്റെ മറുപടിയും:

ശിഷ്യത്വത്തിലേക്ക് വന്നുചേരുന്നവർ അനുവർത്തിക്കേണ്ട 3 സുപ്രധാന സംഗതികൾ:

1. മശിഹായുടെ ദൗത്യം ശിക്ഷിക്കുകയല്ല രക്ഷിക്കുകയാണ്.

യഹൂദരെ, പ്രത്യേകിച്ച് യരുശലേമിലേക്കുള്ള തീർത്ഥാടകരെ ശത്രുതയോടുകൂടി വീക്ഷിച്ചിരുന്ന ശമര്യാക്കാർ യേശുവിനെ സ്വീകരിച്ചില്ല. കാരണം, ശമര്യരുടെ ആരാധനാസ്ഥലമായ ഗെരിസിമിലെ ആലയമാണോ യരുശലേമിലെ ആലയമാണോ യഥാർത്ഥത്തിൽ ദൈവസമ്തി ലഭിച്ചിട്ടുള്ളതിനെപ്പറ്റി ശമര്യരും യഹൂദരും തമ്മിൽ ഒരു വലിയ തർക്കമുണ്ടായിരുന്നു. ഈ തർക്കം ശത്രുതയിലേക്കും വിദ്വേഷത്തിലേക്കും നയിച്ചു. ഈ പശ്ചാത്തലത്തിൽ യരുശലേമിലേക്ക് യാത്ര പുറപ്പെട്ട യേശുവിന് ലഭിച്ച ആദ്യപ്രതികരണം തിരസ്കരണമാണ്. ഈ ശത്രുതയെ ശത്രുതകൊണ്ട് പ്രതികരിക്കാനുള്ള ശിഷ്യന്മാരുടെ നിർദ്ദേശത്തെ യേശു കർക്കശമായി നിരാകരിക്കുന്നു. പിന്നെയോ പ്രബോധന ശുശ്രൂഷ വഴിയായി ശമര്യരുടെ മാനസാന്തരത്തിനായി യേശു തമ്പുരാൻ ആഗ്രഹിക്കുന്നു. പിൽക്കാലത്ത് ശിഷ്യന്മാർ ശമര്യരുടെയിടയിൽ ഫലപ്രദവും സുശക്തവുമായ സുവിശേഷ പ്രവർത്തനം നടത്തുന്നതും ശമര്യാക്കാർ യേശുവിനെ സ്വീകരിക്കുന്നതും വി. ലൂക്കോസ് തന്നെ അപ്പോസ്തോല പ്രവർത്തികളിൽ വിവരിച്ചിട്ടുണ്ട് (അപ്പോ. പ്രവ. 8–ാം അദ്ധ്യായം)

**2) ശിഷ്യത്വത്തിലേക്ക് വന്നു ചേരുവാനുള്ള കഠിനമായ പരിത്യാഗത്തിന്റെ വഴികൾ:**

a) കർത്താവേ, നീ എവിടെപോയാലും ഞാൻ നിന്നെ അനുഗമിക്കാം? കർത്താവിന്റെ മറുപടി ശ്രദ്ധേയമാണ്. കുറുനരികൾക്ക് ഭൂഗർഭത്തിൽ രക്ഷാ സങ്കേതങ്ങളുണ്ട്, പക്ഷികൾക്ക് വ്യോമ ഗേഹങ്ങളുണ്ട്, മനുഷ്യപുത്രനോ തല ചായ്ക്കാൻ ഇടമില്ല. യേശുവിനെ അനുഗമിക്കുന്നവന് മർമ്മഭേദ്യങ്ങളായ ഘട്ടങ്ങൾലപോലും അഭിമുഖീകരിക്കേണ്ടതായി വരും എന്നതിന്റെ സൂചനയാണിത്. സ്വന്തം സുരക്ഷിതത്വത്തെക്കുറിച്ച് ചിന്തയില്ലാതെ ജീവിക്കുന്ന മനോഭാവമാണ് തന്റെ ശിഷ്യനായിരിക്കാൻ വേണ്ട യോഗ്യത എന്ന് ക്രിസ്തു പറയുന്നു.

b) യേശു കല്പിക്കുന്നു (9:59) 'എന്നെ അനുഗമിക്കുക' പിതാവിനെ സംസ്ക്കരിച്ചിട്ട് അവൻ വരാം എന്നു പറഞ്ഞപ്പോൾ കർത്താവ് പറഞ്ഞു. മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്ക്കരിക്കട്ടെ. മൃതസംസ്ക്കാരം പുണ്യ പ്രവൃത്തിയാണ് (ലേവ്യ. 21:1; 3:1, 1 രാജാ 19, 20). എന്നാൽ കുടുംബബന്ധങ്ങൾ നിമിത്തമുള്ള കടമകൾ നിർവ്വഹിക്കുന്നതിനേക്കാൾ വലുത് ദൈവരാജ്യം പ്രസംഗിക്കുക എന്നതാണ്.

c) കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം പക്ഷേ വീട്ടുകാരോട് യാത്രപറഞ്ഞിട്ട് വരുവാൻ എന്നെ അനുവദിക്കണം. നിരുപാധിക പ്രതിബദ്ധതയും കടമ നിർവ്വഹണവും ദൈവരാജ്യ പ്രഘോഷണത്തിനും കെട്ടുപണിക്കും ആവശ്യമാണ് എന്ന് ബോധിപ്പിക്കുന്നു. കർതൃസേവനത്തിനായും സഭാസേവനത്തിനായും പല ഘട്ടങ്ങളിലും ആന്തരീകമായി ലഭിച്ചിട്ടുള്ള ദൈവവിളി ഈ വിധത്തിൽ ലൗകീകമായിട്ടുള്ള പല കാരണങ്ങൾകൊണ്ട് നാം തടസ്സപ്പെടുത്തുകയല്ലേ ചെയ്തിട്ടുള്ളത്.

**പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായറാഴ്ച : വി. യോഹന്നാൻ 17:13–26**

യേശുക്രിസ്തുവിന്റെ മഹാപുരോഹിത പ്രാർത്ഥന (The high priestly prayer) എന്നാണ് വേദഭാഗത്തെ വിശേഷിപ്പിക്കുന്നത്. വി. യോഹന്നാൻ 13 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങൾ യേശുക്രിസ്തു ശിഷ്യന്മാരോട് നടത്തുന്ന വിടവാങ്ങൽ

പ്രസംഗമാണ്.

യഹൂദ പുരോഹിതൻ പാപപരിഹാര ദിനത്തിൽ അനുഷ്ഠിക്കുന്ന ബലിയർപ്പണ കർമ്മങ്ങളുടെ മാതൃകയിലാണ് യേശുവിന്റെ ഈ പ്രാർത്ഥന ക്രമീകരിച്ചിട്ടുള്ളത് (ലേവ്യ. 16:1-16; 23-32). പഴയ നിയമത്തിൽ മഹാപുരോഹിത പ്രാർത്ഥനയിൽ, തനിക്കു വേണ്ടിയും പുരോഹിതഗോത്രത്തിനുവേണ്ടിയും ഇസ്രായേൽ ജനം മുഴുവനും വേണ്ടി പ്രധാന പുരോഹിതൻ പ്രാർത്ഥിക്കുന്നതിനെ അനുസ്മരിച്ചുകൊണ്ട് യേശു തനിക്കുവേണ്ടിയും അപ്പോസ്തോലന്മാർക്കുവേണ്ടിയും സഭയിലെ ഭാവിവിശ്വാസികൾക്കുവേണ്ടിയും പ്രാർത്ഥിക്കുകയാണിവിടെ, മാത്രമല്ല ലോകത്തിന്റെ ശക്തികളിൽ നിന്ന് തന്റെ ശിഷ്യന്മാർക്ക് സംരക്ഷണം ലഭിക്കുവാനും ലോകത്തിലെ ശുശ്രൂഷയ്ക്കുവേണ്ടിയും ഐക്യത്തോടുകൂടിയുള്ള ശുശ്രൂഷയ്ക്കുവേണ്ടിയും നടത്തുന്ന പ്രാർത്ഥനയാണിത്. യേശുക്രിസ്തുവിന്റെ ഈ പ്രാർത്ഥനയുടെ ലക്ഷ്യം 3 വിധത്തിൽ സംഗ്രഹിക്കുവാൻ കഴിയും.

(1) പ്രാർത്ഥനയിലൂടെയും ബലിയർപ്പണത്തിലൂടെയും ദൈവനാമം മഹത്വപ്പെടണം.

(2) ശിഷ്യന്മാർ സംരക്ഷിക്കപ്പെടണം.

(3) ശിഷ്യന്മാരും അനുഗ്രഹിക്കുന്നവരും ശുദ്ധീകരിക്കപ്പെടണം.

1) അനുയായികളുടെയും അപരന്റെയും ജീവിതത്തിന് അർത്ഥം കല്പിക്കുന്ന പ്രാർത്ഥന.

ക്രിസ്തീയതയുടെ അന്തഃ സത്ത വെളിപ്പെടുത്തുന്ന പ്രാർത്ഥനയാണിത്. തന്റെ സങ്കടങ്ങളേക്കാളും ആകുലതകളേക്കാളും വേദനകളേക്കാളും വിലയും പ്രാധാന്യവുമുള്ളത് അപരന്റെയും തന്നെ അനുഗമിക്കുന്നവരുടെയും കണ്ണീരിനും ആകുലതയ്ക്കുമാണെന്ന് തിരിച്ചറിവിൽ നിന്നാണ് ക്രിസ്തീയത രൂപം കൊള്ളുന്നത്. ക്രിസ്താനുഭവത്തിൽ നിൽക്കുന്ന വിശ്വാസിക്ക് കർതൃപ്രാർത്ഥന എപ്രകാരം വിലപ്പെട്ടിരിക്കുന്നുവോ അപ്രകാരം വിടവാങ്ങൽ പ്രാർത്ഥനയും (മഹാപുരോഹിത പ്രാർത്ഥന) പ്രാധാന്യം നൽകുന്നുണ്ട്. കർതൃപ്രാർത്ഥനയോട് സാധർമ്മ്യമുള്ളതാണ് ഈ പ്രാർത്ഥന. 7 വാക്യങ്ങൾ ശ്രദ്ധേയവും ശ്രേഷ്ഠവുമാണ്.

(1) നിന്റെ നാമത്തിൽ ഇവരെ കാത്തുകൊള്ളണമെ (വി. യോഹ. 7:11)

(2) എന്റെ സന്തോഷം അവർക്ക് ഉള്ളിൽ പൂർണ്ണമാകേണ്ടതിന് (17:13)

(3) ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെവണ്ണം കാത്തുകൊള്ളണമെ (17:15)

(4) സത്യത്താൽ അവരെ വിശുദ്ധീകരിക്കണമെ (17:17)

(5) അവർ എല്ലാവരും ഒന്നാകേണ്ടതിന് (17:21)

(6) ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടൊപ്പം ആയിരിക്കുവാൻ (17:21)

(7) പിതാവിന്റെ മഹത്വം എനിക്ക് തന്നിട്ടുള്ളവർ കാണേണ്ടതിന് (17:24)

## അവയവദാന സമ്മതപത്ര സമർപ്പണം



സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 2013 ഫെബ്രുവരി 24 ന് കൂർത്തമല-കടപ്ര സെന്റ് ജോർജ്ജ് ചാപ്പലിൽ വെച്ച് അവയവദാന സമ്മതപത്ര സമർപ്പണവും ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും മെറിറ്റ് സ്കോളർഷിപ്പ് വിതരണവും നടന്നു.

## അപേക്ഷ ക്ഷണിക്കുന്നു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലുള്ള ഭവനരഹിതരും, സ്വന്തമായി 2 സെന്റ് സ്ഥലവുമെങ്കിലും ഉള്ളവർക്ക് 4 ലക്ഷം രൂപാ ചെലവിൽ മനോഹരമായ ഭവനം നിർമ്മിച്ചു നൽകുന്നതിനായി ആഗ്രഹിക്കുന്നു. വിശദവിവരങ്ങൾക്ക് വൈസ് പ്രസിഡന്റ് ഫാദർ. മാത്യു വർഗ്ഗീസ് പുളിമൂട്ടിലുമായി ബന്ധപ്പെടുക Mob: 9495765393

# കാർഷികം

**പി.എ. ഐസക് കുറ്റൂർ**

ശീതകാല പച്ചക്കറിയായ ക്വാളി ഫ്ളവർ ഈ മാസത്തോടെ ഫലം എടുത്തു കഴിയുമല്ലോ. ഫലം എടുത്ത ചെടി സംരക്ഷിച്ചാൽ തണ്ടിൽ നിന്നും ചിനപ്പുകൾ വരും. ചിന്നപ്പുകൾക്ക് 4 - 5 ഇല വരുമ്പോൾ സൂക്ഷമതയോടെ അടർത്തിയെടുത്ത് പോട്ടിംഗ് മിശ്രിതം നിറച്ച നേഴ്സറി കവറിൽ നട്ട് തണലിൽ സൂക്ഷിക്കണം. വെള്ളം അധികമാകാതെ ഈർപ്പം നിലനിർത്തിയാൽ മതിയാകും. തൈകൾ വളർച്ച കാണിക്കുമ്പോൾ പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോ ബാഗിലോ പ്ലാസ്റ്റിക് ചാക്കിലോ നട്ട് മഴ അധികം നനയാതെ വെയിൽ ലഭിക്കുന്ന സ്ഥലത്ത് വളർത്തിയെടുത്താൽ ക്വാളി ഫ്ളവർ ഉണ്ടാകും. ഫലം എടുത്തശേഷം വീണ്ടും ചിനപ്പുകൾമേൽ വിവരിച്ച പ്രകാരം തുലാം മഴ കഴിഞ്ഞാലുടൻ ഗ്രോ ബാഗിലോ പ്ലാസ്റ്റിക് ചാക്കിലോ വളക്കൂറുള്ള നല്ല സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലത്ത് കൃഷി ചെയ്താൽ ശീതകാലത്ത് നല്ല ഫലം ലഭിക്കും.

**പോട്ടിംഗ് മിശ്രിതം**: 1:1:1- മണ്ണ്: മണൽ (ചരൽ) : ഉണങ്ങിയ ചാണകപ്പൊടി ഒരു പിടി എല്ലുപൊടിയും വേപ്പിൻ പിണ്ണാക്കും ചേർക്കുന്നത് നല്ലതാണ്.

**അലങ്കാരച്ചെടി**: ബൊഗെയ്ൻപില്ല, പെൻസിൽവണ്ണമുള്ള കമ്പുകൾ 20 - 30 സെ.മീറ്റർ നീളത്തിൽ മുറിച്ച് ചുവടറ്റം ചേത്തിയും മുകളറ്റം വട്ടത്തിലും) പോട്ടിംഗ് മിശ്രിതം നിറച്ച് നേഴ്സറി കവറിൽ നട്ട് തണലത്തുവെച്ച് മുളപ്പിക്കുവാൻ പറ്റിയ സമയമാണ്.

ബാലപത്രിക



# നിങ്ങളുടെ മേൽക്കൂര ചോരുന്നതോ ?

സ്നേഹമുള്ള കൂട്ടുകാരെ,

ചോർച്ച അടയ്ക്കുന്ന സാങ്കേതിക വിദ്യ അവകാശപ്പെടുന്ന ഒരു ഏജൻസിയുമായി അടുത്തകാലത്തു വന്ന ഒരു പത്രപരസ്യത്തിന്റെ തലക്കെട്ടാണ് ''നിങ്ങളുടെ മേൽക്കൂര ചോരുന്നതോ''? ഇതു കണ്ടപ്പോൾ നമ്മുടെ ജീവിതത്തിലെ പല കാര്യങ്ങളുമായി ബന്ധമുള്ളതായി തോന്നി.

മേൽക്കൂരയുടെ ചോർച്ച മഴക്കാലത്തു മാത്രം പ്രത്യക്ഷപ്പെടുന്നു. അതുപോലെ നമ്മുടെ വ്യക്തിത്വത്തിന്റെ തനിമ വെളിപ്പെടുന്നത് പ്രതിസന്ധികളും പ്രശ്നങ്ങളും നമ്മെ അഭിമുഖീകരിക്കുമ്പോഴാണ്. മഴ പെയ്യുന്നതുവരെ മേൽക്കൂരയിലെ വിള്ളലുകളും സുഷിരങ്ങളും നമുക്കു ദൃശ്യമല്ല. തന്മൂലം മേൽക്കൂര ഭദ്രമെന്ന ചിന്ത നമുക്കുണ്ടാകുന്നു. എന്നാൽ മഴ പെയ്ത് മഴത്തുള്ളികൾ അവിടവിടെ വാർന്നൊലിക്കുമ്പോൾ മാത്രമേ ചോർച്ചയുടെ പ്രശ്നം നമുക്ക് മനസ്സിലാക്കുകയുള്ളു. നമ്മുടെ ആത്മാവിൽ പല വിള്ളലുകളും ഓടകളുമുണ്ടെന്നു പ്രതിസന്ധികൾ നേരിടുമ്പോൾ നമുക്ക് മനസ്സിലാകും അപ്പോൾ നമ്മുടെ പോരായ്മകളും അപര്യാപ്തതകളും ഒന്നൊന്നായി തെളിഞ്ഞുവരും. നമ്മുടെ അവിശ്വാസം, ഭയം, ഭീരുത്വം, സംശയങ്ങൾ ഇവയെല്ലാം മഴത്തുള്ളികൾ ചോർന്നൊലിക്കുന്നതുപോലെ നമ്മുടെ സംഭാഷണങ്ങളിലും പെരുമാറ്റങ്ങളിലും ബന്ധങ്ങളിലുമെല്ലാം പ്രത്യക്ഷപ്പെട്ടു തുടങ്ങും.

കഷ്ടതകളും പ്രതിസന്ധികളും നമ്മുടെ ആത്മീയതയുടെ നിലവാരവും വിശ്വാസത്തിന്റെ മാറ്റും ഉരച്ചു നോക്കുന്ന അവസരങ്ങളാണ്. ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങൾ നേരിടുമ്പോൾ വ്യക്തിത്വത്തിന്റെ വിള്ളലുകൾ തെളിയുകയും ചോർന്നൊലിക്കുന്നതുപോലെ പല സ്വഭാവ സവിശേഷതകളും വെളിപ്പെട്ടുവരും.

ഓരോ പരീക്ഷകളും വരുമ്പോൾ അതിനുള്ള പ്രതിവിധികളും ദൈവം കരുതുന്നുണ്ട്. വെള്ളം കഴുത്തോളമെത്തുമ്പോൾ ഭയചകിതരാകരുത്. ജലപ്രവാഹം കടന്നുവരുവാൻ ദൈവം അനുവദിച്ചത് നമ്മെ മുക്കി കളയുവാനല്ല. നമ്മെ കഴുകി ശുദ്ധീകരിക്കുവാനാകും.

നമ്മുടെ ജീവിതം കൊടുങ്കാറ്റിൽ അകപ്പെടുമ്പോൾ അവയിലൂടെ നമ്മുടെ യഥാർത്ഥ ആത്മീയ ആവശ്യങ്ങളെ തിരിച്ചറിയുവാനും അതിനുതകുന്ന പ്രതിവിധി കണ്ടെത്തുവാനുമാണ് ഉദ്ദേശിക്കുന്നത്.

കൂട്ടുകാരെ,

നോമ്പ്, പ്രാർത്ഥന, ആരാധന ഇവയിലൂടെ നമ്മുടെ ചോർച്ചയുള്ള മേൽക്കൂര അടച്ചു ഭദ്രമാക്കുവാൻ കഴിയണം. ദൈവകൃപയോടൊപ്പം നമ്മുടെ ശ്രമവും ഒന്നുചേരുമ്പോൾ ജീവിതത്തിന്റെ ചോർച്ചകളെ നീക്കി സന്തോഷപ്രദമാക്കുവാൻ കഴിയും. ചെറുപ്പം മുതലെ അതിനായി ശ്രമിക്കുമല്ലോ?

ദൈവം അനുഗ്രഹിക്കട്ടെ, സ്നേഹത്തോടെ **ആനിച്ചേച്ചി**



കാതോലിക്കാ ദിന കൊടി ഉയർത്തി കാതോലിക്കാദിനത്തിന്റെ ഉത്ഘാടനം അഭിവന്ദ്യ തിരുമേനി ബഥേൽ അരമന പള്ളിയിൽ നിർവ്വഹിക്കുന്നു.



കാതോലിക്കാ ദിന പിരിവിന്റെ ആദ്യ സംഭാവന അഭിവന്ദ്യ തിരുമേനി ബഥേൽ അരമന പള്ളിയിലെ ട്രസ്റ്റിക്ക് നൽകി ഉത്ഘാടനം നിർവ്വഹിക്കുന്നു




സഹപ്രവർത്തകരേ,

നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തെ സ്മരിക്കുന്ന വി. നോമ്പാചരണവും ഉയർപ്പുപെരുന്നാളും നാം ആഘോഷിച്ചു. പുതിയ ദർശനവും പ്രവർത്തനവും നമ്മുടെ ജീവിത്തെ സാംക്ഷീകരിപ്പാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം.

**ഒ.വി.ബി.എസ്.**

ഈ വർഷത്തെ ഒ.വി.ബി.എസ്. ഭദ്രാസനത്തിലെ എല്ലാ ഇടവകയിലും പ്രവർത്തിച്ചു. ചില യൂണിറ്റുകൾ താമസിച്ചു മാത്രമേ തുടങ്ങുകയുള്ളൂവെങ്കിലും സജീവമായ പ്രവർത്തനമാണ് ഓരോ യൂണിറ്റിലും നടക്കുന്നത്. പൊതുവേ ഈസ്റ്റർ കഴിഞ്ഞ് തുടങ്ങിയതിനാൽ കൂടുതൽ കുട്ടികൾക്ക് പങ്കെടുക്കുവാൻ സാധിക്കുന്നു. വി.യാക്കോ 4:10 ആധാരമാക്കിയുള്ള ചിന്താവിഷയമാണ് നല്കിയിട്ടുള്ളത. “കർത്താവിന്റെ സന്നിധിയിൽ താഴുവീൻ”; “അവൻ നമ്മെ ഉയർത്തും” എന്ന വാക്യം കാലാനുസൃതമായി ചിന്തിക്കുവാൻ സാധിക്കുന്നു. ബഹു. വികാരിമാരുടെയും ഇടവക ഭരണസമിതിയുടെയും ജനങ്ങളുടെയും ആത്മാർത്ഥമായ സഹകരണം മിക്ക ഇടവകയിൽ കാണുവാൻ സാധിച്ചു. ഭരണസമിതിയിലെ സജീവത്വംഈവർഷമാണ് കാണുവാൻ കഴിഞ്ഞത്. യൂണിറ്റ്സൂപ്രണ്ട്, കൺവീനർ, അദ്ധ്യാപകർ, കുഞ്ഞുങ്ങൾ എന്നിവരുടെ ആത്മാർത്ഥമായ സേവനത്തെ നന്ദിയോടെ അനുമോദിക്കുന്നു.

**ജന്മദിനം**

മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ ബിഷപ്പും ചെങ്ങന്നൂർ ഭദ്രാസനാധിപനുമായ അഭിവന്ദ്യ തിരുമേനിയുടെ 75–ാം ജന്മദിനാഘോഷം ചെങ്ങന്നൂർ ഐ.എച്ച് ആർ.ഐ. ആഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടതിൽ സൺഡേസ്കൂൾ കൗൺസിൽ അംഗങ്ങളും പ്രവർത്തകരും പങ്കെടുക്കുകയും ഭദ്രാസന സണ്ടേസ്കൂളിന്റെ വകയായി കൊഴുവല്ലൂരിൽ സ്ഥാപിക്കുന്ന സ്നേഹ സദനത്തിന് സംഭാവന നല്കി ആശംസകൾ നേരുകയും ചെയ്തു.

**പി.റ്റി.എ.**

അഭിവന്ദ്യ തിരുമേനിയുടെ കല്പനപ്രകാരം മിക്ക ഇടവകയിൽ നിന്നും നല്ല പ്രചോദനം ലഭിച്ചുകൊണ്ടിരിക്കുന്നു. പി.റ്റി.എ. യുടെ ലിസ്റ്റ് ഇടവകയിൽ നിന്നും ഹെഡ്മാസ്റ്റർ വാങ്ങിതരുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**വാർഷിക പൊതുയോഗം**

സൺഡേസ്കൂൾ വാർഷിക പൊതുയോഗം അടുത്തമാസം കൂടേണ്ടതാകയാൽ പാഠ്യ പാഠ്യേതര വിഷയത്തിൽ ഭദ്രാസനാടിസ്ഥാനത്തിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവർ ഏപ്രിൽ 25 –ാം തീയതിയ്ക്കുമുമ്പായി ഫോട്ടോ ഡിസ്ട്രിക്ട് ഇൻസ്പെകറെ ഏല്പിക്കേണ്ടതാണ്.

**സൺഡേ സ്കൂൾ പ്രവർത്തനം**

സൺഡേസ്കൂളിന് കൂടുതൽ പ്രചോദനം ലഭിക്കത്തക്കനിലയാലായിരിക്കണം ഒ.വി.ബി.എസിന്റെ പ്രവർത്തനം. സ്കീം അനുസരിച്ച് പഠിപ്പിയ്ക്കുവാനും അദ്ധ്യാപകർ നോട്ട് എഴുതി പഠിപ്പിക്കുവാനും തയ്യാറാകണം. സൺഡേസ്കൂളിന്റെ പ്രവർത്തനമാണ് ഇടവകയുടെ നിലനില്പ്പ് എന്നതിനാൽ വിശ്വാസത്തിലും അനുഷ്ഠാനത്തിലും ഊന്നൽ നല്കി പഠിപ്പിക്കുവാൻ സാധിക്കണം.

കൗൺസിലിനുവേണ്ടി
സണ്ടേസ്കൂൾ ഡയറക്ടർ
**ജി. വർഗ്ഗീസ് കാവുംപുറം**

# പ്രശസ്ത വിജയം



2012 ലെ മർത്ത്മറിയം സമാജത്തിന്റെ കേന്ദ്രപരീക്ഷയിൽ സൂപ്പർ സീനിയർ വിഭാഗത്തിൽ ഭദ്രാസന തലത്തിൽ ഒന്നാം സ്ഥാനം നേടിയ ശ്രീമതി ശോശാമ്മ ജോർജ്ജ്, ഹോളി ഇന്നസെന്റ്സ് ഓർത്തഡോക്സ് പള്ളി, മെഴുവേലി.



കേന്ദ്രപരീക്ഷയിൽ സൂപ്പർ സീനിയർ വിഭാഗത്തിൽ ഭദ്രാസന തലത്തിൽ ഒന്നാം സ്ഥാനം നേടിയ ശ്രീമതി ഏലിയാമ്മ മാത്യു, സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ, ചെങ്ങന്നൂർ



2011–2013 ബാച്ചിൽ GOCE കോഴ്സിന് മലങ്കര അടിസ്ഥാനത്തിൽ 82% മാർക്കോടെ ശ്രീമതി ആനി ജോസഫ്, പുത്തൻകാവ് രണ്ടാം റാങ്ക് കരസ്ഥമാക്കുകയുണ്ടായി

# ദൈവാത്മ പരിവർത്തനത്തിന്റെ ആവശ്യം – ഇന്ന്

ശ്രീമതി ഗ്രേസി രാജു തയ്യിൽ

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ "പരിവർത്തിച്ചുകൊണ്ടിരിക്കുന്നു"(ഉല്പ. 1:1–2). ദൈവത്തിന്റെ ആത്മാവ് വെളിച്ചത്തിൻ മേൽ എന്നപോലെ നമ്മുടെ മേലും ഇന്നും പരിവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കാരണം അവന്റെ പരിവർത്തനത്തിന് വിധേയരായി ജന്മമെടുത്തവരാണ് നാം ഓരോരുത്തരും. പക്ഷെ, പാപത്തിന് അടിമകളായ നാം ഇത് മനസ്സിലാക്കുന്നില്ല എന്നുമാത്രം.

"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു" (ഉല്പ. 2:7,8). നിലത്തെ പൊടിയെ പരിവർത്തന വിധേയമാക്കി ജീവശ്വാസം കൊടുത്തപ്പോൾ ആദം എന്ന ആദി മനുഷ്യൻ ഉണ്ടായി.

ആ മഹാവൈദ്യൻ അടുത്തതായി പരിവർത്തനവിധേയമാക്കിയത് താൻ ഉണ്ടാക്കിയ ആദി മനുഷ്യനിൽ തന്നെയായിരുന്നു. അങ്ങനെ ആദ്യ ശസ്ത്രക്രിയാ വിദഗ്ദ്ധനായ യഹോവ തന്റെ സൃഷ്ടിയായ മനുഷ്യന് ഒരു ഗാഢനിദ്രവരുത്തി. (ശസ്ത്രക്രിയയ്ക്ക് മുമ്പായി രോഗിയെ മയക്കി കിടത്തുന്നതുപോലെ) അവന്റെ വാരിയെല്ലെടുത്ത് അതിൽ മജ്ജയും മാംസവും വച്ച് പിടിപ്പിച്ച് ഒരു സ്ത്രീയാക്കി മാറ്റി. (ആദ്യത്തെ ക്ലോംണിംഗ് എന്നു തന്നെ പറയാം) എല്ലാം തന്റെ കാൽക്കീഴിലാണെന്ന് അഹങ്കരിക്കുന്ന ശാസ്ത്രലോകം ഇവയെല്ലാം തങ്ങളുടെ സ്വന്തം കണ്ടുപിടിത്തങ്ങളാണെന്ന് സ്വയം അഹങ്കരിക്കുന്നതെന്തിന് !!!!

ഇനിയും പുതിയ നിയമത്തിലെ ഒരു അത്ഭുതത്തിലേക്ക് ഒന്ന് നോക്കാം. കാനാവിലെ "കൊത്ത്നു" എന്ന ചെറിയ സ്ഥലത്തു നടന്ന ഒരു പരിവർത്തനം. "വെറും വെള്ളത്തെ" കല്യാണത്തിന് വന്ന വിരുന്നുകാർക്ക് രുചിയേറിയ "പുതു വീഞ്ഞായി" മാറ്റി കൊടുത്ത് അവിടെ ഉണ്ടായിരുന്നവരിൽ അത്ഭുതം സൃഷ്ടിച്ച സംഭവം. പരിശുദ്ധ നോമ്പിനു മുമ്പായി നടന്ന ഒരു പരിവർത്തനം. ഈ ഒരു പരിവർത്തനമാണ് നമുക്കിന്നാവശ്യം.

ഇന്ന് ഓരോ വ്യക്തികളിലും പരിവർത്തനം ഉണ്ടായേ തീരൂ. ലോക നിലനില്പ്പിന് ഇന്ന് ഇത് ആവശ്യമാണ്. എവിടെയാണ് രൂപാന്തരം ഉണ്ടാകേണ്ടത്? വ്യക്തിയ്ക്ക ദൈവമായും, വ്യക്തിയും, വ്യക്തിയുമായും, പരിസ്ഥിതിയും തമ്മിലുമെല്ലാം കൃപ നിറഞ്ഞ ബന്ധങ്ങൾ ഉണ്ടാകുമ്പോഴേ പരിവർത്തനം ഉണ്ടാകുകയുള്ളു. പാപികളായ നമ്മെ യേശു അവന്റെ തിരുരക്തത്തിലൂടെ ശുദ്ധീകരിച്ചു എന്ന ഓർമ്മ ഉണ്ടായാൽ മാത്രമേ തിരുത്തലും, സമൂഹത്തിൽ പരിവർത്തനവും സാദ്ധ്യമാകുകയുള്ളു. അത് സാധ്യമാകുന്നതാണ് ക്രിസ്തു സാക്ഷ്യം.

നമുക്കു ചുറ്റും ഉള്ളവരെ അകറ്റിനിർത്തുന്നതാണ് ഇന്നത്തെ ലോകരീതി. സ്വയം വളരാനും, പ്രതിബന്ധങ്ങൾ ഒഴിവാക്കുവാനുമായി നമ്മുടെ സ്വന്തസഹോദരങ്ങളെപ്പോലും നാം മനസ്സിൽ നിന്നുതന്നെ ഒഴിവാക്കുന്നു. ലോകം ദിനംപ്രതി അധഃപതിക്കുകയല്ലേ? ദൈവത്തിന് മഹത്വമാണോ അതോ സങ്കടമാണോ നാം കൊടുക്കുന്നതെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. സഹോദരന്റെ ആവശ്യം മനസ്സിലാക്കി അതിനുവേണ്ടി നമ്മുടെ ജീവിതം ക്രമപ്പെടുത്തുവാൻ നമുക്ക് ശ്രമിക്കാം. സഹോദരനിലേക്കും പ്രകൃതിയിലേക്കുമുള്ള ഒരു മടങ്ങിവരവാണ് ഇന്നിന്റെ ആവശ്യം. ദൈവവുമായി മനുഷ്യൻ അകന്നതാണ് തിന്മയുടെ കടന്നുകയറ്റത്തിന്റെ കാരണം തന്നെ. വളർന്നുവരുന്ന തലമുറ ദൈവസാന്നിദ്ധ്യം ഇല്ലാത്തവരായി മാറിക്കൊണ്ടിരിക്കുകയാണ്.

ദൈവം മനുഷ്യനെ അഭിമുഖീകരിക്കുമ്പോൾ ചില ചോദ്യങ്ങൾ ചോദിക്കുന്ന സന്ദർഭങ്ങൾ വി. വേദപുസ്തകത്തിൽ ഉല്പത്തിയിൽ നാം കാണുന്നുണ്ട്. പാപം ചെയ്ത് ദൈവത്തെ അഭിമുഖീകരി

ശേഷം 33–ാം പേജിൽ

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ച് തരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

**മറിയാമ്മ ചെറിയാൻ** ആശാരിയേത്ത്
ചെള്ളേത്ത്, തട്ടയ്ക്കാട്, കോയിപ്രം

# ചെങ്ങന്നൂർ ഭദ്രാസന സുവിശേഷ സംഘം ഭാരവാഹികൾ (2013–2016)

ചെങ്ങന്നൂർ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ചെങ്ങന്നൂർ ഭദ്രാസന സുവിശേഷ സംഘം (2013–2016) ഭദ്രാസന ഭാരവാഹികളായി താഴെ പേർ പറയുന്നവരെ അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നിയമിച്ചു.

**മെത്രാസന സുവിശേഷ സംഘം**
വൈസ് പ്രസിഡന്റ് റവ. ഫാ. ബിജു റ്റി. മാത്യു
സെക്രട്ടറി ശ്രീ. സജി വർഗ്ഗീസ്
ജോ. സെക്രട്ടറി ശ്രീ. എബി അലക്സാണ്ടർ

**മാർ പീലക്സിനോസ് വൈദിക മിഷൻ**
ഡയറക്ടർ റവ. ഫാ. വിൽസൺ ശങ്കരത്തിൽ

**ബസ്ക്യാമ്മ അസ്സോസിയേഷൻ**
വൈസ് പ്രസിഡന്റ് റവ. ഫാ. മാത്യു തോമസ്സ്
സെക്രട്ടറി ശ്രീമതി റേച്ചൽ ചെറിയാൻ

**സണ്ടേസ്ക്കൂൾ**
വൈസ് പ്രസിഡന്റ് : റവ. ഫാ. ജോസ് തോമസ്
ഡയറക്ടർ : ശ്രീ. ജി. വർഗ്ഗീസ്
സെക്രട്ടറി : ശ്രീ. സി. എം. തോമസ്

***ചെങ്ങന്നൂർ***
ഡിസ്ട്രിക്റ്റ് പ്രസിഡന്റ് : റവ. ഫാ. ജിബു ഫിലിപ്പ്
ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ : ശ്രീ. റ്റി. എം. തോമസ്
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീ. റ്റി. എം. വർഗ്ഗീസ്

***പുത്തൻകാവ്***
ഡിസ്ട്രിക്റ്റ് പ്രസിഡന്റ് : റവ. ഫാ. ബിജു റ്റി. മാത്യു
ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ : ശ്രീ. ഏബ്രഹാം തോമസ്
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീ. സിബി മത്തായി

***പന്തളം***
ഡിസ്ട്രിക്റ്റ് പ്രസിഡന്റ് : റവ. ഫാ. കെ. എസ്. ശാമുവേൽ
ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ : ശ്രീ. ബിനോയ് പി. ജോർജ്ജ്
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീ. വി. ജോൺസൺ

***ഉമയാറ്റുകര***
ഡിസ്ട്രിക്റ്റ് പ്രസിഡന്റ് : റവ. ഫാ. ഐപ്പ് പി. സാം
ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ : ശ്രീ. കെ. എം. മത്തായി
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീ. എൻ. സി. ചാണ്ടി

***ഇടവങ്കാട്***
ഡിസ്ട്രിക്റ്റ് പ്രസിഡന്റ് : റവ. ഫാ. മാത്യു ഏബ്രഹാം
ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ : ശ്രീ. കെ. എം. ബർസൗമ്മ
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീമതി ഏലിയാമ്മ ജോൺ

**പ്രാർത്ഥനാ യോഗം**
വൈസ് പ്രസിഡന്റ് : റവ. ഫാ. സി. പി. ചാക്കോ
സെക്രട്ടറി : ശ്രീ. വി. എം. ജോയി
ജോ. സെക്രട്ടറി : ശ്രീ. എ. ജെ. ജേക്കബ്

***ചെങ്ങന്നൂർ***
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീ. കെ. ബി. തോമസ്

***പുത്തൻകാവ്***
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീ. രാജൻ കെ. മാത്യു

***പന്തളം***
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീ. രാജൻ മത്തായി

***ഉമയാറ്റുകര***
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീ. ഷാജി പി. ഫിലിപ്പ്

***ഇടവങ്കാട്***
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീ. കെ. ഒ. വർഗ്ഗീസ്

**മർത്ത്മറിയം സമാജം**
വൈസ് പ്രസിഡന്റ് : റവ. ഫാ. ഫിലിപ്പ് ജേക്കബ്
സെക്രട്ടറി : ശ്രീമതി ലിസ്സി വർഗ്ഗീസ്
ജോയിന്റ് സെക്രട്ടറി : ശ്രീമതി സോഫിയാ രാജൻ

***ചെങ്ങന്നൂർ***
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീമതി മോളി ജോർജ്ജ്

***പുത്തൻകാവ്***
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീമതി ആനി ജോൺസൺ

***പന്തളം***
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീമതി അന്നമ്മ ജോൺ

***ഉമയാറ്റുകര***
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീമതി ലിസ്സി വർഗ്ഗീസ്

***ഇടവങ്കാട്***
ഡിസ്ട്രിക്റ്റ് സെക്രട്ടറി : ശ്രീമതി ബിന്ദു മോനി

**യുവജന പ്രസ്ഥാനം**
വൈസ് പ്രസിഡന്റ് : റവ. ഫാ. മാത്യു ഏബ്രഹാം
സെക്രട്ടറി : ശ്രീ. ജോബിൻ കെ. ജോർജ്ജ്
ജോ. സെക്രട്ടറി : ശ്രീമതി ഷീബാ കോശി

**ചെങ്ങന്നൂർ**
ഓർഗനൈസർ : ശ്രീ. അനി വർഗ്ഗീസ്

***പുത്തൻകാവ്***
ഓർഗനൈസർ : ശ്രീ. അനീഷ് കോശി

**പന്തളം**
ഓർഗനൈസർ : ശ്രീ. ശ്രീ. പി. എം. സാമുവേൽ

**ഇടവങ്കാട്**
ഓർഗനൈസർ : ശ്രീ. വർഗ്ഗീസ് ഫിലിപ്പ്

**ഉമയാറ്റുകര**
ഓർഗനൈസർ : ശ്രീ. തോമസ് വി. ജോൺ

**ബാലസമാജം**
വൈസ് പ്രസിഡന്റ് : റവ. ഫാ. തോമസ് വർഗ്ഗീസ് കടവിൽ
സെക്രട്ടറി : ശ്രീ. റിജോഷ് ഫിലിപ്പ്
സെക്രട്ടറി : ശ്രീമതി അഞ്ജന റബേക്ക റോയ്

**ചെങ്ങന്നൂർ**
ഓർഗനൈസർ : ശ്രീ. അനു തോമസ്

**പുത്തൻകാവ്**
ഓർഗനൈസർ : ശ്രീ. നിജിൽ ജേക്കബ് വർഗ്ഗീസ്

**പന്തളം**
ഓർഗനൈസർ : ശ്രീ. സഞ്ചു രാജൻ

**ഉമയാറ്റുകര**
ഓർഗനൈസർ : ഷൈനു ജിജി

**ഇടവങ്കാട്**
ഓർഗനൈസർ : ശ്രീ. സിബി വർഗ്ഗീസ്

**ദിവ്യബോധനം**
വൈസ് പ്രസിഡന്റ് : റവ. ഫാ. സഖറിയാ പനയ്ക്കാമറ്റം
ഡയറക്ടർ : ശ്രീ. വി. എസ്. രാജു

***ചെങ്ങന്നൂർ***
ഓർഗനൈസർ : ശ്രീമതി ഗ്രേസി തോമസ്

***പുത്തൻകാവ്***
ഓർഗനൈസർ : ശ്രീമതി ആൻസി ജോർജ്ജ്

***പന്തളം***
ഓർഗനൈസർ : ശ്രീ. വി. ജി. ജോൺ

***ഉമയാറ്റുകര***
ഓർഗനൈസർ : ശ്രീ. കെ. സി. വർഗ്ഗീസ്

***ഇടവങ്കാട്***
ഓർഗനൈസർ : ഡോ. എലിസബേത്ത് തോമസ്

**എം. ജി. ഒ. സി. എസ്. എം.**
വൈസ് പ്രസിഡന്റ് : റവ. ഫാ. വിമൽ മാമ്മൻ ചെറിയാൻ
സെക്രട്ടറി : ശ്രീ. സിബി മത്തായി
ജോയിന്റ് സെക്രട്ടറി : ശ്രീ. ഷിജു പി. ജോയി
***ചെങ്ങന്നൂർ***
ഓർഗനൈസർ : ശ്രീമതി റെയ്ച്ചൽ തോമസ്
***പുത്തൻകാവ്***
ഓർഗനൈസർ : ശ്രീ. മാത്യു ഏബ്രഹാം
***പന്തളം***
ഓർഗനൈസർ : ശ്രീ. ലിജോ രാജു
***ഉമയാറ്റുകര***
ഓർഗനൈസർ : ശ്രീ. പ്രവീൺ മാത്യു കുര്യൻ
***ഇടവങ്കാട്***
ഓർഗനൈസർ : ശ്രീമതി ഷൈനി മത്തായി
**ദശാംശ പദ്ധതി**
ഡയറക്ടർ : റവ. ഫാ. മത്തായി സഖറിയാ
**ദൈവവിളി സംഘം**
വൈസ് പ്രസിഡന്റ് : റവ. ഫാ. ജോർജ്ജ് ഏബ്രഹാം
സെക്രട്ടറി : ശ്രീ. പോൾസൺ ജോൺ
**മദ്യവർജ്ജന പ്രസ്ഥാനം**
വൈസ് പ്രസിഡന്റ് : റവ. ഫാ. ജേക്കബ് ചെറിയാൻ
കോ-ഓർഡിനേറ്റർ : ശ്രീ. ബാബു അലക്സാണ്ടർ
**ബസ്സേലിയോസ് കൗൺസിലിംഗ് സെന്റർ**
കോ-ഓർഡിനേറ്റർ : റവ. ഫാ. ജിബു ഫിലിപ്പ്
സെക്രട്ടറി : റവ. ഫാ. സഖറിയാ തോമസ്
**ശുശ്രൂഷക സംഘം**
വൈസ് പ്രസിഡന്റ് : റവ. ഫാ. സുനിൽ ജോസഫ്
സെക്രട്ടറി : ശ്രീ. രാജു
**ഫിലോക്സ് സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്ക്**
ഡയറക്ടർ : റവ. ഫാ. ഷിബു വർഗ്ഗീസ്
**മാർ പീലക്സിനോസ് റിസർച്ച് & ഗൈഡൻസ് സെന്റർ**
ലൈബ്രേറിയൻ : റവ. ഫാ. മത്തായി സഖറിയാ
**വിദ്യാജ്യോതി**
ഡയറക്ടർ : റവ. ഫാ. രാജൻ വർഗ്ഗീസ്
**ശീലോഹാം മിനിസ്ട്രി**
ഡയറക്ടർ : റവ. ഫാ. ജേക്കബ് റ്റി. ഏബ്രഹാം
**ഇക്കോളജിക്കൽ കമ്മീഷൻ**
വൈസ് പ്രസിഡന്റ് : റവ. ഫാ. കോരുത് ചെറിയാൻ
സെക്രട്ടറി : ശ്രീ. പി. എ. ഐസക്ക്
**മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റ്**
ഡയറക്ടർ : റവ. ഫാ. ജോസഫ് കുറിയാക്കോസ്
**പി. ആർ. ഒ.**
റവ. ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്

---

**31-ാം പേജിൽ നിന്നും...**

ക്കുവാൻ ഭയപ്പെട്ട് വൃക്ഷത്തിന്റെ മറവിൽ ഒളിച്ച ആദ്യമനുഷ്യനായ ആദത്തോട് ദൈവം ചോദിക്കുന്നു. "നീ എവിടെ?" ആദാമിന്റെ മൂത്തമകനായ കായേൻ ഇളയ സഹോദരനായ ഹാബേലിനെ കൊന്ന് ഒളിച്ചിരിക്കുമ്പോൾ ദൈവം കായേനോട് ചോദിക്കുന്നു "നിന്റെ സഹോദരൻ എവിടെ?"

ആത്മീയ തകർച്ചയിൽ നിന്ന് ഒരുവനെ വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ ചോദ്യമാണ് "നീ എവിടെ എന്നുള്ളത്. നിന്റെ സഹോദരൻ എവിടെ" എന്ന ചോദ്യം തകർന്നുപോയ സഹോദരബന്ധത്തെ പുതുക്കാൻ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ കാലഘട്ടത്തിന്റെ ഏറ്റവും പ്രസക്തമായ ചോദ്യമാണ് "നിന്റെ മാതാപിതാക്കൾ എവിടെ?" എന്നുള്ളത് മാതാപിതാക്കളും, മക്കളും തമ്മിലുള്ള ബന്ധത്തിന്റെ വീണ്ടെടുപ്പിനായി നമ്മോടുള്ള ആഹ്വാനമാണ് ഈ ചോദ്യം.

"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന വചനമാണ് ഇവിടെ നാം അന്വർത്ഥമാക്കേണ്ടത്. അന്ധകാരം ലോകം മുഴുവനും വ്യാപരിക്കുവാൻ വെമ്പൽ പൂണ്ട് നിൽക്കുന്ന ഈ കാലഘട്ടത്തിൽ നാം ക്രിസ്തുവിന്റെ സന്ദേശങ്ങൾ ഉൾക്കൊണ്ട് അവന്റെ പരിവർത്തനത്തിൽ വിധേയരായി ലോകത്തെ പ്രകാശിപ്പിക്കാൻ തയ്യാറാകണം. അതിനാവശ്യമായ ഊർജ്ജം അവന്റെ വചനങ്ങളിൽക്കൂടി നാം ആർജ്ജിക്കണം.

ഇന്ന് എല്ലാവരും ദൈവമേ ഇത് നടപ്പാക്കിത്തരണേ, അത് സാധിപ്പിച്ചുതരണേ എന്ന് പ്രാർത്ഥിച്ചു ദൈവത്തിന് പരിവർത്തനം ഉണ്ടാക്കുവാനാണ് ശ്രമിക്കുന്നത്. ദൈവം ആഗ്രഹിക്കുന്നത് ചെയ്യാൻ നിന്റെ പരിവർത്തനത്തിന് വിധേയനാക്കേണമേ എന്നാണ് നാം പ്രാർത്ഥിക്കേണ്ടത്.

മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികൾ കണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാൻ തക്കവണ്ണം ദൈവത്തിന്റെ ആത്മാവ് നമ്മളിൽ പരിവർത്തിക്കേണമേ എന്ന് നമുക്ക് ഒരുമയോടെ പ്രാർത്ഥിക്കാം. ഏദൻ തോട്ടത്തിന്റെ നടുവിലുള്ള വിലക്കപ്പെട്ട മരത്തിന്റെ ചുവട്ടിലേക്കല്ല; നമുക്കായി സ്വയം യാഗമായിത്തീർന്ന കാൽവറിയിലെ ക്രൂശിൻ ചുവട്ടിലേക്ക് പരിവർത്തനത്തിന്റെ പാതയിലേക്ക് നമുക്ക് നടന്നടുക്കാം. എങ്കിൽ മാത്രമേ നമ്മിലുള്ള പരിവർത്തനം കൊണ്ട് നമ്മുടെ സഹയാത്രികരുടെ ജീവിതം ധന്യവും സമ്പന്നവുമാകൂ.

## ഓർമ്മപ്പെരുന്നാൾ

മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ 2013 മേയ് 12, 13 തീയതികളിൽ കുളനട സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചാപ്പലിൽ സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. 5 ന് കൊടിയേറ്റ് 10 ന് കുടുംബ നവീകരണ ധ്യാനത്തിന് ഫാ. ഫിലിപ്പ് തരകൻ നേതൃത്വം നൽകും. 12 ന് റാസ, ശ്ലൈഹിക വാഴ്വ് 13 ന് വി. മൂന്നിന്മേൽ കുർബ്ബാന, ആചാര്യ ആദരം, ജൂബിലി ഭവന ദാന ശിലാസ്ഥാപനം പരിപാടികൾക്ക് വികാരി ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്, ട്രസ്റ്റിമാരായ ശ്രീ. പി. എം. മത്തായി, ശ്രീ. വില്ലീസ് ജോയിസ്, സെക്രട്ടറി ശ്രീ. പി.ഒ. ഡാനിയേൽ, കൺവീനർ ശ്രീ. പി.ഡി മത്തായി എന്നിവർ നേതൃത്വം നൽകും.




അഭിവന്ദ്യ തിരുമനസ്സിലെ ജന്മദിന പഞ്ചസപ്തതി വളരെ അനുഗ്രഹപ്രദമായി ആഘോഷപൂർവ്വം വിവിധ മത സാംസ്ക്കാരിക രാഷ്ട്രീയ നായകന്മാരുടെ പങ്കാളിത്വത്തോടെ ഏപ്രിൽ മാസം 7 നു നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാ വന്ദ്യവൈദീകരോടും, എല്ലാ ഇടവകാംഗങ്ങളോടും, ചുമതല വഹിച്ച എല്ലാവരോടും, സഹകരിച്ച എല്ലാ ബഹു. ജനങ്ങളോടും നന്ദിഅറിയിക്കുന്നു.

പഞ്ചസപ്തതി സ്മാരകമായി അശരണരായ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പാക്കുന്ന സ്നേഹഭവന്റെ നിർമ്മാണ ഫണ്ടിലേക്ക് സംഭാവനകൾ നൽകിയ എല്ലാവർക്കും നന്ദി കരേറ്റുന്നു. വേഗത്തിൽ പണി പൂർത്തീകരിച്ച് നടപ്പാക്കുവാൻ ഇടവകകളും വ്യക്തികളും പരമാവധി പങ്കുവഹിക്കണം എന്ന് പ്രത്യേകം ഓർമ്മിക്കുന്നു.

ആദ്ധ്യാത്മീയ സംഘടനകളുടെ ചുമതലക്കാരെ പുനസംഘടിപ്പിച്ചുകൊണ്ട് അഭിവന്ദ്യ തിരുമേനി കൽപ്പന പുറപ്പെടുവിച്ചിരുന്നുവല്ലോ. ചുമതല ഏൽപ്പിച്ച ഏവരും ടെലിഫോൺ നമ്പർ ഉൾപ്പെടെയുള്ള മേൽവിലാസവും, പാസ്സ്പോർട്ട് സൈസ് ഫോട്ടോയും ഭദ്രാസന ആഫീസിൽ ഏൽപ്പിക്കണം. കഴിഞ്ഞ മൂന്ന് വർഷക്കാലം ശ്രേഷ്ഠമായ നിലയിൽ ചുമതല നിർവ്വഹിച്ച ഏവരേയും പ്രത്യേകം അഭിനന്ദിക്കുന്നു. പുതുതായി ചുമതല ഏറ്റ എല്ലാവരേയും ആത്മാർത്ഥമായി സ്വാഗതം ചെയ്യുകയും കർമ്മനിരതരായി കർത്തൃശുശ്രൂഷയിൽ വ്യാപരിപ്പാൻ കരുത്ത് നൽകുവാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ പ്രവർത്തനകാലം 2013 മാർച്ച് 31 ന് അവസാനിച്ചിരിക്കയാൽ ഭദ്രാസനത്തിലെ വിവിധ ആത്മീയസംഘടനകളുടെ ചുമതല വഹിച്ചിരുന്നവർ, അതാത് സംഘടനകളുടെ കമ്മിറ്റി അംഗീകരിച്ച വാർഷിക റിപ്പോർട്ടും, കണക്കും ഭദ്രാസന ആഫീസിൽ നൽകി ആഡിറ്റിനു വിധേയമാക്കേണ്ടതാണ്.

ഭദ്രാസനത്തിൽ പ്രവർത്തിക്കുന്ന ബഹു. വൈദീകരുടെ ജനറൽ ട്രാൻസ്ഫർ നിർവ്വഹിച്ചുകൊണ്ട് അഭിവന്ദ്യ തിരുമനസ്സിലെ കൽപ്പന 12.04.2013 പുറപ്പെടുവിച്ചിരിക്കുന്നു. പുതിയ ഇടവകകളിൽ കൂടുതൽ ദൈവാശ്രയത്തോടെ പ്രവർത്തിക്കുവാൻ ദൈവം കൃപചെയ്യട്ടെ.

ഭദ്രാസനത്തിൽ ശുശ്രൂഷ നിർവ്വഹിച്ചു വരുന്ന ബഹു. മാത്യു ഏബ്രഹാം അച്ചന്റെ വന്ദ്യ മാതാവ് ശ്രീമതി അന്നമ്മ ഏബ്രഹാം (ആലംബ്രതുണ്ടിയിൽ)ന്റെ ദേഹവിയോഗത്തിൽ ചെങ്ങന്നൂർ ഭദ്രാസനം മുഴുവനായും, ആ കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കു ചേരുകയും പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സസ്നേഹം കർത്തൃശുശ്രൂഷയിൽ

**ഫാ. തോമസ് കൊക്കാപ്പറമ്പിൽ**

(ഭദ്രാസന സെക്രട്ടറി)

---

## യുവവേദി

പ്രിയ യുവജനങ്ങളെ,

2013-16 വർഷത്തിലേക്കുള്ള യുവജനപ്രസ്ഥാന ഭദ്രാസന ഭാരവാഹികൾ ചുമതലയേറ്റിരിക്കുന്നു. പുതുതായി ചുമതലയേറ്റ എല്ലാ യുവജനപ്രസ്ഥാന യൂണിറ്റ് ചുമതലക്കാർക്കും ഭദ്രാസന കമ്മറ്റിയുടെ ആശംസകൾ. നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ 77-ാം മത് അന്തർദേശീയ ക്യാമ്പ് 2013 ഏപ്രിൽ 30 മുതൽ മെയ് 3 വരെ പാമ്പാക്കുട എം.റ്റി.എം. ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. "പരിശുദ്ധാത്മാവേ ഞങ്ങളെ പുതുക്കണമെ" എന്നതാണ് മുഖചിന്താവിഷയം. ഒരു യൂണിറ്റിൽ നിന്നും 2 അംഗങ്ങൾക്ക് പള്ളി ചെലവിൽ പങ്കെടുക്കാവുന്നതാണ്. പ്രതിനിധികൾക്ക് താമസസൗകര്യവും ഭക്ഷണവും ക്രമീകരിച്ചിട്ടുള്ളതാകുന്നു. ക്യാമ്പിൽ നമ്മുടെ ഭദ്രാസനത്തിലെ മുഴുവൻ യൂണിറ്റുകളും രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിൽ വികാരിയുടെ സാക്ഷ്യപത്രവും കൊണ്ടുപോകേണ്ടതാണ്.

| | | |
|---|---|---|
| യുവജന മാസിക രജിസ്ട്രേഷൻ | - | 100 രൂപ |
| യൂണിറ്റ് രജിസ്ട്രേഷൻ | - | 100 രൂപ |
| ക്യാമ്പ് രജിസ്ട്രേഷൻ (ഒരാൾക്ക്) | - | 300 രൂപ |

പുതിയ പ്രവർത്തനങ്ങൾ ആരംഭിച്ച് യുവമനസ്സുകളിൽ ഒരു ദിശാബോധം വളർത്തുന്നതിന് നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.

ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. മാത്യു ഏബ്രഹാമിന്റെ മാതാവ് ആലംബ്രതുണ്ടിയിൽ അന്നമ്മ ഏബ്രഹാമിന്റെ നിര്യാണത്തിൽ ഭദ്രാസന കമ്മിറ്റിയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

**ജോബിൻ കെ. ജോർജ്ജ്**

യുവജനപ്രസ്ഥാനം ഭദ്രാസന സെക്രട്ടറി

പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന

# പുണ്യപിതാക്കന്മാരുടെ ഓർമ്മപെരുന്നാളും

പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ

# ബഹുമാന നാമപ്രഖ്യാപനവും



## 2013 ഏപ്രിൽ 16, 17



*ആശംസകളോടെ,*

# ST. ANDREWS PAIN & PALIATIVE CARE CENTRE

**PUTHENCAVU**
0479 2452478, 9447304109

**Babu Alexander**

# HOME BUILDERS

**PUTHENCAVU**
Mob 9447304109

